പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

## (മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)

(2017 മാർച്ച് 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

## (മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)

(2017 മാർച്ച് 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

397/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| ആമുഖം | .. | ix |
| അദ്ധ്യായം I | സമിതിയുടെ നിരീക്ഷണങ്ങൾ .. | 1 |
| അദ്ധ്യായം II | സമിതിയുടെ ശിപാർശകൾ .. | 3 |
| അനുബന്ധം I | സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ .. | 7 |
| അനുബന്ധം II | സർക്കാർ സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടുകൾ .. | 32 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുല്ലക്കര രത്നാകരൻ.

<u>അംഗങ്ങൾ</u> :

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി നടത്തിയ ചർച്ചയുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും അതിൻപ്രകാരമുള്ള ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2017 മാർച്ച് 6-ന് കൂടിയ സമിതിയോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മാർച്ച് 6.

# ആമുഖം

കാലവും ലോകവും പ്രകൃതിയും അടയാളപ്പെടുത്തിയ കേരളത്തിലെ അപൂർവ്വ ജൈവ പാരിസ്ഥിതിക ഇടങ്ങളിലൊന്നാണ് മൂന്നാർ. മൂന്നാറിന്റെ വികസന, പരിപാലന പരിപ്രേക്ഷ്യം പതിവ് രൂപമാതൃകകളുടേതാകാൻ പാടില്ല. മൂന്നാറിന് അതിന്റെ തനത് ജൈവപാരിസ്ഥിതിക ഘടനയും പ്രാധാന്യവും ശരിയായി ഉൾക്കൊള്ളുന്നതും ഉൾപ്രേരണയായുള്ളതുമായ ഒരു ദർശനവും ഇടപെടലും അനിവാര്യമാണ്.

മൂന്നാറിന്റെ വികസന സംരക്ഷണ സമവാക്യങ്ങൾ കേവലം വിനോദസഞ്ചാരത്തിന്റെ പതിവ് രീതികളുടേതാകുന്നത് ആശങ്കാജനകവും അപകടകരവുമാണ്. കേരളത്തിനെ ദൈവത്തിന്റെ സ്വന്തം നാടാക്കുന്നത് ഈ നാടിന്റെ പ്രകൃതിയും അതിനോട് ചേർന്നുള്ള നന്മയാർന്ന മനസ്സുമാണ്. മൂന്നാർ പോലുള്ള പ്രദേശങ്ങൾ പ്രകൃതിയുടെ തിരുശേഷിപ്പുകളാണ്. അവ അപ്രകാരം പരിപാലിക്കപ്പെടേണ്ടതാണ്.

പരിസ്ഥിതി സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ട നയരൂപീകരണം, പദ്ധതി ആവിഷ്കരണം, പദ്ധതി നടത്തിപ്പ്, പ്രവർത്തന ഏകോപനം, വിലയിരുത്തൽ എന്നീ കാര്യങ്ങളിൽ നിലവിലെ സർക്കാർ സംവിധാനങ്ങളും നിലപാടുകളും ഫലപ്രദമല്ല എന്നതിന് ഉത്തമ സാക്ഷ്യമാണ് മൂന്നാർ. മറ്റു പലതിലുമെന്നപോലെ മൂന്നാറിന്റെ കാര്യത്തിലും പൊതുസമൂഹത്തിന്റേതായി ഉയർത്തപ്പെടുന്ന ശബ്ദങ്ങൾ പലപ്പോഴും നിക്ഷിപ്ത താൽപ്പര്യങ്ങളുടേതാണെന്നതും ഈ സമിതിയ്ക്ക് ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. മൂന്നാറിന്റെ കാര്യത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം എന്നത് പാർക്കുന്നവന്റേയും കൈവശക്കാരുടെയും ഇടപാടുകളുടേയും നിയമസാധുത നിലനിർത്തിക്കൊണ്ട് തന്നെ ഭൂമിയുടെ അവകാശികൾ എന്ന വിശാലമായ അർത്ഥവ്യാപ്തിയിലും ആഴത്തിലും കാണേണ്ടതാണ്.

## അദ്ധ്യായം I

## സമിതിയുടെ നിരീക്ഷണങ്ങൾ

ഇനിയും തിരുത്തിയില്ലെങ്കിൽ തിരുത്തലുകൾ അസാധ്യമാകുന്നവിധം ഗുരുതരമായ സ്ഥിതിയാണ് മൂന്നാറിലുള്ളത്. അനധികൃത കെട്ടിടനിർമ്മാണം, അശാസ്ത്രീയമായ വിനോദസഞ്ചാര പരിപാടികൾ, ജീവനാഡികളായ പുഴകളിലെ മാലിന്യ കൂമ്പാരങ്ങൾ, അനിയന്ത്രിതമായ നഗരവൽക്കരണം, വാഹനപ്പെരുപ്പം തുടങ്ങിയവ മൂന്നാറിന്റെ തനത് പരിസ്ഥിതിയെ എന്നന്നേയ്ക്കുമായി ഇല്ലാതാക്കുന്ന സ്ഥിതി വന്നു ചേർന്നിരിക്കുന്നു.

നിലവിലുള്ള സർക്കാർ സംവിധാനങ്ങളും നിയന്ത്രണ ചട്ടങ്ങളും മൂന്നാറിന്റെ പരിസ്ഥിതി സംരക്ഷണത്തിന് പര്യാപ്തമല്ലെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. വിവിധ വകുപ്പുകൾ വഴി നടന്നേക്കാവുന്ന ചെറിയ തിരുത്തലുകൾക്കോ മുഖം മിനുക്കലുകൾക്കോ ഉള്ള സമയം കഴിഞ്ഞു പോയിരിക്കുന്നു. വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിക്കുന്നതും വിദഗ്ധരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതും മൂന്നാറിന്റെ വികസന പരിപാലന നയരൂപീകരണത്തിലും നടപ്പിലാക്കലിലും പരിശോധനയിലും നിയമം വഴി അധികാരപ്പെടുത്തപ്പെട്ടതുമായ അതോറിറ്റി മൂന്നാറിനായി ഉണ്ടാകേണ്ടതാണ്. സമ്മർദ്ദവും സ്വാധീനവും കൊണ്ട് സർക്കാർ സംവിധാനങ്ങളെ അതിജീവിച്ച് ഇളവുകളും അനുമതികളും നേടിയെടുത്ത് മൂന്നാറിൽ നടത്തുന്ന കെട്ടിട നിർമ്മാണങ്ങളുടെ കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യമാണ്.

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പൊതു മാനദണ്ഡം ബാധകമാക്കുന്നത് ഉചിതമല്ലെന്ന് സമിതി വിലയിരുത്തുന്നു. മൂന്നാർ പോലുള്ള പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് അനുയോജ്യമായ സാങ്കേതികവിദ്യാ സഹായവും, അധിക ധനസഹായവും നൽകേണ്ടതുണ്ട്.

മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതി ആരാഞ്ഞിരുന്നു. എന്നാൽ പരിസ്ഥിതി, റവന്യൂ, കാർഷികവികസന-കർഷകക്ഷേമം, ടൗൺ & കൺട്രി പ്ലാനിംഗ് എന്നീ വകുപ്പുകളിൽനിന്നും മറുപടി ലഭിച്ചില്ല. മറുപടി നൽകിയതിൽ പല വകുപ്പുകളും ജോലി തീർക്കാൻ ഒരു മറുപടി എന്ന നിലയ്ക്കാണ് സമിതിയുടെ ആവശ്യത്തെ സമീപിച്ചത്. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്ന കാര്യത്തിലെ വകുപ്പുകളുടെ വിമുഖതയും വകുപ്പുകൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങളിലെ ആഴക്കുറവും ഈ സമിതിയ്ക്ക് ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. വകുപ്പുകൾ നൽകിയ മറുപടികൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേരളത്തിന് പൊതുവിൽ ബാധകമായ കെട്ടിടനിർമ്മാണ ചട്ടങ്ങൾ അതേപടി മൂന്നാറിനും ബാധകമാക്കുന്നത് തീർത്തും അശാസ്ത്രീയമാണ്. മൂന്നാറിനായി വളരെ കരുതലോടെയും ശാസ്ത്രീയമായും മേഖലാനിർണ്ണയം നടത്തി പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ

നടപ്പിലാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗര ഗ്രാമാസൂത്രണ വകുപ്പ് നൽകിയ ശിപാർശയിൽ സർക്കാർ അംഗീകാരം വൈകുന്നത് സർക്കാരിന്റെ വീഴ്ചയല്ലാതെ മറ്റൊന്നുമല്ലെന്ന് ഈ സമിതി വിലയിരുത്തുന്നു.

ശാസ്ത്രീയമായ പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും വിവരശേഖരണവും വിശകലനവും ഒഴിവാക്കാനാവാത്തതാണ്. വിനോദസഞ്ചാരം, കാലാവസ്ഥാവ്യതിയാനം, ഭൂമിയുടെ ഉടമസ്ഥാവകാശം, കെട്ടിടനിർമ്മാണങ്ങൾ തുടങ്ങിയ അടിസ്ഥാന മേഖലകളുടെ കാര്യത്തിൽ പോലും മൂന്നാറിന്റെ കാര്യത്തിൽ മതിയായ വിവരങ്ങൾ സർക്കാരിന്റെ കൈവശമില്ല.

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതും ജനാധിപത്യ സംവിധാനത്തിലെ അനിവാര്യവുമായ ഘടകമാണ് അതിവേഗം വളരുന്ന സാമൂഹ്യ മാധ്യമങ്ങളും സന്നദ്ധ സംഘടനകളും പഠന, ഗവേഷണ, നിരീക്ഷണ കൂട്ടങ്ങളും. പരിസ്ഥിതി സംരക്ഷണ പരിപാടികളിലും നയരൂപീകരണങ്ങളിലും ഈ ശബ്ദങ്ങൾക്കും ഇടപെടലുകൾക്കും പങ്കാളിത്തം നൽകേണ്ടതുണ്ട്. ഇത് മൂന്നാറിന്റെ കാര്യത്തിലും ഉണ്ടാകേണ്ടതുണ്ട്.

പാരിസ്ഥിതിക ഘടനയുടെ പരിവർത്തനവും കാലാവസ്ഥാ വ്യതിയാനവും വിവിധ തലത്തിലുള്ള പഠനങ്ങളും തിരുത്തൽ നടപടികൾ അനിവാര്യമാക്കുന്നു. ആരോഗ്യം, കൃഷി, വിനോദസഞ്ചാരം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ രംഗങ്ങളിലെല്ലാം പുതിയ നയരൂപീകരണം മൂന്നാറിന്റെ കാര്യത്തിൽ അവശ്യമാണ്. ഇതിനായി പരിഷ്കരിച്ച പരിസ്ഥിതി സൗഹൃദ മാസ്റ്റർ പ്ലാനുകൾ ആവശ്യമാണ്.

മൂന്നാറിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഉത്തരവാദിത്തം നിറവേറ്റുന്നതേയില്ല എന്നത് സമിതിയ്ക്ക് ചൂണ്ടിക്കാണിയ്ക്കേണ്ടതുണ്ട്. മൂന്നാറിന് അനുയോജ്യമായ മാലിന്യസംസ്കരണ സാങ്കേതികവിദ്യയോ സംവിധാനമോ പരിഗണിയ്ക്കപ്പെട്ടിട്ടില്ല. കെട്ടിടനിർമ്മാണം, പുഴകളുടേയും ജലാശയങ്ങളുടേയും സംരക്ഷണം എന്നിവയ്ക്കായി ശാസ്ത്രീയമായ കർമ്മപരിപാടികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിൽ ഒരു താല്പര്യവും മൂന്നാറിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാണിച്ചിട്ടില്ല

ജനം, വാഹനം, കെട്ടിടങ്ങൾ എന്നിവയുടെ പെരുപ്പം പരിഗണിയ്ക്കുമ്പോൾ, അവ മൂന്നാർ എന്ന പ്രദേശത്തിന്റെ സ്വാഭാവിക വാഹകശേഷിയുടെ പരിധിയ്ക്കും അപ്പുറമാണെന്ന് കാണാവുന്നതാണ്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ഭൂചലനം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളോ മറ്റ് അപകടങ്ങളോ ഉണ്ടായാൽ നിലവിലെ സ്ഥിതിയിൽ അതിന്റെ വ്യാപ്തിയും ദുരന്താനുഭവങ്ങളും വളരെ വലുതായിരിക്കും.

മൂന്നാറിന് മാത്രമായി ഒരു പരിസ്ഥിതി പരിപാലന നയം നിലവിലില്ല എന്നത് അത്യന്തം ആശങ്കാജനകമാണ്. ഉപാധിരഹിത പട്ടയം, നഗരവത്കരണ മാതൃകയിലുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവ ആവശ്യപ്പെട്ട് കടുത്ത ജനകീയ പ്രക്ഷോഭങ്ങൾ മൂന്നാറിലുണ്ടെന്നും ഇത്തരം പ്രക്ഷോഭങ്ങൾ മൂന്നാറിനായി ഒരു പരിസ്ഥിതി പരിപാലന നയം രൂപീകരിയ്ക്കുന്നതിനും നടപ്പാക്കുന്നതിനും തടസ്സമാണെന്നും സർക്കാർ സമിതിയുടെ

ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പൊതുജനത്തിന്റേതായി നടത്തപ്പെടുന്ന ചില പ്രക്ഷോഭങ്ങളെങ്കിലും ആസൂത്രണം ചെയ്യുന്നതും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും അവയുടെ ഗുണഫലം അനുഭവിക്കുന്നതും നിക്ഷിപ്തതാത്പര്യ കൂട്ടുകെട്ടുകളാണ്. മൂന്നാറിൽ സ്ഥിരതാമസമാക്കിയ സാധാരണക്കാരന്റെ ശബ്ദം മൂന്നാറിന്റെ പ്രകൃതിയ്ക്കും പരിസ്ഥിതിയ്ക്കും വേണ്ടിയുള്ളതാണെന്ന് സമിതിയ്ക്ക് ബോധ്യമായിട്ടുണ്ട്.

മൂന്നാറിന്റെ കാര്യത്തിൽ കാതലായ വിഷയം ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചാണ്. മൂന്നാറിലെ ഭൂരിഭാഗം പട്ടയങ്ങളും ഉപാധികളോടെ നൽകിയതാണെന്നും അവ ഉപാധികൾക്ക് വിരുദ്ധമായി കൈകാര്യം ചെയ്യപ്പെടുന്നു എന്ന് സമ്മതിക്കുമ്പോഴും തിരുത്തൽ ഇടപെടലുകൾക്ക് റവന്യൂ വകുപ്പ് വിമുഖത കാണിക്കുന്നു. നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും ഉപയോഗിച്ച് നടത്താവുന്ന നിയന്ത്രണങ്ങൾക്ക് പോലും റവന്യൂ അധികാരികൾ തയ്യാറാവുന്നില്ല.

പ്രധാന പാതകളിലെ നിരീക്ഷണ ക്യാമറകൾ, യാത്രാസമയം, വാഹനങ്ങളുടെ എണ്ണം എന്നിവയുടെ ക്രമീകരണം, പ്രവേശന കവാട സ്ഥലത്തെ പരിശോധന തുടങ്ങിയ പ്രാഥമിക കാര്യങ്ങളിൽപോലും മൂന്നാറിലെ ഭരണസംവിധാനം കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടില്ല.

## അദ്ധ്യായം II

## ശിപാർശകൾ

1. മൂന്നാറിന്റെ ജൈവ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനും അതിനനുസൃതമായി മാത്രമേ കെട്ടിടനിർമ്മാണം, ഭൂവിനിയോഗം, വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ അനുമതി, വിനോദസഞ്ചാര വികസന പരിപാടികൾ തുടങ്ങിയവ നിർവ്വഹിക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനുമായി മൂന്നാറിനായി ഒരു പരിസ്ഥിതി പരിപാലന വികസന അതോറിറ്റി ആറുമാസത്തിനകം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതുവരെ മൂന്നാറിലെ ഗാർഹികേതര ആവശ്യങ്ങൾക്കുള്ള സ്ഥിരമോ താൽക്കാലികമോ ആയ എല്ലാവിധ കെട്ടിട നിർമ്മാണങ്ങളും ഉടൻ നിർത്തിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രതിനിധികളോടൊപ്പം പ്രസ്തുത അതോറിറ്റിയിൽ പരിസ്ഥിതി-കാലാവസ്ഥ സ്ഥാപനങ്ങൾ/ സംഘടനാ പ്രതിനിധികൾ, പരിസ്ഥിതി ശാസ്ത്ര വിദഗ്ധർ തുടങ്ങിയവരും അംഗങ്ങളാകേണ്ടതാണ്.

4. പ്രസ്തുത അതോറിറ്റി രൂപീകരിച്ചുകൊണ്ടുള്ള നിയമം നിലവിൽ വന്ന് ഒരു മാസത്തിനകം ബന്ധപ്പെട്ട ചട്ടങ്ങൾ പുറപ്പെടുവിയ്ക്കേണ്ടതാണ്.

5. സംസ്ഥാനത്തിന് മുഴുവൻ ബാധകമായ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ അതേപടി മൂന്നാറിന് ബാധകമാക്കുന്നത് തീർത്തും അപകടകരവും അശാസ്ത്രീയവുമായതിനാൽ മൂന്നാറിനെ പ്രത്യേക സോണുകളായി തിരിച്ച് പ്രത്യേകമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. മൂന്നാറിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കാലാവസ്ഥ, ജൈവ പാരിസ്ഥിതിക സവിശേഷതകൾ എന്നിവ കണക്കിലെടുത്ത് അനുയോജ്യമായ മാലിന്യ നിർമ്മാർജ്ജന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. മൂന്നാറിലെ നിലവിലുള്ള അതീവ ഗുരുതരമായ മാലിന്യ പ്രശ്നങ്ങൾ പരിഗണിച്ച് മൂന്നാർ ഉൾപ്പെടുന്ന പഞ്ചായത്തുകൾക്കുവേണ്ടി മാലിന്യ നിർമ്മാർജ്ജന പരിപാടികൾക്കായി അധിക ധനസഹായവും പാക്കേജും നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. വ്യവസ്ഥകൾക്കു വിധേയമായി നൽകിയിരിക്കുന്ന പട്ടയഭൂമി ഗാർഹിക ആവശ്യങ്ങൾക്കുള്ളത് ഒഴികെ, വ്യവസ്ഥകൾക്കു വിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത്തരം പട്ടയങ്ങൾ ഉടൻ റദ്ദു ചെയ്യണമെന്നും ഭൂമി തിരിച്ചെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. ഒരു പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷത കണക്കിലെടുത്ത് അപകടകരമായി നിലനിൽക്കുന്ന കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിന് റവന്യൂ അധികാരികൾക്ക് നിലവിൽ ലഭ്യമായ അധികാരം ഉപയോഗിച്ച് മൂന്നാറിന്റെ ജൈവ പാരിസ്ഥിതിക സവിശേഷതകൾ പ്രകാരം അനുവദനീയമല്ലാത്ത ഉയരമുള്ള എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെയും നിർമ്മാണവും പ്രവർത്തനവും ഉടൻ നിർത്തിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. മൂന്നാറിന്റെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് അപകടകരമായേക്കാവുന്ന ഗാർഹികേതര നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. മൂന്നാറിനായി സ്റ്റേറ്റ് എൻവയോൺമെന്റ് പോളിസിയുടെ ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് മൂന്നാറിന്റെ പാരിസ്ഥിതിക ഘടനയും, സവിശേഷതകളും കണക്കിലെടുത്ത് മൂന്നാറിന് മാത്രമായി ഒരു പരിസ്ഥിതി പരിപാലന നയം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. മൂന്നാറിലെ കൃഷി രീതി, വളം, കീടനാശിനി എന്നിവയുടെ ഉപയോഗം എന്നിവ ഉൾപ്പെടെ എല്ലാ കാർഷിക പ്രവർത്തനങ്ങളും പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി വ്യക്തവും ശാസ്ത്രീയവുമായ മാർഗ്ഗനിർദ്ദേശങ്ങളോടെ ഒരു മൂന്നാർ മാതൃക ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. മൂന്നാറിലെ സ്ഥിതിവിവരക്കണക്കുകൾ ഭാവിയിലെ ആസൂത്രണത്തിന് ഉപകരിക്കും വിധം മൂന്നാറിലെ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ദേശീയ തലത്തിലുള്ള ഒരു സ്ഥാപനം വഴി സമഗ്രമായ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. മറ്റു വിനോദസഞ്ചാര കേന്ദ്രങ്ങളിൽനിന്നും വ്യത്യസ്തമായി മൂന്നാറിനായുള്ള വിനോദസഞ്ചാര വകുപ്പിന്റെ പ്രചാരണ, വിവര വിനിമയ പരിപാടികൾ പരിസ്ഥിതി സൗഹൃദ പ്രോട്ടോക്കോൾ പ്രകാരമുള്ളതായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. വിവിധ വകുപ്പുകൾ വഴി മൂന്നാറിൽ നടപ്പിലാക്കുന്ന പരിപാടികളുടെ കാര്യത്തിൽ ഓരോന്നിലും അതതു മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ വിദ്യാർത്ഥികൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവർകൂടി അംഗങ്ങളായ സമിതി വഴി സോഷ്യൽ ആഡിറ്റ് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. മൂന്നാറിലെ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും നിലവിലുള്ള ആശങ്കാജനകമായ സ്ഥിതിയും കണക്കിലെടുത്ത് മലിനീകരണ നിയന്ത്രണം, വാഹന നിയന്ത്രണം എന്നിവ സംബന്ധിച്ച്, ഇളവുകൾ അനുവദിക്കാത്തതും കർശനവുമായ വ്യവസ്ഥകൾ മൂന്നാറിന് ബാധകമാക്കണം. കേരളത്തിലെ മറ്റിടങ്ങൾക്ക് ബാധകമായതിൽ നിന്നും വ്യത്യസ്തമായ കടുത്ത ശിക്ഷകളും പിഴയുടെ നിരക്കും മലിനീകരണത്തിന്റെ കാര്യത്തിൽ മൂന്നാറിന് ബാധകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന യൂക്കാലിപ്റ്റസ് അധിഷ്ഠിത വ്യവസായങ്ങൾക്കു വേണ്ടിയെന്ന പേരിൽ വൻതോതിൽ മൂന്നാറിൽ യൂക്കാലിപ്റ്റസ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് മൂന്നാറിന്റെ പരിസ്ഥിതിയ്ക്ക് അപകടകരമാണ്. ആയതിനാൽ മൂന്നാറിൽ പുതിയതായി യൂക്കാലിപ്റ്റസ് പ്ലാന്റേഷനുകൾ സ്ഥാപിക്കുന്നത് അടിയന്തരമായി നിരോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. പ്രകൃതി സൗന്ദര്യത്തിന്റെയും തനത് ആവാസ വ്യവസ്ഥകളുടെയും നിറകുടമായ മൂന്നാറിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫലപ്രദമായ രീതിയിലുള്ള ദൃശ്യ-ശ്രവ്യ-മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം പൊതുസമൂഹത്തിൽ നടത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു.

19. മൂന്നാറിന്റെ പരിസ്ഥിതി പ്രാധാന്യം പരിഗണിച്ച് മൂന്നാറിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രീൻ ബജറ്റിംഗ് അടിസ്ഥാനമാക്കി പദ്ധതി രേഖ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അനുബന്ധം.—

1. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ
2. സർക്കാർ സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടുകൾ

തിരുവനന്തപുരം,
2017 മാർച്ച് 6.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

## അനുബന്ധം I (a)

## പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)

### 16-11-2016-ൽ സമിതി മൂന്നാറിൽ ചേർന്ന തെളിവെടുപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19), 2016 നവംബർ മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് മൂന്നാർ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് യോഗം ചേരുകയുണ്ടായി. സമിതി ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അനിൽ അക്കര, എം.എൽ.എ.
2. ശ്രീ. കെ. ബാബു, ,,
3. ശ്രീ. പി. ടി. എ. റഹീം, ,,
4. ശ്രീ. കെ. വി. വിജയദാസ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജി.ആർ. ഗോകുൽ, ജില്ലാ കളക്ടർ, ഇടുക്കി.
2. ശ്രീ. ഡി. ബാലമുരളി, അഡീഷണൽ ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. എസ്. നരേന്ദ്ര ബാബു. ഡി.എഫ്.ഒ., മൂന്നാർ
4. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, സബ് കളക്ടർ, ദേവികുളം.
5. ശ്രീമതി കെ. സരസ്വതി അമ്മ, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
6. ശ്രീ. ആർ. പ്രഫുല്ലവിക്രമൻ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
7. ഡോ. പി.ആർ. രേഖ, ജില്ലാ മെഡിക്കൽ ഓഫീസർ, ഇടുക്കി
8. ശ്രീ. പത്മകുമാർ. കെ.കെ, വിനോദസഞ്ചാര വകുപ്പ് ഉപഡയറക്ടർ, ഇടുക്കി
9. ശ്രീ. എം.എ. ബൈജു, എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഇടുക്കി.
10. ശ്രീ. ജോസ് ജെയിംസ്, ഡയറക്ടർ-ഇൻ-ചാർജ്ജ്, ഭൂജല വകുപ്പ്, തിരുവനന്തപുരം.

11. ശ്രീ. സാജൻ. വി. കുര്യാക്കോസ്, തഹസിൽദാർ, ദേവികുളം.

12. ഡോ. അജയകൃഷ്ണൻ. കെ, എൻവയോൺമെന്റൽ സയന്റിസ്റ്റ്, പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ്, തിരുവനന്തപുരം.

13. ശ്രീ. സുരേഷ് കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഇറിഗേഷൻ വകുപ്പ്.

14. ഡോ. വിനയൻ. വി.ബി, ഹൈഡ്രോജിയോളജിസ്റ്റ്, ഭൂജല വകുപ്പ്

15. ശ്രീ. വി.വി. ശിവരാമൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

16. ശ്രീ. എ.പി. ഫ്രാൻസിസ്, സെക്രട്ടറി, മൂന്നാർ ഗ്രാമ പഞ്ചായത്ത്

17. ശ്രീ. സാം ജോസ്, പോലീസ് സർക്കിൾ ഇൻസ്പെക്ടർ, മൂന്നാർ.

18. ശ്രീ. പി.എൻ. ബിജു, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.എൽ., പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം, മൂന്നാർ.

19. ശ്രീ. പ്രസാദ്. ജി, വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ

<u>ഹർജിക്കാർ</u>

1. ശ്രീ. എം. സെൽവരാജ്, സി.പി.ഐ. മൂന്നാർ ലോക്കൽ കമ്മിറ്റി സെക്രട്ടറി.
2. ശ്രീമതി സുധ ഷൺമുഖരാജ്, ലക്ഷ്മി കോളനി, മൂന്നാർ
3. ശ്രീമതി മുത്തുലക്ഷ്മി, ലക്ഷ്മി കോളനി, മൂന്നാർ
4. ശ്രീ ചാണ്ടിക്കുഞ്ഞ്, അടിമാലി.

തദവസരത്തിൽ ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ, ശ്രീ. എ.കെ. മണി, എക്സ് എം.എൽ.എ., കണ്ണൻ ദേവൻ കമ്പനി മാനേജർ ശ്രീ. പ്രിൻസ് തോമസ് എന്നിവരും 50 ഓളം പൊതുജനങ്ങളും പങ്കെടുത്തിരുന്നു.

യോഗത്തിൽ ഇടുക്കി ജില്ലാ കളക്ടർ യോഗത്തിന് എത്തിച്ചേർന്ന എല്ലാ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും സ്വാഗതം ആശംസിച്ചു. ലോകത്തിലെ തന്നെ വളരെ ജൈവവൈവിധ്യമുള്ള ഒരു പ്രദേശമാണ് മൂന്നാർ എന്നും ഇവിടുത്തെ പരിസ്ഥിതിയുടെയും ജീവജാലങ്ങളുടെയും സംരക്ഷണം മൂന്നാറിലെ ജനങ്ങളുടെ കൂടി ഉത്തരവാദിത്തമാണെന്നും കളക്ടർ അഭിപ്രായപ്പെട്ടു. മൂന്നാറിന്റെ നിലവിലുള്ള സാഹചര്യം എന്താണെന്ന് പരിശോധിക്കുന്നതിനാണ് സമിതി തെളിവെടുപ്പ് നടത്തുന്നത് എന്നും ജില്ലാകളക്ടർ സൂചിപ്പിച്ചു. തുടർന്ന് മൂന്നാറുമായി ബന്ധപ്പെട്ട് സമിതിയ്ക്ക് ലഭിച്ച പരാതികൾ സംബന്ധിച്ച് യഥാർത്ഥ വസ്തുത മനസ്സിലാക്കാൻ സമിതി ആഗ്രഹിക്കുന്നു എന്ന് ബഹു. സമിതി ചെയർമാൻ അറിയിച്ചു.

ലഭിച്ച പരാതികൾ പരിശോധിച്ചപ്പോൾ ഒരു തെളിവെടുപ്പ് നടത്തേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കിയതിനാലാണ് സമിതിയുടെ ആദ്യത്തെ തെളിവെടുപ്പ് യോഗം മൂന്നാറിൽത്തന്നെ ചേരാൻ തീരുമാനിച്ചത് എന്നും പഴയ മൂന്നാർ എന്നത് കളക്ടർ

സൂചിപ്പിച്ചതുപോലെ കാണാൻ മനോഹരമായതും പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ടതുമായ ഇന്ത്യയിലെ അപൂർവ്വം പ്രദേശങ്ങളിൽ ഒന്നായിരുന്നു എന്നും തെക്കൻ കാശ്മീർ എന്ന് പറയാവുന്ന വളരെ പ്രത്യേകതകളുള്ള സ്ഥലമായിരുന്നു എന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. മൂന്നാറിനെക്കുറിച്ച് ആർക്കെങ്കിലും പുതിയതായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് രേഖാമൂലം നൽകിയാൽ മാത്രമേ സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്താനും അതിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കാനും സാധിക്കുകയുള്ളൂ എന്നും സമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും പല ആശയങ്ങളും കൈമാറുന്നതിനാണ് തെളിവെടുപ്പ് യോഗം ചേരുന്നത് എന്നും ചെയർമാൻ സൂചിപ്പിച്ചു. ലോകത്തൊട്ടാകെ കാലാവസ്ഥ മാറുന്നതിന്റെ പ്രധാന കാരണക്കാരൻ മനുഷ്യനാണ് എന്നും മൂന്നാറിലും അതിന് കാരണക്കാരൻ മനുഷ്യനാണെന്നാണ് ഇവിടെ നിന്ന് ലഭിച്ച പരാതികളുടെ ചുരുക്കമെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. മൂന്നാറിന്റെ ജൈവവൈവിധ്യം, ജലസ്രോതസ്സുകൾ, മാലിന്യസംസ്കരണം, കൃഷിക്ക് ഉപയോഗിക്കുന്ന രാസവളങ്ങളെ സംബന്ധിച്ചും മൂന്നാറിലും പരിസരപ്രദേശങ്ങളിലും നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ സമിതിക്ക് വ്യക്തമായ മറുപടി നൽകണം എന്ന് സമിതി നിർദ്ദേശിച്ചു. മൂന്നാറിലെ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ചാണ് ശക്തമായ പരാതികൾ ഉയർന്നുവരുന്നത് എന്നും മൂന്നാറിൽ പ്രധാനമായും കാഴ്ചകൾ മാത്രമല്ല, മൂന്നാറിൽ വരുമ്പോൾ മനുഷ്യരുടെ ശരീരവും മനസ്സുമെല്ലാം കാലാവസ്ഥയുടെ പ്രത്യേകതകൊണ്ട് വേറൊരു തരത്തിൽ രൂപം പ്രാപിക്കുകയും മാറ്റം വരുകയും ചെയ്യുന്നുവെന്നും അങ്ങനെയുള്ള അപൂർവ്വം പ്രദേശങ്ങൾ മാത്രമേ ലോകത്തുള്ളൂവെന്നും പഴയ കാലത്ത് മൂന്നാറിൽ വന്ന് രണ്ട് ദിവസം താമസിച്ചുപോയാൽ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ മാറുന്ന ഒരവസ്ഥയുണ്ടായിരുന്നുവെന്നും എന്നാൽ ഇന്ന് തിരിച്ചാണ് സാഹചര്യമെന്നുമുള്ള പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിന്റെ കാരണങ്ങൾ എന്താണെന്ന് ഡി.എം.ഒ വിശദീകരിക്കണമെന്നും പരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെ എഴുതിക്കിട്ടിയ ഇത്തരം പരാതികളെ സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായകമായ വിധത്തിൽ എല്ലാ വകുപ്പ് ഉദ്യോഗസ്ഥരും വിശദമായ മറുപടി നൽകേണ്ടതാണ് എന്നും സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു.

മൂന്നാറിലെ പൊതുവായ പ്രശ്നം വേസ്റ്റ് മാനേജ്മെന്റാണ് എന്നും ഇവിടെയുള്ള സ്ഥാപനങ്ങൾക്ക് ഇവിടെത്തന്നെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പ്ലാൻ ഉണ്ടാക്കിയിട്ടില്ല എന്നും മൂന്നാർ, ദേവികുളം, ചിന്നക്കനാൽ എന്നീ മൂന്ന് പഞ്ചായത്തുകളുമായി ബന്ധപ്പെട്ടാണ് ടൂറിസം നിലനിൽക്കുന്നതെന്നും ജില്ലാ കളക്ടർ പറഞ്ഞു. നല്ലതണ്ണിയിലും ചിന്നക്കനാലിലുമാണ് മൂന്നാറിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതെന്നും രണ്ടിടത്തും പരിമിതമായ സൗകര്യമേയുള്ളൂവെന്നും മൂന്നാറിൽ ഒരു ദിവസം ഒരു ടണ്ണിലധികം മാലിന്യങ്ങൾ ഉണ്ടാകുന്നുവെന്നും മൂന്ന് പഞ്ചായത്തുകൾക്കുകൂടി ഒരു വേസ്റ്റ് മാനേജ്മെന്റ് ഉണ്ടാക്കിയാൽ മാത്രമേ കൃത്യമായി അത് മാനേജ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും

ദേവികുളത്തും ചിന്നക്കനാലിലും അതിനുള്ള സൗകര്യമില്ലെന്നും മൂന്നാർ പഞ്ചായത്തിൽ മാത്രമാണ് അതിനുള്ള ഭൂമിയുള്ളതെന്നും ഇപ്പോൾ മൂന്നാർ പഞ്ചായത്തിലെ മാലിന്യങ്ങൾ നല്ലതണ്ണി നദി തുടങ്ങുന്നിടത്ത് ഡമ്പ് ചെയ്യുകയാണെന്നും സയിന്റിഫിക്കായുള്ള ലാന്റ് ഫില്ലിംഗ് ഇവിടെ നടക്കാത്തതുകൊണ്ട് നല്ലതണ്ണി പുഴ മലിനമാകാനുള്ള സാഹചര്യം ഉണ്ടെന്നും മൂന്ന് പഞ്ചായത്തുകളും ഒരുമിച്ച് ചേർന്ന് സയന്റിഫിക് വേസ്റ്റ് മാനേജ്മെന്റ് പ്ലാനും സയന്റിഫിക്ക് ലാന്റ് ഫില്ലിംഗ് പ്ലാനും ചെയ്താൽ മൂന്നാർ ടൗണിലെ മുഴുവൻ മാലിന്യങ്ങളും അവിടെത്തന്നെ നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമെന്നും ജില്ലാ കളക്ടർ പറഞ്ഞു. മൂന്നാറിൽ നിലവിലുള്ളത് എൽ.എ. റൂൾസ് പ്രകാരം കൊടുത്ത പട്ടയങ്ങളാണ്. പട്ടയത്തിലെ നിബന്ധനപ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ പാടില്ല. എന്നാൽ ധാരാളം നിർമ്മാണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടാതെയും ചട്ടങ്ങൾ മറികടന്നുകൊണ്ടും നടക്കുന്നുണ്ട്. ഇവിടെ നടത്താവുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുള്ള കാര്യങ്ങളെക്കുറിച്ചും ഇതുവരെ ഒരു പഠനവും നടന്നിട്ടില്ല. മൂന്നാറിന് മാത്രമായി ഒരു ബിൽഡിംഗ് റൂൾസില്ല. എറണാകുളത്തും തിരുവനന്തപുരത്തുമുള്ള അതേ ബിൽഡിംഗ് റൂൾസ് തന്നെയാണ് മൂന്നാറിലുള്ളത്. ബിൽഡിംഗ് റൂൾസിന്റെ കാര്യത്തിൽ മൂന്നാറിൽ യാതൊരു നിയന്ത്രണങ്ങളുമില്ല. എൽ.എ. റൂൾസിലെ വ്യവസ്ഥകൾ മാത്രമാണ് ആകെയുള്ള നിയന്ത്രണം. അവധി ദിവസങ്ങളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടപെടാൻ റവന്യൂ വകുപ്പിനും പോലീസ് വകുപ്പിനും സ്റ്റാഫിന്റെ പരിമിതിമൂലം കഴിയുന്നില്ലെന്നും കളക്ടർ വിശദീകരിച്ചു.

മൂന്നാറിനോട് അടുത്തുള്ള താലൂക്ക് ആശുപത്രി അടിമാലിയിലാണുള്ളത്. മറയൂർ, കാന്തല്ലൂർ, വട്ടവട തുടങ്ങിയ സ്ഥലങ്ങളിലുള്ളവർ 2-3 മണിക്കൂർ യാത്ര ചെയ്താണ് അവിടെ എത്തുന്നത്. ഇടുക്കി ജില്ലയ്ക്ക് ഒരു ഹെൽത്ത് പ്ലാൻ ഉണ്ടാകണമെന്നുള്ള ഒരു ശിപാർശ സമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായാൽ നല്ലതായിരിക്കും എന്നും കളക്ടർ പറഞ്ഞു.

വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറും സബ് കളക്ടറും ഉൾപ്പെടെയുള്ളവരുടെ യോഗം ചേർന്നിരുന്നുവെന്നും വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയില്ലെന്നും പ്രസ്തുത യോഗത്തിൽ അവർ അറിയിച്ചതായും അവരുടെ തീരുമാനം അനുകൂലമായാൽ വേസ്റ്റ് മാനേജ്മെന്റ്, സഹകരണ സംഘങ്ങളും സർക്കാരിതര സംഘടനകളും ഏറ്റെടുത്ത് നടത്താമെന്ന ഒരു യോജിച്ച അഭിപ്രായം ഉരുത്തിരിഞ്ഞിട്ടുണ്ടെന്നും സ്ഥലം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ അറിയിച്ചു.

മൂന്നാറിലെ നാൽപതിനായിരത്തിലധികം ആളുകൾ തോട്ടം മേഖലയുമായി ബന്ധപ്പെട്ടുള്ളവരാണെന്നും ഇപ്പോൾ അവർക്ക് തൊഴിലില്ലാത്ത സാഹചര്യത്തിൽ മൂന്നാർ പട്ടണവുമായി ബന്ധപ്പെട്ട ടൂറിസമാണ് പ്രധാന വരുമാന മാർഗ്ഗം എന്നും എൽ.എ. പട്ടയമാണെന്ന വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സാഹചര്യത്തിൽ തകരാറുണ്ടാക്കുന്ന നിലപാടും സമീപനവും കോടതിയും ഉദ്യോഗസ്ഥരും സ്വീകരിക്കുന്നതിൽ

യോജിക്കാനാവില്ല എന്നും പരിസ്ഥിതിക്കും പ്രകൃതിക്കും കോട്ടം തട്ടാതെതന്നെ അവയെല്ലാം സംരക്ഷിച്ച് നിയമപരമായി വേണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത് എന്നും യൂക്കാലിപ്റ്റസ് മരങ്ങൾ പ്രകൃതിക്ക് ദോഷകരമാണെന്ന് കോടതിയും പരിസ്ഥിതി സംഘടനകളും അഭിപ്രായപ്പെട്ടപ്പോൾ പിന്നെന്തിനാണ് അത് നിലനിർത്തേണ്ടതിന്റെ ആവശ്യമെന്നും നിയമപരമായി ചെയ്യേണ്ട കാര്യങ്ങൾ കാലതാമസമില്ലാതെ ചെയ്യണമെന്നും കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കളക്ടർ പറഞ്ഞ കാര്യങ്ങളിൽ യോജിപ്പാണെങ്കിലും കീഴുദ്യോഗസ്ഥരുടെ കാര്യത്തിൽ യോജിപ്പില്ല എന്നും സ്ഥലം എം.എൽ.എ അഭിപ്രായപ്പെട്ടു.

ടാറ്റാ റ്റീ കമ്പനിയുടെ ആശുപത്രിയാണ് മൂന്നാറിലെ എല്ലാ ജനങ്ങളുടെയും ആശ്രയം എന്നും ഇവിടെ ഒരു ആശുപത്രി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് നിവേദനം നൽകിയിരുന്നുവെങ്കിലും സ്ഥലത്തിന്റെ പ്രശ്നമുണ്ടെന്നും അക്കാര്യത്തിൽ സർക്കാർ മുൻകൈ എടുക്കണമെന്നും സ്ഥലം എം.എൽ.എ. പറഞ്ഞു. മൂന്നാറിലേക്കുള്ള യാത്രാക്ലേശം രൂക്ഷമാണെന്നും മനോഹരമായ ഈ സ്ഥലത്തിന്റെ തനത് ഭംഗി നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നും കളക്ടറുടെ താൽപര്യപ്രകാരം ടൂറിസം വകുപ്പിനെ ഏൽപ്പിച്ചിരുന്ന ചില നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ട് എന്നും ഇവിടെയുള്ള സുഗന്ധദ്രവ്യങ്ങൾ നിലനിർത്തിക്കൊണ്ടുവേണം ടൂറിസം മുന്നോട്ടുപോകേണ്ടത് എന്നും സമിതിയുടെ ഈ സന്ദർശനം മൂന്നാറിന് ഒരു അനുഗ്രഹമായി മാറട്ടേയെന്ന് ആശംസിക്കുന്നു എന്നും പുതിയ നിയമനിർമ്മാണത്തിലൂടെ മാത്രമേ മൂന്നാറിനെ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ എന്നും സ്ഥലം എം.എൽ.എ പറഞ്ഞു. തുടർന്ന് സമിതി ചെയർമാൻ വകുപ്പുതല ഉദ്യോഗസ്ഥരുടെ അഭിപ്രായം ആരാഞ്ഞു.

എല്ലാ സർക്കാർ വകുപ്പുകളും കൂടി ശ്രമിച്ചാൽ മൂന്നാറിനെയും അതിന് അടുത്തുള്ള പഞ്ചായത്തുകളെയും പ്ലാസ്റ്റിക് രഹിത മേഖലയാക്കുന്നതിന് തടസ്സം വല്ലതും ഉണ്ടാകുമോ എന്ന് സമിതി ചെയർമാൻ ആരാഞ്ഞു. പ്ലാസ്റ്റിക് വേണ്ടെന്ന് എല്ലാവരും തീരുമാനിക്കുകയാണ് വേണ്ടത് എന്നും പഞ്ചായത്തുകൾ അങ്ങനെ തീരുമാനിച്ചിട്ടുണ്ടെങ്കിലും നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ല എന്നും അടിമാലിയിലും കഞ്ഞിക്കുഴിയിലും മാലിന്യ നിർമ്മാർജ്ജന സൗകര്യം ഇല്ലാത്തതുകൊണ്ട് ഫോറസ്റ്റ് ഏരിയയിൽ തള്ളുന്ന വേസ്റ്റാണ് പ്രധാന പ്രശ്നം എന്നും മൂന്നാർ ഡി.എഫ്.ഒ അഭിപ്രായപ്പെട്ടു.

ജലം തരുന്നവയും ജലം വലിച്ചെടുക്കുന്നവയും എന്ന് മരങ്ങൾ രണ്ട് തരത്തിൽ ഉണ്ടെന്നും ജലം അമിതമായി വലിച്ചെടുക്കുന്ന യൂക്കാലിപ്റ്റസ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്തിനാണ് അനുവാദം നൽകുന്നത് എന്ന് ആരായുകയും ഒരു പ്രദേശത്തിന്റെ ജൈവവൈവിധ്യം നിലനിർത്തുന്നതിന് തടസ്സമായാണ് ഇത്തരം മരങ്ങൾ എന്നും ചില മരങ്ങൾ ജന്തുജീവ സമൂഹത്തെ നിലനിർത്തുന്നതിന് സഹായകമാണ് എന്നും ചെയർമാൻ അഭിപ്രായപ്പെടുകയും ചെയ്തു.

എന്തിനാണ് യൂക്കാലിപ്റ്റസ് മരങ്ങൾ വച്ചുപിടിപ്പിക്കാൻ അനുവദിക്കുന്നതെന്നുള്ള സമിതി ചെയർമാന്റെ ചോദ്യത്തിന് 1988-ലെ National Forest Policy-ൽ ഓരോരുത്തരും അവരവരുടെ പ്ലാന്റേഷൻ രജിസ്റ്റർ ചെയ്യണമെന്ന് പറയുന്നുണ്ട് എന്ന് ഡി.എഫ്.ഒ. പറഞ്ഞു. യൂക്കാലിപ്റ്റസ് മരങ്ങൾ വച്ചുപിടിപ്പിച്ച കാലത്തുള്ളതോ അതിന് 10 വർഷം മുമ്പുള്ളതോ ആയ കാഴ്ചപ്പാടല്ല കാലാവസ്ഥയെയും വനത്തെയും ജലത്തെയും കുറിച്ചുള്ളതെന്നും ജൈവവൈവിധ്യത്തിന്റെയും കാലാവസ്ഥയുടെയും നന്മയുടെയും ആകെത്തുകയായ ഒരു പ്രദേശത്ത് അങ്ങനെയുള്ള കൃഷി വേണ്ടെന്ന് വച്ചാൽ പോരായിരുന്നോ എന്നും അതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഒരു നിർദ്ദേശം വയ്ക്കാൻ സാധിക്കില്ലേ എന്നുമുള്ള ചെയർമാന്റെ ചോദ്യത്തിന് മരം മുറിക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ട് എന്ന് ഡി.എഫ്.ഒ. അറിയിച്ചു.

പ്രകൃതിക്ക് ഹാനികരമാകുന്ന യൂക്കാലിപ്റ്റസ് മരങ്ങൾ വച്ചുപിടിപ്പിക്കാൻ പാടില്ലെന്നും അത്തരം മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് നൽകാൻ വനം വകുപ്പിന് സാധിക്കില്ലേ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് അങ്ങനെയൊരു പ്രൊപ്പോസൽ കൊടുക്കുന്നതിന് തടസങ്ങളൊന്നുമില്ല എന്ന് ഡി.എഫ്.ഒ. മറുപടി പറഞ്ഞു.

യൂക്കാലിപ്റ്റസിനെ സംബന്ധിച്ച് ചെയർമാൻ സൂചിപ്പിച്ചത് സമിതിയുടെ മാത്രം അഭിപ്രായമല്ല എന്നും അത് ലോകത്താകമാനം ഉണ്ടായിട്ടുള്ള അഭിപ്രായമാണ് എന്നും മൂന്നാർ ഏരിയയിൽ യൂക്കാലിപ്റ്റസ് വയ്ക്കണമെന്ന് വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് വകുപ്പ് അങ്ങനെ തീരുമാനിച്ചിട്ടില്ല എന്നും ഡി.എഫ്.ഒ. മറുപടി പറഞ്ഞു.

ദേവികുളം പഞ്ചായത്തിൽ ഏകദേശം 1000 ഹെക്ടറോളം സ്ഥലത്ത് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിച്ചിരിക്കുന്നത് വനം വകുപ്പിന്റെ അനുവാദമില്ലാതെയാണെന്നും സൈലന്റ്‌വാലി, അരുവിക്കാട് മേഖലയിലും യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിക്കുന്നത് അവസാനിപ്പിക്കാൻ സർക്കാർ തയ്യാറാകണമെന്നും സ്ഥലം എം.എൽ.എ. അഭിപ്രായപ്പെട്ടു.

ജലാംശം കൂടുതൽ വലിച്ചെടുക്കുന്നതും പ്രകൃതിക്ക് ഇണങ്ങാത്തതുമെന്നുമുള്ള നിലയിൽ യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിക്കാൻ വനം വകുപ്പ് നേതൃത്വം കൊടുക്കരുത് എന്നും അങ്ങനെയൊരു തീരുമാനം വനം വകുപ്പ് എടുക്കണം എന്നും മൂന്നാറിൽ ഇപ്പോഴും യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിക്കുന്നുവെന്നാണ് സ്ഥലം എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത് എന്നും ആയത് സംബന്ധിച്ച് വനം വകുപ്പിന്റെ തീരുമാനം എന്താണെന്നും സമിതി ആരാഞ്ഞു. യൂക്കാലിപ്റ്റസ് വച്ചു പിടിപ്പിക്കണമെന്ന തീരുമാനമൊന്നും വനം വകുപ്പിനില്ല എന്ന് ഡി.എഫ്.ഒ വ്യക്തമാക്കി.

വനത്തിലൂടെയുള്ള നീരൊഴുക്ക് കൂട്ടുന്നതിനാവശ്യമായ വനവൽക്കരണം നടത്താനുള്ള പദ്ധതിയുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ചോലകളും നീരൊഴുക്കുകളും സംരക്ഷിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് എന്ന് ഡി.എഫ്.ഒ. മറുപടി പറഞ്ഞു.

സമിതി സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് മൂന്നാറിലെ ചോലയിലെയും തോടുകളിലെയും നീരൊഴുക്ക് എത്ര ശതമാനം കുറഞ്ഞിട്ടുണ്ട് എന്നത് സംബന്ധിച്ചുള്ള ഒരു പഠന റിപ്പോർട്ട് ഇരുപതു ദിവസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

അസുഖങ്ങൾ കൂടുന്നതിന്റെ പ്രധാന കാരണം കാലാവസ്ഥ വ്യതിയാനമാണോ ആഹാരശീലമാണോ ജീവിത രീതിയിൽ വന്ന മാറ്റമാണോ എന്ന് സമിതി ആരാഞ്ഞു. കീടനാശിനികളുടെ ഉപയോഗം മൂലം അലർജി രോഗങ്ങളും കാൻസർ രോഗികളുടെ എണ്ണവും കൂടുന്നുണ്ട് എന്നും രോഗങ്ങളെ സംബന്ധിച്ച് സ്ഥലം എം.എൽ.എ.യുടെ നേതൃത്വത്തിൽ 12 പഞ്ചായത്തുകളിൽ സർവ്വെ നടത്തിയിരുന്നു എന്നും 2,10,472 ആളുകളിൽ നടത്തിയ സർവ്വേയിൽ കാർഡിയാക് രോഗങ്ങൾ ഉള്ളത് 1630 പേർക്കും കിഡ്നി സംബന്ധമായ രോഗമുള്ളത് 279 പേർക്കും തൈറോയിഡ് രോഗമുള്ളത് 2001 പേർക്കും കാൻസർ രോഗം 371 പേർക്കും ഫിസിക്കലി ചാലഞ്ച്ഡ് ഡിസീസസ് ഉള്ളത് 1089 പേർക്കും മെന്റലി ചാലഞ്ച്ഡ് ഡിസീസസ് ഉള്ളത് 374 പേർക്കും സ്ട്രോക്ക് വന്നത് 348 പേർക്കും പുകയില സംബന്ധമായ അസുഖമുള്ളത് 14452 പേർക്കും ആൽക്കഹോൾ സംബന്ധമായ രോഗമുള്ളത് 14158 പേർക്കും ഡ്രഗ്സ് സംബന്ധമായ അസുഖമുള്ളത് 94 പേർക്കും കണ്ണ് സംബന്ധമായ രോഗമുള്ളത് 1110 പേർക്കും അനീമിക് കണ്ടീഷനുള്ളത് 669 പേർക്കുമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത് എന്നും ഇടുക്കി ഡി.എം.ഒ. വ്യക്തമാക്കി. മുൻ വർഷങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ അസുഖങ്ങൾ കൂടുതലായാണ് കാണുന്നതെന്നും ജീവിതരീതിയിൽ ഉണ്ടായ മാറ്റംമൂലവും ഭക്ഷണശീലത്തിലുണ്ടായ മാറ്റംമൂലവും ധാരാളം രോഗങ്ങൾ ഉണ്ടാകുന്നുണ്ട് എന്നും മാലിന്യവർദ്ധനവ് രോഗം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നുണ്ട് എന്നും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ കുറവ് പ്രധാന പ്രശ്നമാണെന്നും നല്ലൊരു ആശുപത്രിക്കായുള്ള നിർദ്ദേശം നടപ്പിലാക്കണമെന്നാണ് മൂന്നാറുകാരുടെ ആവശ്യം എന്നും കാൻസർ രോഗം കണ്ടുപിടിക്കുന്നതിനു വേണ്ടി കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണ് ഇപ്പോൾ ചെയ്യുന്നത് എന്നും സ്ക്രീനിംഗും തുടർന്നുള്ള ചികിത്സകളും ഇവിടെത്തന്നെ ചെയ്യുന്നതിനുള്ള സൗകര്യം ലഭിക്കുകയാണെങ്കിൽ ആരോഗ്യ മേഖലയ്ക്ക് വളരെ ഗുണകരമായിരിക്കുമെന്നും ഇടുക്കി ഡി.എം.ഒ. വിശദീകരണം നൽകി.

മാലിന്യം ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയാണെങ്കിൽ അതിൽ നിന്നും ലഭിക്കുന്ന വളം തോട്ടം മേഖലയിൽ തന്നെ ഉപയോഗിക്കാവുന്നതാണ് എന്നും ആരോഗ്യപരിപാലനം സംബന്ധിച്ച് പൊതുജനങ്ങളിൽ ഒരു അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രോജക്ട് രൂപീകരിക്കാനും അതിന് നേതൃത്വം വഹിക്കാനും ആരോഗ്യ വകുപ്പ് തയ്യാറാകുമോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് അതിന് ആരോഗ്യ വകുപ്പ് തയ്യാറാണ് എന്ന് ഡി.എം.ഒ. മറുപടി പറഞ്ഞു.

രോഗം വന്നതിനശേഷമുള്ള ചികിത്സയെക്കുറിച്ചല്ല രോഗങ്ങൾ വരാതിരിക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ചാണ് ചർച്ച വേണ്ടതെന്നും മൂന്നാറിലെ കാലാവസ്ഥയുമായി സാമ്യമുള്ള ഒരു സംസ്ഥാനമാണ് സിക്കിം എന്നും എന്നാൽ അവിടെ ആശുപത്രികളുടെ എണ്ണം കുറഞ്ഞുവരികയാണ് എന്നും മൂന്നാറിൽ ആശുപത്രികളുടെ എണ്ണം കൂട്ടണമെന്നുള്ള അഭിപ്രായത്തോട് യോജിപ്പില്ലെന്നും ആശുപത്രികളുടെയും രോഗികളുടെയും എണ്ണം കുറയ്ക്കുന്നതിനുള്ള പ്രോജക്ടാണ് തയ്യാറാക്കേണ്ടത് എന്നും സമിതി അഭിപ്രായപ്പെട്ടു. മൂന്നാറിനെ രക്ഷിക്കുന്നതിനായുള്ള ഏത് പ്രോജക്ടിനെയും ആരോഗ്യ വകുപ്പ് സപ്പോർട്ട് ചെയ്യുന്നതാണ് എന്ന് ഡി.എം.ഒ. പറഞ്ഞു.

പുകയിലയുടെയും മദ്യത്തിന്റെയും ഉപയോഗംമൂലമുള്ള രോഗങ്ങൾ കുറയ്ക്കുന്നതിനാവശ്യമായ എന്തെങ്കിലും പ്രവർത്തനം ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. നോൺ കമ്മ്യൂണിക്കബിൾ ഡിസീസസിന് പ്രോഗ്രാമുണ്ട് എന്നും ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനും അവയർനെസ്സ് കൊടുക്കാനും ജീവിതശൈലി മാറ്റാനുമുള്ള ട്രെയിനിംഗ് കൊടുക്കാനും ചികിത്സ നൽകാനുമുള്ള പരിപാടികൾ നടപ്പിലാക്കി വരുന്നതായും ഡി.എം.ഒ. ബോധിപ്പിച്ചു.

ആശുപത്രി മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാതെ പുഴകളിലേയ്ക്കും ജലാശയങ്ങളിലേയ്ക്കും ഒഴുക്കിവിടുന്നതുമൂലം മൂന്നാറിലെ ജലാശയങ്ങൾ വലിയ തോതിൽ മലിനമാകുന്നുവെന്നും കോളിഫോം ബാക്ടീരിയയുടെ വർദ്ധനവ് ഉണ്ടാകുന്നുവെന്നും പത്രങ്ങളിൽ വലിയ വാർത്തകളാണ് വരുന്നത് എന്നും ഇത് പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന്, മാലിന്യം ഇടുന്നതിനുള്ള ബോക്സ് സ്ഥാപിക്കുന്നതിനുള്ള നടപടിയാണ് ആശുപത്രികളുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരിക്കുന്നത് എന്നും സ്വീവേജ് പ്ലാന്റ് ലഭ്യമായാൽ മലിനീകരണത്തിന്റെ അളവ് വളരെയധികം കുറയ്ക്കാൻ സാധിക്കുന്നതാണ് എന്നും ഡി.എം.ഒ. വ്യക്തമാക്കി.

രാജ്യത്തെ രണ്ടാമത്തെ നിർമ്മൽ സ്റ്റേറ്റ് കേരളമായിരുന്നു എന്നും എന്നാൽ കേരളം ഇന്ന് വളരെയധികം പിന്നോട്ട് പോയിരിക്കുകയാണ് എന്നും സമിതി അഭിപ്രായപ്പെടുകയും മൂന്നാറിൽ ആരോഗ്യ വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് 10 ദിവസത്തിനകം സമിതിക്ക് സമർപ്പിക്കണം എന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

ജലം പരിശോധിച്ച് അതിന്റെ മലിനീകരണം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ജലവകുപ്പിനോട് ആരാഞ്ഞതിന് അത് ഇറിഗേഷൻ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല എന്ന് തൊടുപുഴ ഇറിഗേഷൻ സബ് -ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി പറഞ്ഞു.

മൂന്നാറിലേയ്ക്ക് ഒഴുകുന്ന പുഴയിൽ മൂന്നാർ പട്ടണം കഴിയുന്നതോടെ വെള്ളത്തിന്റെ അളവ് കൂടുന്നതെങ്ങിനെയാണ് എന്ന സമിതിയുടെ ചോദ്യത്തിന് നദികളിലേയ്ക്ക് വേസ്റ്റ് ഡമ്പിംഗും ഹോട്ടലുകളിൽ നിന്നും മലിനജലവും വരുന്നതുകൊണ്ടാണ് വെള്ളത്തിന്റെ അളവ് കൂടുന്നത് എന്ന് ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു

മൂന്നാറിന് ആ പേര് ലഭിക്കാൻ ഇടയായ മുതിരപ്പുഴയാർ, കണ്ണിയാർ, നല്ലതണ്ണിയാർ എന്നീ പുഴകളിൽ മാലിന്യം കലരുന്നുണ്ടെങ്കിൽ അതിൽ നിന്നും പുഴകളെ രക്ഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും അതിന് എന്തെങ്കിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന് പുഴകളുടെ ഉടമസ്ഥാവകാശം പഞ്ചായത്തുകൾക്കാണ് എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

ജലസേചന വകുപ്പ് എന്താണ് മൂന്നാറിൽ ചെയ്യുന്നത് എന്ന സമിതിയുടെ ചോദ്യത്തിന് പുഴകളുടെ സംരക്ഷണ പ്രവർത്തനമാണ് ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്നത് എന്നും പുഴകളിലെ മാലിന്യം പരിശോധിക്കുന്നതിനുള്ള ചുമതല ജലസേചന വകുപ്പിനെ ഏൽപ്പിച്ചിട്ടില്ല എന്നും അത് ചെയ്യേണ്ടത് മലിനീകരണ നിയന്ത്രണ ബോർഡാണ് എന്നും പഞ്ചായത്തിരാജ് ആക്ട് പ്രകാരം പുഴകളുടെ ചുമതല പഞ്ചായത്തുകൾക്കാണ് എന്നും പുഴകളിലെ കൺസ്ട്രക്ഷൻ വർക്ക് നടത്താനുള്ള ചുമതലയാണ് ജലസേചന വകുപ്പിന് ഉള്ളത് എന്നും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി.

ജലവിഭവ വകുപ്പ് നിർമ്മിച്ച എത്ര ചെക്ക് ഡാമുകളാണ് മൂന്നാർ മേഖലയിൽ ഉള്ളത് എന്നും അത് കുടിവെള്ള പദ്ധതിയ്ക്കായാണോ കൃഷിയ്ക്കായാണോ ഉപയോഗിക്കുന്നത് എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് നബാർഡിന്റെ സ്കീമിൽ മൂന്നാറിൽ പുതിയതായി ഒരു ചെക്ക് ഡാം നിർദ്ദേശിച്ചിട്ടുണ്ട് എന്നും ആ ചെക്ക് ഡാം മൂന്നാറിലെ കുടിവെള്ളത്തിനും കൃഷിക്കും ഉപയുക്തമാകുന്ന രീതിയിൽ ചെയ്യാനാണ് നിർദ്ദേശമുള്ളതെന്നും അത് കണ്ണിയാറിലാണ് നിർമ്മിക്കുന്നത് എന്നും മൂന്നാറിൽ റ്റീ പ്ലാന്റേഷൻ ആയതുകൊണ്ട് സ്ഥലം ലഭ്യമല്ല എന്നും വളരെ വർഷങ്ങളായുള്ള പ്രൊപ്പോസലാണെങ്കിലും ഇപ്പോഴാണ് അനുമതി ലഭ്യമായത് എന്നും നിലവിൽ മറയൂർ, കാന്തല്ലൂർ, വട്ടവട എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ ഉണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

നദികളിൽ ചെക്ക് ഡാമുകളും വലിയ ഡാമുകളും നിർമ്മിച്ചാൽ 10 വർഷം കഴിയുമ്പോൾ മൂന്നാറിലെ നദികളിൽ വെള്ളം ഉണ്ടാകുമോ എന്ന സമിതിയുടെ സംശയത്തിന് മൂന്നാറിൽ മഴ ലഭിക്കുമ്പോൾ കിട്ടുന്ന വെള്ളം ഇവിടെ നിലനിർത്താനുള്ള സംവിധാനമില്ല എന്നും അതിനുവേണ്ടിയാണ് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നത് എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി. ചെക്ക് ഡാം നിർമ്മാണത്തിലൂടെയല്ലാതെ സ്വാഭാവികമായ രീതിയിൽ ജലം തടഞ്ഞു നിർത്തുന്നതിനാവശ്യമായ ഒരു പഠനം വനം, തദ്ദേശസ്വയംഭരണം, വാട്ടർ അതോറിറ്റി എന്നിവയുമായി ചേർന്ന്

നടത്തേണ്ടതാണ് എന്ന് സമിതി നിർദ്ദേശിച്ചപ്പോൾ, സ്ഥലം എം.എൽ.എ., പഞ്ചായത്ത് അധികൃതർ എന്നിവരുമായി ആലോചിച്ച് അങ്ങനെയൊരു പഠനം നടത്തുന്നതിനാവശ്യമായ നിർദ്ദേശം ഉണ്ടായാൽ കൊള്ളാമെന്നും എന്നാൽ മേച്ചോല എന്ന സ്ഥലത്ത് രാഷ്ട്രീയ കൃഷി വികസന യോജന പദ്ധതിയിൽപ്പെടുത്തി ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ച് ടെണ്ടർ നടപടി ആരംഭിച്ചപ്പോൾ വനംവകുപ്പ് സ്ഥലത്തിന് തടസ്സം പറഞ്ഞിരിക്കുകയാണ് എന്നും മേച്ചോലയിലെ സ്ഥലം റവന്യൂ വകുപ്പിന്റേതാണെങ്കിലും വനം വകുപ്പ് അതിന് എൻ.ഒ.സി. തരുന്നില്ല എന്നും 5 ചെക്ക് ഡാമിന്റെ നിർദ്ദേശം നൽകിയതിൽ 4 ചെക്ക് ഡാമിന്റെ നിർമ്മാണവും വനംവകുപ്പ് എതിർത്തുവെന്നും മേച്ചോലയ്ക്ക് മാത്രമാണ് അനുമതി ലഭിച്ചത് എന്നും ഇത്തരം നീക്കങ്ങൾ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട് എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പറഞ്ഞു.

മൂന്നാറിലെ കാലാവസ്ഥയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റം ഒരു വകുപ്പിന്റെ മാത്രം പ്രശ്നമല്ലെന്നും മൂന്നാറിന്റെയും അവിടുത്തെ ആളുകളുടെയും നിലനിൽപ്പിന്റെ പ്രശ്നമാണെന്നും അതിനെ എല്ലാ വകുപ്പുകളും ചേർന്ന് വിശാലമായ ഒരു കാഴ്ചപ്പാടിലൂടെയാണ് കാണേണ്ടത് എന്നും ആ കാഴ്ചപ്പാടിലൂടെ സമിതി തയ്യാറാക്കുന്ന റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ വകുപ്പുകളും ചേർന്ന് ഇവിടുത്തെ ജലത്തിന്റെ അളവും അതിൽ വന്ന കുറവും മഴയുടെ അളവിൽ വന്ന കുറവും മറ്റ് ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചും വിശദമായ പ്രോജക്ട് സമിതിക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

മൂന്നാറിലെ നദികളിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി മുമ്പുണ്ടായിരുന്ന ജില്ലാ കളക്ടർ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം സബ് കളക്ടറുടെ കീഴിൽ ടൗൺ പ്ലാനിംഗ്, പഞ്ചായത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിരുന്നുവെന്നും ആ എക്സ്പേർട്ട് കമ്മിറ്റിയുടെ അഭിപ്രായത്തിൽ മലിനീകരണത്തിന്റെ ഏറ്റവും വലിയ ഭാഗം നടക്കുന്നത് മൂന്നാർ ടൗണിലാണ് എന്നും അവിടുത്തെ വീടുകൾക്കും റിസോർട്ടുകൾക്കും ബിൽഡിംഗ് റൂൾസ് പ്രകാരമോ മറ്റ് ഒരു നിയമപ്രകാരവുമുള്ള സ്വീവേജ് അല്ലെങ്കിൽ സോളിഡ് വേസ്റ്റ് മാനേജ് ചെയ്യാനുള്ള സൗകര്യമില്ല എന്നും നദിയുടെ വശങ്ങളിലൂടെ നടന്നാൽ തന്നെ വീടുകളിലെയും റിസോർട്ടുകളിലെയും മനുഷ്യ വിസർജ്ജ്യം നേരെ നദിയിലേക്ക് പോകുന്നത് കാണാൻ കഴിയും എന്നും സബ് കളക്ടർ പറഞ്ഞു. തിരക്കുള്ള സീസണിൽ ഏറ്റവും കൂടുതൽ മലിനീകരണം ഉണ്ടാകുന്നത് വലിയ ഹോട്ടലുകളിൽ നിന്നാണ് എന്നും എല്ലാ സ്ഥാപനങ്ങൾക്കും സ്വീവേജ് ട്രീറ്റ്മെന്റിനുള്ള സൗകര്യവും സോളിഡ് വേസ്റ്റ് മാനേജ്മെന്റിനുള്ള സൗകര്യവും ഉണ്ടോയെന്ന പഠനം നടത്താനാണ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയത് എന്നും 5-6 യോഗങ്ങൾ കൂടുകയും അൻപതോളം റിസോർട്ടുകൾ സന്ദർശിക്കുകയും ചെയ്തു എന്നും സബ് കളക്ടർ യോഗത്തിൽ അറിയിച്ചു. സോളിഡ് വേസ്റ്റ് മാനേജ്മെന്റിൽ ബഹുമാനപ്പെട്ട ഗവർണറുടെ അവാർഡ് വാങ്ങിയ സീനിയർ സൂപ്രണ്ടിന്റെ

നേതൃത്വത്തിൽ അൻപതോളം റിസോർട്ടുകളെപ്പറ്റി പഠിച്ചു കഴിഞ്ഞു. പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാക്കി റിസോർട്ടുകൾക്ക് കൊടുക്കുകയും അത് നടപ്പിലാക്കാൻ മൂന്ന് മാസത്തെ സമയം കൊടുക്കുകയും ചെയ്തു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം പലയിടത്തും വലിയൊരു പ്രശ്നമാണ്. ബിൽഡിംഗ് റൂൾസ് പാലിക്കാതെ നിർമ്മാണം നടത്തിയതുകൊണ്ടാണ് ഇതൊക്കെ സംഭവിച്ചത് എന്നും എന്നാൽ അതെല്ലാം പൊളിച്ചുകളയുകയെന്നത് പ്രായോഗികമല്ല എന്നും അങ്ങനെയൊരു സൗകര്യമില്ലാത്തവർക്കായി ഒരു പൊതു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുകയാണ് വേണ്ടത് എന്നും അതിനുള്ള ചെലവ് സർക്കാർ വഹിക്കേണ്ടി വരുമെന്നും മാലിന്യങ്ങൾ പ്ലാന്റ് വരെ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്തം സ്വകാര്യ സ്ഥാപനങ്ങൾ ഏറ്റെടുത്താൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും എന്നും അതിന്റെ സാങ്കേതികവശം പഠിച്ചുകൊണ്ടിരിക്കുകയാണ് എന്നും ഓരോ റിസോർട്ടിന്റെയും കപ്പാസിറ്റി അളന്നാൽ മാത്രമേ ഇതിന്റെ പൂർണ്ണമായ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ എന്നും ഇതുവരെയുള്ള പഠനത്തിന്റെ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാം എന്നും പഠനം പൂർത്തിയാകാൻ രണ്ട് മാസം കൂടി വേണ്ടിവരുമെന്നും അതിന് ശേഷം പൂർണ്ണ റിപ്പോർട്ട് സമർപ്പിക്കാമെന്നും സബ് കളക്ടർ സമിതിയെ അറിയിച്ചു

ഓരോ വകുപ്പും എഴുതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്നാറിന് പ്രത്യേകമായ ഏതെങ്കിലും നിയമം വേണമെങ്കിൽ അതിന് വേണ്ടുന്ന ശിപാർശ സമിതി സർക്കാരിനു നൽകുന്നതാണെന്ന് സമിതി അറിയിച്ചു.

അടുത്തതായി, സമിതി മൂന്നാറിലെ മലിനീകരണത്തെ സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അഭിപ്രായം ആരാഞ്ഞു. കൈത്തോടുകളുടെ മലിനീകരണം ബോധ്യപ്പെട്ട സാഹചര്യത്തിൽ കോമൺ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മൂന്നാർ പഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിക്കുന്നതിനായി ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് നിലവിലുണ്ടെന്നും (NGT Application No. 462/13) ഇതിനുവേണ്ട നിർദ്ദേശം മലിനീകരണ നിയന്ത്രണ ബോർഡ് മൂന്നാർ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതുമാണ് എന്നും സ്വീവേജ് ട്രീറ്റ്മെന്റിനുള്ള സൗകര്യമില്ലാത്തിടത്തെ മാലിന്യം കളക്ട് ചെയ്ത് പഞ്ചായത്തിന്റെ അധീനതയിലുള്ള കോമൺ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിക്ഷേപിച്ച് മാത്രമേ പുറത്തേയ്ക്ക് വിടാവൂ എന്ന നിയമം ഏർപ്പെടുത്തേണ്ടതുണ്ട് എന്നും സെപ്റ്റിക് ടാങ്ക് ശുചിയാക്കൽ എന്ന പേരിൽ പല ഏജൻസികളും വീടുകൾ ഉൾപ്പെടെയുള്ളവയിൽ നിന്നും മനുഷ്യവിസർജ്ജ്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ എടുത്തുകൊണ്ടു പോവുകയും ജലാശയങ്ങൾ ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും നിക്ഷേപിക്കുന്നതായ പരാതികൾ ബോർഡിന് ലഭിച്ചിട്ടുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഇടുക്കി ജില്ലാ ഓഫീസിലെ എൻവയോൺമെന്റൽ എഞ്ചിനീയർ സമിതിയിൽ ബോധിപ്പിച്ചു.

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിയമപരമായ അധികാരത്തിനുള്ളിൽ നിന്നുകൊണ്ട് തെറ്റായ നിലപാടുകൾ സ്വീകരിക്കുന്നവർക്കെതിരെ നടപടിയെടുക്കാത്ത തെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നും എന്നാൽ പൊതുവായ ഒരു പരിഹാരമെന്ന നിലയിലാണ് കോമൺ ട്രീറ്റ്മെന്റ് പ്ലാന്റ് വേണമെന്ന് കോടതി പറഞ്ഞിരിക്കുന്നത് എന്നും എൻവയോൺമെന്റൽ എഞ്ചിനീയർ ബോധിപ്പിച്ചു.

മൂന്നാർ പോലുള്ള വളരെ സെൻസിറ്റീവായ ഒരു പ്രദേശത്ത് തെറ്റുകൾ ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരുന്നാൽ അത് തിരുത്താൻ കഴിയില്ലെന്നും കുറച്ചുപേർക്കെതിരെ നടപടിയെടുത്താൽ എല്ലാവരും സ്വീവേജ് ട്രീറ്റ്മെന്റിനുള്ള സൗകര്യം ഉണ്ടാക്കും എന്നും അതിനായി നിയമം പാലിച്ചേ പറ്റുവെന്ന സമ്മർദ്ദം ഉണ്ടാകണം എന്നും സമിതി അഭിപ്രായപ്പെട്ടു.

സ്വീവേജ് ട്രീന്റ്മെന്റ് പ്ലാന്റ് ഇല്ലാത്ത എത്ര സ്ഥാപനങ്ങൾ മൂന്നാറിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് സമിതി ആരാഞ്ഞതിന് ആയതു സംബന്ധിച്ച് കൃത്യമായ ഒരു കണക്ക് പഞ്ചായത്തിന്റെ കൈവശമില്ല എന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

പഞ്ചായത്തും പൊല്യൂഷൻ കൺട്രോൾ ബോർഡും സംയുക്തമായി കൈകാര്യം ചെയ്താൽ തീരാവുന്ന മാലിന്യപ്രശ്നം മാത്രമേ മൂന്നാറിലുള്ളു എന്നും ഒരുമിച്ചുള്ള ഒരു പ്രവർത്തനം ഉണ്ടാകേണ്ടതാണ് എന്നും സമിതി അഭിപ്രായപ്പെട്ടു

പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്ത് നടപടി സ്വീകരിച്ചാലും ആയതിന്റെ പകർപ്പ് പഞ്ചായത്തിലേയ്ക്കും കളക്ടേറ്റിലേയ്ക്കും അയയ്ക്കാറുണ്ട് എന്നും ഒരു സ്ഥാപനത്തിന് പഞ്ചായത്ത് ലൈസൻസ് കൊടുക്കുമ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമേ കൊടുക്കാൻ പാടുള്ളുവെന്നുമാണ് നിയമം എന്നും എന്നാൽ ഇവിടെ അത് പാലിക്കപ്പെടുന്നില്ല എന്നും എൻവയോൺമെന്റൽ എഞ്ചിനീയർ അറിയിച്ചു

പത്ത് മുറിക്ക് മുകളിലുള്ള കെട്ടിടങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയില്ലാതെ ലൈസൻസ് കൊടുക്കാറില്ല എന്നും ചെറിയ സ്ഥാപനങ്ങൾക്ക് പരിശോധനകൾ നടത്തിയാണ് ലൈസൻസ് കൊടുക്കുന്നത് എന്നും എല്ലാത്തിനും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വേണമെന്ന നിലപാടിനെതിരെ താലൂക്ക് വികസന സമിതിയിൽ പരാതി വന്നു എന്നും ചെറിയ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഇൻസ്പെക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് കൊടുക്കാമെന്നാണ് താലൂക്ക് വികസന സമിതിയുടെ തീരുമാനമെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇന്ത്യയിലെ പല സ്ഥലങ്ങളിലെയും വിദേശത്തെയും ടൂറിസം സെന്ററുകളിൽ പോയാൽ ഇവിടുത്തെപ്പോലെ മാലിന്യം കാണാൻ സാധിക്കില്ല എന്നും എല്ലായിടത്തും

തടിയിൽ തീർത്ത ബോർഡുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്നും ഫ്ലെക്സിന്റെ ഇത്രയും വ്യാപകമായ ഉപയോഗം കേരളത്തിൽ മാത്രമാണുള്ളത് എന്നും മൂന്നാർ ശുദ്ധീകരിക്കുന്നതിന് ഗ്രാമീണ ഗവൺമെന്റെന്ന നിലയിൽ പഞ്ചായത്തിന് സർവ്വാധികാരവുമുണ്ടെന്നും ഇത്തരത്തിൽ മൂന്നാറിനെ ശുദ്ധീകരിക്കാനുള്ള ഒരു പ്രോജക്ട് തയ്യാറാക്കി 20 ദിവസത്തിനകം സമിതിക്ക് നൽകണം എന്നും സമിതി നിർദ്ദേശിച്ചു.

സമിതി മൂന്നാറിലെ മാലിന്യ പ്രശ്നത്തെ സംബന്ധിച്ച് പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിന് മൂന്നാറിലെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ഫണ്ട് നൽകുന്നതിനായി ക്ലൈമറ്റ് ചെയ്ഞ്ച് എന്നൊരു ശീർഷകം മാറ്റിയിട്ടുണ്ട് എന്നും മൂന്നാറിനുവേണ്ടി പ്രത്യേകമായ ഒരു പ്രോജക്ട് ഇതുവരെ ലഭിച്ചിട്ടില്ല എന്നും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് ഒരു സംയോജിത നിർദ്ദേശം നന്നായിരിക്കുമെന്നും തിരുവനന്തപുരം പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പിലെ എൻവയോൺമെന്റൽ സയന്റിസ്റ്റ് അഭിപ്രായപ്പെട്ടു.

വട്ടവടയിലെ ചൂട് പരാമർശിച്ചുകൊണ്ട് ഒരു സ്ഥലത്തെ ചൂട് ഒരു ഡിഗ്രി കൂടുകയോ തണുപ്പ് രണ്ട് ഡിഗ്രി താഴുകയോ ചെയ്താൽ അത് കൃത്യമായി പറയേണ്ടത് എൻവയോൺമെന്റ് & ക്ലൈമറ്റ് ചെയ്ഞ്ച് വകുപ്പാണെന്ന് സമിതി ചൂണ്ടിക്കാട്ടുകയും ഒരു പ്രോജക്ട് കേന്ദ്രഗവൺമെന്റ് അംഗീകരിക്കണമെങ്കിൽ ഇവിടെയുണ്ടായ കാലാവസ്ഥാ വ്യതിയാനം ഏതൊക്കെ മേഖലയിൽ എങ്ങനെയൊക്കെയാണ് ബാധിച്ചതെന്ന കൃത്യമായ ഒരു പഠന റിപ്പോർട്ട് വകുപ്പ് തയ്യാറാക്കി നൽകേണ്ടതായിരുന്നു എന്നും സമിതി അഭിപ്രായപ്പെട്ടു.

കാലാവസ്ഥാമാറ്റം മെഷർ ചെയ്യാനുള്ള സംവിധാനം ഇന്ത്യൻ മീറ്ററോളജി ഡിപ്പാർട്ടുമെന്റിനാണ് ഉള്ളതെന്നും അവർ തരുന്ന സെക്കണ്ടറി ഡാറ്റയാണ് സംസ്ഥാനങ്ങൾ എടുക്കുന്നതെന്നും വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി. കൂടാതെ വകുപ്പിന്റെ റീജിയണൽ ഓഫീസ് കഴിഞ്ഞ ജനുവരിയിലാണ് കോട്ടയത്ത് തുടങ്ങിയതെന്നും ഇപ്പോൾ ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസ് റിസർച്ച് സെന്ററും കോട്ടയത്തുണ്ട് എന്നും ഉടൻതന്നെ മൂന്നാറിലെ കാലാവസ്ഥ സംബന്ധിച്ച് പഠനം നടത്താമെന്നും എൻവയോൺമെന്റൽ സയന്റിസ്റ്റ് അറിയിച്ചു.

മൂന്നാറിലെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുണ്ടായ മാറ്റം എന്താണെന്നും ആ മാറ്റം അനുസരിച്ച് കൃഷിക്കും മറ്റ് കാര്യങ്ങൾക്കും വന്ന മാറ്റം എത്രയാണെന്നുമുള്ള റിപ്പോർട്ട് 10 ദിവസത്തിനകം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

മൂന്നാറിലെ വിവിധ സ്ഥലങ്ങളിൽ നിർമ്മിക്കാവുന്ന കെട്ടിടങ്ങളുടെ ഉയരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്ന് സമിതി അന്വേഷിച്ചതിന് വയനാട് ജില്ലയിൽ കെട്ടിടനിർമ്മാണത്തിൽ നിയന്ത്രണം വന്നിട്ടുണ്ടെന്നും അതെല്ലാം ഒരു

കന്റോൺമെന്റ് ഏരിയയിൽ കന്റോൺമെന്റ് ആക്ട് പ്രകാരം നിയന്ത്രണമുള്ളതാണെന്നും അതല്ലാതെ കേരളത്തിൽ ഒരു ബിൽഡിംഗ്സ് റൂൾസ് മാത്രമേയുള്ളൂ എന്നും ബിൽഡിംഗ്സ് റൂൾസിൽ മൂന്നാറിന്റെ കാര്യത്തിൽ നിയന്ത്രണമില്ലായെന്നും ദേവികുളം സബ് കളക്ടർ സമിതിയിൽ വിശദീകരിച്ചു.

ബഹു.ഹൈക്കോടതിയുടെ പുതിയ ഒരു വിധിയനുസരിച്ച് ഇടുക്കി ജില്ലയിൽ പട്ടയം കൊടുക്കുന്നത് കൃഷിക്കാണെന്നും കൃഷിക്ക് പട്ടയം കൊടുക്കുമ്പോൾ സ്വാഭാവികമായും അവിടെ കൃഷിക്കാരന് താമസിക്കാമെന്നും അവിടെയുള്ള വീടിന്റെ ഡിസൈൻ പ്രത്യേകത യുള്ളതായതിനാൽ എത്ര നിലയിലും എങ്ങനെയും വീട് വയ്ക്കാൻ പറ്റില്ലയെന്നും ചെയ്യുന്ന തെറ്റുകൾ ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള വളരെ പ്രസക്തമായ ഒരു വിധിയാണ് ഹൈക്കോടതി യിൽനിന്നും ഉണ്ടായിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു.

മൂന്നാറിലെ മണ്ണിനടിയിൽ ഒരു പ്രത്യേകതരം പാറയാണുള്ളതെന്നും പിങ്ക് ഗ്രാനൈറ്റ് വിഭാഗത്തിൽപ്പെടുന്ന ഇവിടുത്തെ അടിസ്ഥാന ശിലകൾക്ക് ഇപ്പോൾ അപചയം സംഭവിച്ചുകൊണ്ടിരിക്കുകയാണ് എന്നും, അതിനുമുകളിലുള്ള മണ്ണ് ജെൽ പോലുള്ളതാണ് എന്നുമാത്രമല്ല, ഒരു ദിവസം 15 സെന്റീമീറ്ററിൽ കൂടുതൽ മഴ പെയ്യുകയാണെങ്കിൽ മൂന്നാറിലെ വിവിധ സ്ഥലങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടാകാനുള്ള സാഹചര്യമുണ്ട് എന്നും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിലുള്ളതായി വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. 2012-ൽ പുറത്ത് വന്ന റിപ്പോർട്ടിനെക്കുറിച്ച് 2014-നുശേഷം വീണ്ടും ഒരു പഠനം നടത്തിയെന്നും മൂന്നാറിൽ ഒരു ദിവസം 15 സെന്റീമീറ്ററിൽ കൂടുതൽ മഴ പെയ്യുകയാണെങ്കിൽ നദിയിൽ അപ്രതീക്ഷിതമായി വെള്ളപ്പൊക്കമുണ്ടാകുകയും ക്രമാനുഗതമായ നീരൊഴുക്ക് ജനങ്ങളെ ബാധിക്കുന്നതിനെതിരായി ഡെപ്യൂട്ടി കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ് കൊടുക്കുന്ന ഏർളി വാണിംഗ് സിസ്റ്റം 24 മണിക്കൂർ നേരത്തെ കൊടുക്കണമെന്ന് പഠന റിപ്പോർട്ടിൽ പറയുന്നതായും ഇക്കാര്യങ്ങൾകൂടി കണക്കിലെടുത്തു വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത് എന്നും വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

മൂന്നാറിലെ പ്രശ്നം മാത്രം കണക്കാക്കിയല്ല ബഹു. ഹൈക്കോടതിയുടെ വിധി വന്നതെന്നും സംസ്ഥാനമൊട്ടാകെയുള്ള പ്രശ്നം ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണെന്നും എല്ലാ പാട്ടഭൂമിയും കൃഷി ചെയ്യാൻ മാത്രമേ പാടുള്ളൂ എന്നും വീട് വെയ്ക്കാനോ ചെറിയ കടകളൊന്നും വയ്ക്കാനോ പാടില്ല എന്ന നിബന്ധനയുണ്ടെന്നും ഹൈക്കോടതി വിധി ഉയർന്ന കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെതിരെയുള്ള ഒരു ഓർമ്മപ്പെടുത്തലാണെന്നും സമിതി അഭിപ്രായപ്പെട്ടു

2012-ലെ പഠനറിപ്പോർട്ട് കൃത്യമായി പരിശോധിച്ചുമാത്രമേ പരിഗണിക്കാവൂ എന്നും മൂന്നാറിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടില്ല എന്നുള്ളത് അശാസ്ത്രീയമാണെന്നും ആയതിനാൽ മൂന്നാറിന്റെ സമഗ്രവികസനത്തിന് നിയമനിർമ്മാണം തന്നെ ആവശ്യമായി ട്ടുള്ളതാണെന്നും സ്ഥലം എം.എൽ.എ. വ്യക്തമാക്കി.

അധിക ചൂഷണവും ലാഭേച്ഛയും കൂടാതെയുള്ള ഒരു ജീവിതമാണ് മൂന്നാറിനാവശ്യമെന്നും അതിനു പറ്റിയ തരത്തിൽ ഒരുമിച്ചുള്ള പ്രവർത്തനം എല്ലാവരുടേയും ഉത്തരവാദിത്തമാണെന്നും ഇവിടുത്തെ കാലാവസ്ഥ വ്യതിയാനം, മലിനീകരണം, ആരോഗ്യം നഷ്ടപ്പെടുന്ന അവസ്ഥ, ജീവജാലങ്ങൾ ഇല്ലാതാകുന്ന അവസ്ഥ എന്നിവയും കണക്കിലെടുത്തുകൊണ്ടും നിയമപരമായ അധികാരത്തിനകത്തു നിന്നുകൊണ്ടും പുതിയ നിയമനിർമ്മാണം നടത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് ഒരു റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതാണെന്ന് സമിതി അറിയിച്ചു

തുടർന്ന് സമിതി പൊതുജനങ്ങൾ, പരാതിക്കാർ, സാമൂഹ്യപ്രവർത്തകർ, സംഘടനകൾ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തി. പ്രകൃതി സൗന്ദര്യത്തിന് അത്യധികം പേരുകേട്ട മൂന്നാറിനെ നശിപ്പിക്കരുതെന്നും ടൂറിസം വന്നതിനുശേഷമാണ് ഇത്രയും വലിയ നശീകരണം മൂന്നാറിനുണ്ടായതെന്നും രാഷ്ട്രീയ പാർട്ടിയിലുൾപ്പെടെയുള്ളവർ ഫ്ലെക്സ് വയ്ക്കാൻ പാടില്ലായെന്നും വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് കുപ്പികൾ നശിപ്പിക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ലായെന്നും മൂന്നാറിന്റെ പ്രകൃതിഭംഗി നഷ്ടപ്പെട്ടാൽ അവിടെ വരാൻ ആളുണ്ടാകില്ലായെന്നും ആയതിനാൽ മൂന്നാറിനെ സംരക്ഷിക്കാനുള്ള പ്രോജക്ടാണ് ആവശ്യമെന്നും മുൻ എം.എൽ.എ. ശ്രീ. എ. കെ. മണി അഭിപ്രായപ്പെട്ടു. ടാറ്റാ ടീ കമ്പനി പ്രതിനിധികളുടെ അഭിപ്രായം ആരാഞ്ഞ വേളയിൽ, 2001-ൽ മൂന്നാർ ടൗൺഷിപ്പിനുവേണ്ടി വേസ്റ്റ് മാനേജ് ചെയ്യുവാൻ കമ്പനി നൽകിയ 50 സെന്റ് സ്ഥലത്തുനിന്ന് ഏകദേശം രണ്ടേക്കർ ആയി വേസ്റ്റ് ഡമ്പിംഗ് യാർഡ് വ്യാപിച്ചുകിടക്കുകയാണെന്നും ഇതിന്റെ അടുത്തുകൂടി ഒഴുകുന്ന കല്ലാർ പുഴയിലെ ജലം ഈ മാലിന്യവുമായി കലർന്നാണ് താഴേയ്ക്ക് ഒഴുകുന്നതെന്നും കണ്ണൻദേവൻ കമ്പനി എസ്റ്റേറ്റിലെ ഭൂരിഭാഗം മാലിന്യവും ഉറവിടത്തിൽ തന്നെയാണ് നിർമ്മാർജ്ജനം ചെയ്യുന്നതെന്നും വെർമി കമ്പോസ്റ്റ് സിസ്റ്റം പത്തുമാസം പോലും നീണ്ടുനിന്നില്ലെന്നും കമ്പനി മാനേജർ അറിയിച്ചു റെസ്പോൺസിബിൾ ടൂറിസം ഡെവലപ് ചെയ്യുന്നതിന് കമ്പനിക്ക് അനുകൂലമായ നിലപാടാണുള്ളതെന്നും 2007-ലെ കേന്ദ്രസർക്കാർ ഉത്തരവനുസരിച്ചുള്ള കീടനാശിനികൾ മാത്രമേ എസ്റ്റേറ്റിൽ ഉപയോഗിക്കാറുള്ളൂ എന്നും സമിതിയുടെ സംശയത്തിന് മറുപടിയായി കമ്പനി മാനേജർ വ്യക്തമാക്കി. ലയങ്ങളിൽ നിന്നെടുക്കുന്ന വേസ്റ്റ്, കൃഷിക്ക് ഉപയോഗിക്കുന്ന കീടനാശിനികൾ, അതിന്റെ അളവ്, അത് മഴയത്ത് ഉപയോഗിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

കല്ലാർ, നല്ലതണ്ണി എന്നീ പ്രദേശങ്ങളിൽ തരംതിരിക്കൽ ഇല്ലാതെ മാലിന്യം ഒരുമിച്ച് മലപോലെ കൂട്ടിയിടുന്നതുകൊണ്ടു മാത്രമാണ് പ്രശ്നങ്ങളുണ്ടാകുന്നതെന്നും ഉറവിടത്തിൽ തന്നെ മാലിന്യം തരംതിരിച്ച് ഉറവിടമാലിന്യ സംസ്ക്കരണ പദ്ധതിയിൽ ജനങ്ങൾക്ക് അവബോധം കൊടുത്ത് യാഥാർത്ഥ്യമാക്കിയാൽ എളുപ്പത്തിൽ പരിഹരിക്കാൻ സാധിക്കുമെന്നും റവന്യൂ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.

മാലിന്യനിവാരണം പഞ്ചായത്തിന്റെ ചുമതലയാണെങ്കിലും വകുപ്പുകൾ കൈക്കൊള്ളുന്ന തീരുമാനത്തിന് കൂട്ടായ ഉത്തരവാദിത്തം വേണമെന്ന നിയമസഭാ സമിതിയുടെ നിലപാട് വളരെ ആശ്വാസകരമാണെന്നും ഇത്രയും വലിയൊരു ഉത്തരവാദിത്തം പഞ്ചായത്തിന് ഒറ്റയ്ക്ക് ഏറ്റെടുത്ത് നടത്താൻ കഴിയില്ല എന്നും ടാറ്റാപ്രതിനിധി പറഞ്ഞതുപോലെ വേസ്റ്റ് തരംതിരിച്ചാണ് കൊണ്ടുവരുന്നത് എന്നുള്ള വാദം ശരിയല്ലെന്നും മൂന്നാർ പഞ്ചായത്ത് സെക്രട്ടറി അഭിപ്രായപ്പെട്ടു. ചർച്ചചെയ്ത വിഷയത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർദ്ദേശങ്ങൾ എഴുതി നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

ലഘുമലിനീകരണ വ്യവസായമായാണ് ടൂറിസം കേരളത്തിൽ നിലനിൽക്കുന്നത് എന്നും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്ന വ്യവസായം എന്ന രീതിയിൽ അടുത്ത പഞ്ചവത്സര പദ്ധതിയിൽ കേരളത്തിൽ മൂന്നുലക്ഷം തൊഴിൽ സൃഷ്ടിക്കാമെന്നാണ് പ്രതീക്ഷയെന്നും ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പെയിന്റെ ഭാഗമായി 52 സ്ഥലങ്ങൾ ക്ലീൻ ചെയ്തു വരുന്നുണ്ട് എന്നും ടൂറിസത്തിന്റെ ഷെയറായി ദേവികുളം ഗ്രാമപഞ്ചായത്തിന് 19 ലക്ഷം രൂപയും മൂന്നാർ ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപയും 2016-ൽ നൽകിയതായും വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ പറഞ്ഞു. കൂടുതൽ ആളുകളെ ഇങ്ങോട്ട് കൊണ്ടുവരികയാണ് ടൂറിസം വകുപ്പിന്റെ പ്രധാന ചുമതലയെന്നും പ്രകൃതിയെ സംരക്ഷിച്ചു കൊണ്ടു പോയാലേ ടൂറിസം രംഗത്ത് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ എന്നും മാലിന്യ നിർമ്മാർജ്ജനം തദ്ദേശസ്വയംഭരണ വകുപ്പിന്റെ മാത്രം ചുമതലയായി കാണാതെ വകുപ്പുകളുടെ കൂട്ടായ പരിശ്രമമാണ് ആവശ്യമെന്നും ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിക്കുന്നു എന്നും ഏറ്റവും കൂടുതൽ ആളുകൾ വരുന്നത് ഡിസംബർ 24 മുതൽ 30 വരെയും ഓണം, ദീപാവലി തുടങ്ങിയ ഉൽസവ ദിവസങ്ങളിലാണെന്നും മൂന്നാറിലെ പരിസ്ഥിതി നശിക്കാതിരിക്കാനായി 2010-ൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നുവെന്നും അതിനുശേഷം പ്രോജക്ട് തയ്യാറാക്കിയിട്ടില്ലെന്നും ഡി.ടി.പി.സി. സെക്രട്ടറി വ്യക്തമാക്കി.

മൂന്നാർ സംരക്ഷിക്കുന്നതിന് ടൂറിസം വകുപ്പും ഡി.ടി.പി.സി.-യും ചേർന്ന് ഒരു പ്രോജക്ട് തയ്യാറാക്കണമെന്നും മൂന്നാർ മാലിന്യമുക്തമാകേണ്ടത് ടൂറിസം വകുപ്പിന്റെ ആവശ്യമാണെന്നും പൊതുഗതാഗതത്തിന് അവബോധം സൃഷ്ടിക്കുന്നതിനും സ്കൂൾ കുട്ടികൾക്ക് പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ടൂറിസത്തിൽ നിന്നും പ്രത്യേകം പ്രോജക്ട് ഉണ്ടാകണമെന്നും 20 ദിവസത്തിനകം പ്രോജക്ട് തയ്യാറാക്കി സമിതിക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു

സമിതി പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുകയുണ്ടായി. മൂന്നാർ ഉൾപ്പെടെയുള്ള 8 വില്ലേജുകളിൽ മരം മുറിക്കുന്നതിനും കെട്ടിടനിർമ്മാണത്തിനും തടസ്സം നിലനിൽക്കുകയാണെന്നും പരിസ്ഥിതിക്ക് അനുയോജ്യമായ മരം വച്ചുപിടിപ്പിക്കാനും മനുഷ്യജീവിതത്തിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ നിയമഭേദഗതി വരുത്തുന്ന കാര്യം സമിതി ഗൗരവമായി കാണണമെന്നും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാകണമെന്നും ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആശുപത്രി സ്ഥാപിക്കണമെന്നും വാഹനത്തിരക്ക് കാരണം മൂന്നാറിലെത്താൻ മണിക്കൂറുകൾ തന്നെ വേണമെന്നും യാത്ര ചെയ്തു മടുത്താണ് ഇപ്പോൾ ടൂറിസ്റ്റുകൾ തിരിച്ചു മടങ്ങുന്നതെന്നുമുള്ള ഒട്ടനവധി പരാതികൾ പൊതുജനങ്ങൾ സമിതിയിൽ ബോധിപ്പിച്ചു.

മൂന്നാറിലെ മൂന്ന് അരുവികൾ കാണാനായിട്ടാവണം സന്ദർശകർ വരുന്നതെന്ന് ഉറപ്പാക്കുന്നതിന് നല്ലതണ്ണിയിൽ വേസ്റ്റ് ഇടരുത് എന്നും ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുന്ന ഓരോ പ്രവർത്തനവും ഇവിടുത്തെ ജനങ്ങൾക്ക് കൂടിയുള്ളതാണെന്ന് അവർക്ക് തോന്നണമെന്നും എങ്കിൽ മാത്രമേ യഥാർത്ഥ മാലിന്യവിമുക്ത വികസനം സാധ്യമാകുകയുള്ളൂ എന്നും യോഗാവസാനം സമിതി അഭിപ്രായപ്പെട്ടു.

നിയമസഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി ശ്രീ. എ. ഷാജഹാൻ സമിതിയംഗങ്ങൾക്കും പങ്കെടുത്ത മറ്റെല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.

യോഗാനന്തരം 2.00 മണിക്ക് സമിതി മൂന്നാർ ഗ്രാമപഞ്ചായത്തിലെ നല്ലതണ്ണിയിലുള്ള വേസ്റ്റ് ഡമ്പിംഗ് യാർഡ് സന്ദർശിച്ചു. ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെ കൂട്ടിയിട്ട് ദുർഗന്ധം വമിക്കുന്ന അവസ്ഥയിലായിരുന്നു അവിടം. കുറച്ച് ഭാഗത്ത് മാലിന്യം മണ്ണിട്ട് മൂടിയ നിലയിലായിരുന്നു. ഏകദേശം മൂന്ന് ലോഡ് മാലിന്യങ്ങൾ അവിടെ എത്തുന്നുണ്ടെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. തുടർന്ന് സമിതി ഹൈക്കോടതിവിധിയെത്തുടർന്ന് നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്ന പള്ളിവാസൽ പൈപ്പ്ലൈൻ വാൽവ് ഹൗസ് ഏരിയയിലുള്ള മാടപ്പറമ്പിൽ റിസോർട്ട്സും സാഗര റിസോർട്ട്സും സന്ദർശിച്ചു. പഞ്ചായത്ത് വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും അനുമതിയില്ലാതെയാണ് നിർമ്മാണപ്രവർത്തനം നടത്തിയിട്ടുള്ളതെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. 7 നിലകളിലായി നടന്നിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ സമിതി ആശങ്ക അറിയിച്ചു. സമീപത്തുള്ള പ്ലം ജൂഡി റിസോർട്ട്സ് 75 സെന്റ് സ്ഥലത്ത് 6 നിലയിൽ 60 മുറികളിലായാണ് പ്രവർത്തിക്കുന്നത് എന്നതും സമിതിയംഗങ്ങളെ ആശ്ചര്യപ്പെടുത്തി.

വൈകുന്നേരം 4.05-ന് സമിതി മൂന്നാർ സന്ദർശനം പൂർത്തിയാക്കി.

<u>അനുബന്ധം I (b)</u>

## സമിതിയുടെ 9-2-2017-ലെ യോഗനടപടിക്കുറിപ്പ്

പരിസ്ഥിതി സംബന്ധിച്ച സമിതി 2017 ഫെബ്രുവരി 9-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

ശ്രീ. അനിൽ അക്കര, എം.എൽ.എ.

ശ്രീ. പി. ടി. എ. റഹീം, എം. എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം. എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് എക്കണോമിക് അഫയേഴ്സ് ആന്റ് എൻവയോൺമെന്റ് വകുപ്പ്.
2. ശ്രീ. രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ്.
3. ഡോ. വേണു.വി, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ആന്റ് ടൂറിസം വകുപ്പ്.
4. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ് ആന്റ് കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.
5. ശ്രീ. ബിജു പ്രഭാകർ, ഡയറക്ടർ, കൃഷി വകുപ്പ്.
6. ഡോ.കെ. വാസുകി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
7. ശ്രീമതി പത്മാ മൊഹന്തി, ഡയറക്ടർ, പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന വകുപ്പ്.

8. ശ്രീ. റ്റി. പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

9. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.

10. ശ്രീ. എ. റ്റി. ജയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ.

11. ശ്രീ. എ. ആർ. സുരേശൻ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

12. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, വനം വകുപ്പ്.

13. ശ്രീമതി താരാ സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

14. ശ്രീമതി വി. വൽസ, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

15. ശ്രീ. ആർ. പ്രഫുല്ലകുമാർ,അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

16. ഡോ. ടി. ആർ. രേഖ, ജില്ലാ മെഡിക്കൽ ഓഫീസർ, ഇടുക്കി.

17. ഡോ. ജോർജ്ജ് ചക്കച്ചേരി, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേയ്ഞ്ച് സ്റ്റഡീസ്, കോട്ടയം.

18. ഡോ. പി. ഹരിനാരായണൻ, സീനിയർ സയന്റിസ്റ്റ്, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ.

19. ഡോ. ദിനേശൻ ചെറുവത്ത്, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്.

20. ശ്രീ. വി. കെ. മഹാനുദേവൻ, ചീഫ് എൻജിനീയർ, ഇറിഗേഷൻ വകുപ്പ്.

21. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

മൂന്നാറിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ പല വകുപ്പുകളും നൽകാത്തതിലുള്ള അതൃപ്തി സമിതി അധ്യക്ഷൻ അറിയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പും ജലവിഭവ വകുപ്പും മാത്രമാണ് സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയതെന്നും വ്യവസായ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് തീർത്തും നിരുത്തരവാദപരമായി തയ്യാറാക്കിയതാണെന്നും സമിതി അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു പരിസ്ഥിതി, റവന്യൂ, വനംവന്യജീവി, കാർഷിക വികസന കർഷകക്ഷേമം, ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല എന്നും സമിതി അദ്ധ്യക്ഷൻ പറഞ്ഞു. സഭയിൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അത് ചരിത്രരേഖയായി മാറുമെന്നതിനാൽ

അതു സംബന്ധിച്ച വിവരങ്ങൾ കൃത്യവും വസ്തുനിഷ്ഠവുമായിരിക്കുകയും ഭാവിയിലെ പഠനങ്ങൾക്ക് സഹായകരമായിരിക്കുകയും വേണമെന്നതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ കുറച്ചുകൂടി ഉത്തരവാദിത്തപൂർണ്ണമായ സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കണമെന്ന് സമിതി അദ്ധ്യക്ഷൻ ആവശ്യപ്പെട്ടു.

വലിയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റാനുള്ള ഹൈക്കോടതി വിധി നിലനിൽക്കെ മൂന്നാറിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാനിടയായ സാഹചര്യം സമിതി ആരാഞ്ഞു. കെട്ടിടനിർമ്മാണത്തിനുള്ള അനുവാദം നൽകുന്നത് പഞ്ചായത്ത് വകുപ്പാണെന്ന് റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

മൂന്നാറിൽ നടക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് മൂന്നാർ മേഖലയിൽ അനധികൃത പട്ടയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ കളക്ടറുടെ എൻ.ഒ.സി.കൂടി വേണമെന്ന ഹൈക്കോടതിയുടെ വിധി ഉണ്ടെന്നും 2010-നു ശേഷം കളക്ടറുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ടെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു.

എൽ. എ. പട്ടയങ്ങൾക്ക് ബാധകമായ നിയന്ത്രണങ്ങൾക്ക് വിരുദ്ധമായി നടപടികൾ സ്വീകരിക്കുമ്പോൾ കേസുകൾ രജിസ്റ്റർ ചെയ്യാറുണ്ടോ എന്നുള്ള സമിതിയുടെ സംശയത്തിന്, നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ പ്രതിഷേധം ഉണ്ടാകുന്നുവെന്നും പലപ്പോഴും റവന്യൂ വകുപ്പിന്റെ അനുമതിയില്ലാതെ കെട്ടിട നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകുന്നുണ്ടെന്നും ആയതിനാൽ പരിസ്ഥിതിലോല പ്രദേശങ്ങൾക്ക് മാത്രമായി പ്രത്യേകമായ ഒരു കെട്ടിടനിർമ്മാണചട്ടം രൂപീകരിക്കുന്നത് നന്നായിരിക്കുമെന്നും ലാന്റ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടു.

പട്ടയവ്യവസ്ഥകൾ ലംഘിക്കപ്പെട്ട സംഗതികളിൽ ഭൂമി തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അങ്ങനെ നടപടി സ്വീകരിച്ച എത്ര കേസുകളാണുള്ളതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, പട്ടയം റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേസുകളുടെ എണ്ണം വിശദമായി പരിശോധിച്ചതിനുശേഷം അറിയിക്കാമെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു.

മൂന്നാറിലെ 8 പഞ്ചായത്തുകളുടെ പരിധിക്കകത്ത് 1957-ന് ശേഷം പട്ടയവ്യവസ്ഥകൾ പാലിക്കാത്ത ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ എത്ര സമയം വേണ്ടിവരുമെന്ന് സമിതി ആരാഞ്ഞതിന് കുറഞ്ഞത് ആറുമാസം വേണ്ടി വരുമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു.

മൂന്നാർ എന്ന അനുഗ്രഹീതമായ പ്രദേശത്തിന്റെ സംരക്ഷണചുമതല വിവിധ വകുപ്പുകൾ തമ്മിലുള്ള തർക്കത്തിൽ ഇല്ലാതായിപ്പോകുകയാണെന്നതിനാൽ ഇതു സംബന്ധിച്ച് എല്ലാ വകുപ്പുകളും ചേർന്ന് ഒരു പൊതുസംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് സമിതി വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞു. പട്ടയവും കെട്ടിടനിർമ്മാണ അനുമതിയുമെല്ലാം ഒരേ അധികാരപരിധിയിലേക്ക് മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടു.

മൂന്നാറിലെ കെട്ടിടനിർമ്മാണങ്ങളെക്കുറിച്ച് പൊതുവിലും കെട്ടിടങ്ങളുടെ ഉയരം സംബന്ധിച്ച് പ്രത്യേകിച്ചും സമിതി വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞു. പട്ടയം കൊടുത്തിട്ടുള്ള ഭൂമി, വ്യവസ്ഥയിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യത്തിനല്ലാതെ ഉപയോഗിച്ചാൽ അത് തിരിച്ചെടുക്കാനുള്ള വ്യവസ്ഥ നിയമത്തിലുണ്ട് എന്നും അതുകൊണ്ട് ആ പ്രദേശത്ത് വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനിർമ്മാണം പാടില്ലെന്നുള്ള നിരോധനം കൊണ്ടുവരികയും നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് നിയമലംഘനം മുഴുവൻ കർശനമായി തടയാൻ നടപടി സ്വീകരിക്കുകയും ചെയ്താൽ ഘട്ടംഘട്ടമായി ഇക്കാര്യങ്ങൾ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്നും ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. റവന്യൂ വകുപ്പ് പ്രത്യേക ആവശ്യങ്ങൾക്കു വേണ്ടി കൊടുത്തിട്ടുള്ള ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന നിയമഭേദഗതിയും പുതുതായി ഒരു കെട്ടിടവും മൂന്നാറിൽ നിർമ്മിക്കാൻ പാടില്ലെന്ന കർശനനിർദ്ദേശവും നടപ്പിലാക്കണമെന്നും കെട്ടിടനിർമ്മാണത്തിന് അനുമതി നൽകേണ്ട സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിബന്ധനകൾക്ക് വിധേയമായേ അനുമതി നൽകൂ എന്ന നിയമം കൊണ്ടുവരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മൂന്നാറിനായി ഒരു എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുകയും വികസന അതോറിറ്റി വന്നാൽ പോലും മാനേജ്മെന്റ് പ്ലാനിന് വിരുദ്ധമായി ഒരു പദ്ധതിയുടെയും പ്രവർത്തനം അനുവദിയ്ക്കാതിരിക്കുകയും ചെയ്താൽ പത്ത് വർഷം കൊണ്ട് മൂന്നാറിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കുമെന്നും വകുപ്പ് അറിയിച്ചു.

മൂന്നാറിലെ ടൂറിസത്തിന്റെ സാദ്ധ്യത പൂർണ്ണമായും പരിസ്ഥിതി നിലനിൽക്കുന്നതിലാണെന്നും പരിസ്ഥിതിക്ക് പരിക്ക് പറ്റിയാൽ മൂന്നാറിൽ ടൂറിസമില്ലെന്നും അതുകൊണ്ട് പരിസ്ഥിതി സൗഹൃദ വികസനമാണ് ആവശ്യമെന്നും സമിതി അഭിപ്രായപ്പെട്ടു.

മൂന്നാറിലെ പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന യാതൊരു പ്രവൃത്തികൾക്കും ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും പിന്തുണ ലഭിക്കുകയില്ലെന്നും മൂന്നാറിലെ ടൂറിസത്തിന്റെ വികസനത്തിന് കെട്ടിടനിർമ്മാണം ആവശ്യമാണെന്ന നിലപാട് ടൂറിസം വകുപ്പിനില്ലെന്നും ടൂറിസം വകുപ്പ് അറിയിച്ചു. എന്നാൽ ഇടുക്കി ജില്ലയുടെ പ്രാദേശിക സമ്പദ്ഘടനയുടെ

പ്രധാനപ്പെട്ട ഒരു സാമ്പത്തിക സ്രോതസ്സായ ടൂറിസത്തിൽ താമസസൗകര്യം അവശ്യംവേണ്ട ഘടകമാണെന്നും പ്രകൃതിയെ ഹനിക്കാത്ത രീതിയിലുള്ള ടൂറിസത്തെ പ്രോൽസാഹിപ്പിക്കുന്നതാണ് നല്ലതെന്നും മൂന്നാറിൽ സംഭവിച്ച പരിസ്ഥിതി പ്രശ്നങ്ങൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഏറ്റവും വലിയ പോരായ്മയാണെന്നും മൂന്നാറിലെ എല്ലാ നിർമ്മാണപ്രവർത്തനങ്ങളുടെയും മുഴുവൻ ഉത്തരവാദിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടുകാര്യസ്ഥതയും യുക്തമായ മാനേജ്മെന്റ് പ്ലാൻ ഇല്ലാത്തതുമാണെന്നും ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

മൂന്നാറിലെ മാലിന്യ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥിതി സമിതി ആരാഞ്ഞു. മൂന്നാറിലിപ്പോൾ ഓർഗനൈസ്ഡ് സെക്ടറിനേക്കാൾ കൂടുതൽ ഹോംസ്റ്റേകൾ വരികയും വികസിക്കുകയും ചെയ്തിരിക്കുകയാണെന്നും ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയിൽ നിന്നുള്ള മലിനീകരണം നിയന്ത്രണാതീതമായ അപകടാവസ്ഥയിലാണെന്നും അവിടെ ഒരു പൊതുവായ മാലിന്യ സംസ്കരണ സംവിധാനമാണ് വേണ്ടതെന്ന് ബഹു. ഹൈക്കോടതിയും ഗ്രീൻട്രിബ്യൂണലും നിർദ്ദേശിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടുകൂടി മാത്രമെ പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടുപിടിക്കാൻ സാധിക്കുകയുള്ളുവെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അറിയിച്ചു.

മൂന്നാറിലെ ഹോട്ടലുകളുടെ മാലിന്യ സംസ്കരണശേഷി പരിശോധിക്കാനുള്ള ഉത്തരവാദിത്തം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് സമിതി ആരായുകയുണ്ടായി. പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ ഒരു സ്ഥാപനത്തിനും സാധിക്കുകയില്ലെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ എന്ന നിബന്ധന പഞ്ചായത്തുകൾ പാലിച്ചാൽതന്നെ മൂന്നാറിലെ തോട്ടിലേക്ക് മാലിന്യം വരുന്നത് അവസാനിക്കുമെന്നും ഖരമാലിന്യം ശേഖരിക്കുന്നതും നിർമാർജ്ജനം ചെയ്യുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണെന്നും അതിനുവേണ്ട സാങ്കേതിക സഹായം ചെയ്തുകൊടുക്കേണ്ടതാണെന്നും ടൂറിസം സെക്രട്ടറി അറിയിച്ചു.

മൂന്നാറിന് അനുയോജ്യമായ മാലിന്യസംസ്കരണ സാങ്കേതികവിദ്യ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. ഖരമാലിന്യ സംസ്കരണത്തിനുള്ള സാങ്കേതികവിദ്യ നൽകിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ ശുചിത്വമിഷന് സാങ്കേതിക സഹായം നൽകുവാൻ സാധിക്കുമെന്നും എന്നാൽ ഘട്ടംഘട്ടമായ പ്രവർത്തനത്തിലൂടെ മാത്രമേ ഇത് വിജയത്തിലെത്തിക്കാൻ സാധിക്കുകയുള്ളൂവെന്നും ഹരിതകേരളം കാമ്പയിന്റെ ഭാഗമായി മാതൃകകൾ ചെയ്യുന്നതിൽ മൂന്നാറിനെയും ഉൾപ്പെടുത്താവുന്നതാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സ്ഥാപനം തുടങ്ങുന്നതിന് ലൈസൻസ് അനുവദിക്കൂ എന്ന നിബന്ധനയും പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഹോട്ടലുകൾക്കും മറ്റും ബയോ ഡീഗ്രേഡബിൾ വേസ്റ്റ് സംസ്കരിക്കാനുള്ള സംവിധാനമില്ലെങ്കിൽ സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്ത് പ്രവർത്തനം നിർത്തലാക്കുന്നത് സംബന്ധിച്ച അധികാരവും കേരളത്തിലെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും ഫലപ്രദമായി വിനിയോഗിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നതെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

മൂന്നാറിലെ പ്രകൃതിയും കാലാവസ്ഥയും പ്രത്യേകതയും പരിഗണിച്ച് 8 പഞ്ചായത്തുകൾ ചേർന്നുള്ള മൂന്നാർ മേഖലയിൽ ശാസ്ത്രീയമായ ഒരു മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കുവാൻ പൊല്യൂഷൻ കൺട്രോൾ ബോർഡിനും പഞ്ചായത്തിനും ശുചിത്വമിഷനും സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന്, ഇതിനാവശ്യമായ സാങ്കേതിക വിദ്യ ശുചിത്വമിഷനുണ്ടെന്നും എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാരം ശരിയായ രീതിയിൽ വിനിയോഗിച്ചാൽ മാത്രമേ ഈ സംവിധാനം ഫലപ്രാപ്തിയിലെത്തുകയുള്ളുവെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

പാരിസ്ഥിതിക പ്രശ്നങ്ങളുടെ പരിഹാരത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, തീരദേശ പരിപാലന നിയമത്തിന്റെ മാതൃകയിലുള്ള നിയമം പരിസ്ഥിതിലോല പ്രദേശങ്ങൾക്കും ബാധകമാക്കണമെന്ന് പ്ലാനിംഗ്, ഇക്കണോമിക് അഫയേഴ്സ് ആന്റ് എൻവയോൺമെന്റ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

മൂന്നാറിലെ പരിസ്ഥിതി, ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് മൂന്നാറിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായി നിരോധിക്കണമെന്ന ശിപാർശ കമ്മിറ്റി നൽകണമെന്നും കോടതി വ്യവഹാരങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

മൂന്നാറിലേക്ക് വരുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തൽ, മൂന്നാർ ടൗണിൽ വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിന് പാർക്കിംഗ് സംവിധാനം, മൂന്നാറിലെ ടാക്സിഡ്രൈവർമാർക്ക് പ്രത്യേക യൂണിഫോം, തിരിച്ചറിയൽ കാർഡ്, പരിശീലനം തുടങ്ങിയ സൗകര്യങ്ങൾ നൽകുക എന്നിവയുടെ കാര്യത്തിൽ വകുപ്പുകളെ തമ്മിൽ ഏകോപിപ്പിച്ചു കൊണ്ടുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ശിപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് സമിതി തീരുമാനിച്ചു.

വാട്ടർ മാനേജ്മെന്റ് ആന്റ് പവർ കൺസൾട്ടൻസി കോർപ്പറേഷന്റെ കേന്ദ്രസംഘടനയായ WAPCOS-ന്റെ സഹായത്തോടെ മൂന്നാർ, വട്ടവട പ്രദേശങ്ങളിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ചുകൊണ്ട് ആ പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനെ കുറിച്ച് ആലോചിച്ചു വരികയാണെന്നും കീടനാശിനിയുടെയും മറ്റും അളവ് കുറച്ച് ശരിയായ കാർഷിക സമ്പ്രദായത്തിലൂടെ പ്രത്യേക കാർഷികമേഖല രൂപീകരിക്കുന്നത് സംബന്ധിച്ച പരിപാടിയും കൃഷിവകുപ്പിന്റെ ഭാഗത്തു നിന്നും ചെയ്യുന്നുണ്ടെന്നും എന്നാൽ അതിന് വിഘാതമായി നിൽക്കുന്ന പ്രധാനപ്പെട്ട കാര്യം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിനു വേണ്ടി നട്ടുവളർത്തുന്ന യൂക്കാലിപ്റ്റസ് മരങ്ങളാണെന്നും ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ സോഷ്യൽ ഫോറസ്ട്രി മാറ്റി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് കൃഷിവകുപ്പ് നിർദ്ദേശിച്ചെന്നും ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിന് കരാർ കൊടുക്കുന്ന ഭാഗം ഒഴിവാക്കി കൃഷിവകുപ്പ് ഫലവൃക്ഷം അല്ലെങ്കിൽ കൃഷി ആവശ്യത്തിനായി ഭൂമി ഉപയുക്തമാക്കിയാൽ പരിസ്ഥിതിക്ക് പ്രയോജനം ചെയ്യുമെന്നും കൃഷി വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

മൂന്നാറിലെ ജല മലിനീകരണവും അനുബന്ധപ്രശ്നങ്ങളും സംബന്ധിച്ച് സമിതി വിവരങ്ങൾ ആവശ്യപ്പെട്ടു. നദികളിലെ ഒഴുക്ക് കൂട്ടുന്നതിനുള്ള ഒരേയൊരു വഴി വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളുടെ ശരിയായ രീതിയിലുള്ള പരിരക്ഷയാണെന്നും 'ഹരിതകേരളം ' പദ്ധതി മുഖേന കൃഷി വകുപ്പുമായി ചേർന്ന് പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നുണ്ടെന്നും നദികളിലെ മാലിന്യ നിർമ്മാർജ്ജനം നടപ്പിൽ വരുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു

മൂന്നാറിലെ പരിസ്ഥിതി നിലനിർത്താൻ വനംവകുപ്പിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് സമിതി ആരാഞ്ഞതിന്, മൂന്നാറിലെ പരിസ്ഥിതി നിലനിർത്തണമെങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ ഭൂപ്രകൃതിയെ സംരക്ഷിക്കുന്ന തരത്തിൽ ഓരോ വകുപ്പിന്റേയും പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹാർദ്ദമായി മുന്നോട്ടു കൊണ്ടുപോകണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചു മൂന്നാറിൽ 2200 ഹെക്ടർ സ്ഥലത്ത് യൂക്കാലിപ്റ്റസ് മരങ്ങളും 22 വാട്ടർ ഷെഡ്ഡുകളും 115 മൈക്രോ വാട്ടർ ഷെഡ്ഡുമുണ്ടെന്നും കണ്ണൻ ദേവൻ ഹിൽസിനുള്ളിൽത്തന്നെ 22 ചോലകളുണ്ടെന്നും ഈ ചോലകളെല്ലാംതന്നെ ജലസ്രോതസ്സുകളാണെന്നും കമ്പനി ഈ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നുണ്ടെങ്കിലും ചോലവനങ്ങൾ നശിപ്പിക്കപ്പെടാതിരിക്കുന്ന രീതിയിൽ സംവിധാനങ്ങളും സഹായങ്ങളും കൂടി ചെയ്യേണ്ടതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടു.

വനം വകുപ്പിന്റെ ബോർഡുകൾ ഇരുമ്പുകൊണ്ടുണ്ടാക്കി പച്ച പെയിന്റടിച്ചതാണെന്നും ലോകത്ത് പലയിടങ്ങളിലും ഇത്തരം ബോർഡുകൾ വച്ചിരിക്കുന്നത് തടികൊണ്ടാണെന്നും സമിതി ചൂണ്ടിക്കാട്ടി. വനത്തിലെ ബോർഡുകൾ പരിസ്ഥിതി സൗഹൃദ സാധനങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള ശിപാർശ വനംവകുപ്പിൽ നിന്നുമുണ്ടാകുമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിക്ക് ഉറപ്പ് നൽകി.

കാലാവസ്ഥ വ്യതിയാനം മൂന്നാറിൽ ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ഇക്കാര്യം ശാസ്ത്രീയമായി കണ്ടെത്തേണ്ട കാര്യമാണെന്നും മൂന്നാർ മേഖലയുൾപ്പെടെ കേരളത്തിലാകമാനം രോഗാവസ്ഥ വിലയിരുത്തൽ സംബന്ധിച്ച സർവ്വേ ആരോഗ്യവകുപ്പ് നടത്തുന്നുണ്ടെന്നും സമിതി ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് മുൻപ് ശാസ്ത്രീയമായ പഠനം നടത്തി റിപ്പോർട്ട് പൂർത്തിയാക്കാനാവില്ലെന്നും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

മൂന്നാറിനായി പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്ലാൻ സജ്ജമായിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, 6-6-2007-ലാണ് മൂന്നാറിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നതെന്നും മൂന്നാറിലുണ്ടായ പ്രകൃതി ദുരന്തത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കെട്ടിടനിർമ്മാണ ചട്ടങ്ങൾ നിർബന്ധമാക്കിയതെന്നും 2010-ലെ ഹൈക്കോടതി വിധിയെത്തുടർന്ന് ആസൂത്രണ വകുപ്പ് 1074 സ്ക്വയർ കിലോമീറ്റർ വരുന്ന മൂന്നാർ, മാങ്കുളം, മറയൂർ, വട്ടവട, കാന്തവിള, കാന്തല്ലൂർ, ചിന്നക്കനാൽ, പള്ളിവാസൽ, ബൈസൺവാലി, ശാന്തൻപാറ എന്നിങ്ങനെ 10 പഞ്ചായത്തുകൾ ചേർന്ന് മൂന്നാർ മേഖല രൂപീകരിച്ച് തയ്യാറാക്കിയ പദ്ധതി സർക്കാരിന് സമർപ്പിച്ചിരുന്നത് സമിതിക്ക് രേഖയായി സ്വീകരിക്കാവുന്നതാണെന്നും ആയതിൽ സമിതി ചർച്ചചെയ്യുകയും ആശങ്കപ്പെടുകയും ചെയ്ത പല പ്രശ്നങ്ങൾക്കും പരിഹാരം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ചീഫ് ടൗൺ പ്ലാനർ സമിതിയിൽ വിശദീകരിച്ചു

കോടതി രേഖയിൽപ്പോലും പറഞ്ഞിട്ടുള്ളത് മൂന്നാർ മേഖല എന്നത് മൂന്നാർ ഉൾപ്പെടെ എട്ട് പഞ്ചായത്തുകളാണെന്നും പ്രസ്തുത മേഖലയ്ക്കായി ഒരു അതോറിറ്റി ഉണ്ടാക്കുമ്പോൾ പത്ത് പഞ്ചായത്തുകൾ ഉൾപ്പെടുത്തുന്നതിൽ വൈരുദ്ധ്യമുണ്ടോയെന്നും സമിതി ആരായുകയുണ്ടായി. എട്ട് പഞ്ചായത്തുകളെ ഇതിൽ നിന്നും വേർതിരിച്ച് എടുക്കാവുന്നതേയുള്ളുവെന്നും, ആ എട്ട് പ്രദേശങ്ങളെ പ്രധാനമായും കൺസർവേഷൻ സോൺ 1&2, പ്രോമോട്ടീവ് സോൺ 1&2, പ്രോമോട്ടീവ് സോൺ 3, ന്യൂ ടൗൺഷിപ്പ് സോൺ എന്നിങ്ങനെ 6 മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസക്ത രൂപരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വകുപ്പ് ഉദ്യോഗസ്ഥൻ വിശദീകരിച്ചു

യോഗത്തിൽ പറഞ്ഞ കാര്യങ്ങളും സമിതി ആവശ്യപ്പെട്ട വിവരങ്ങളും ഉൾപ്പെടുന്ന റിപ്പോർട്ട് ഫെബ്രുവരി മാസം 15-ന് മുൻപായി സമിതിക്ക് സമർപ്പിക്കണമെന്ന് എല്ലാ വകുപ്പുകളോടും സമിതി അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

സമിതി യോഗം വൈകുന്നേരം 4.00 മണിക്ക് അവസാനിച്ചു.

## അനുബന്ധം II (a)

## വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

മൂന്നാർ മേഖലയെ പരിസ്ഥിതി സൗഹാർദ്ദപരമാക്കുന്നതിനായി വനം വകുപ്പിന്റെ ഭാഗത്തുനിന്നുള്ള പൊതുവായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതുജനങ്ങളുമായി സഹകരിച്ച് പരസ്പര ലാഭത്തോടെ വിവിധ ഉൽപാദന മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ സുസ്ഥിര വികസനം നടപ്പിലാക്കുക. ഇതിന്റെ ഭാഗമായി വിവിധ ആവശ്യങ്ങൾക്കായുള്ള ഭൂമിയുടെ യുക്തിപൂർവ്വമായ ഉപയോഗം, പുതിയ ഉപജീവന മാർഗ്ഗങ്ങൾ, പങ്കാളിത്ത വനസംരക്ഷണം എന്നിവ നടപ്പിലാക്കുക.

2. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണത്തിനും പുനരുപയോഗത്തിനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

3. പ്ലാസ്റ്റിക് വസ്തുക്കൾക്കു പകരം പരിസ്ഥിതി സൗഹൃദമായ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. തോട്ടം മേഖല ഇന്നു നേരിടുന്ന പ്രധാന പ്രശ്നങ്ങളായ വർദ്ധിച്ചുവരുന്ന കീടനാശിനി പ്രയോഗം, മണ്ണൊലിപ്പ്, ഉൽപ്പാദനക്കുറവ്, വിലത്തകർച്ച എന്നിവയ്ക്ക് പരിഹാരമാകുന്ന പദ്ധതികൾക്ക് രൂപം നൽകുക.

5. ടൂറിസം കേന്ദ്രമായ മൂന്നാറിന്റെ സൗന്ദര്യവത്ക്കരണം, ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുവാനായി വഴിവാണിഭക്കാർ ഉൾപ്പെടെയുള്ള എല്ലാ തദ്ദേശീയരേയും ഉൾപ്പെടുത്തി പരിസ്ഥിതി സൗഹാർദ്ദപരമായ ടൂറിസം മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക. ഇതിന്റെ ഭാഗമായി ഹോംസ്റ്റേകൾ, പ്ലാന്റേഷൻ വിസിറ്റ് എന്നിവ പ്രോത്സാഹിപ്പിക്കുക. പരിസ്ഥിതി സൗഹാർദ്ദ ഹോട്ടലുകളിലെ പരിശീലനം സിദ്ധിച്ച ടൂറിസ്റ്റ് ഗൈഡുകളെ സർക്കാർ അംഗീകരിക്കുക; പ്രദേശത്തിന്റെ ടൂറിസ്റ്റ് വാഹകശേഷി അടിസ്ഥാനമാക്കിയുള്ള ശാസ്ത്രീയമായ അടിസ്ഥാന സൗകര്യ വികസനം എന്നിവയും നടപ്പിലാക്കേണ്ടതായുണ്ട്. ഇത്തരം പ്രവർത്തികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായി വരും.

കൂടാതെ സമിതി ആവശ്യപ്പെട്ട മറ്റു വിവരങ്ങൾ ചുവടെ ചേർക്കുന്നു:

### I. മൂന്നാർ മേഖലയിലെ ചോലവനങ്ങൾ

വനം വകുപ്പിന്റെ കൈവശത്തിലുള്ള 424 ഹെക്ടർ വരുന്ന 12 ഷോലകൾ 11-1-2007-ലെ EFL/1235/2006 വിജ്ഞാപനം അനുസരിച്ച് EFL ആയി പ്രഖ്യാപിച്ചിരുന്നു. 2010 ഏപ്രിൽ മാസത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം

മൂന്നാർ സന്ദർശിച്ച കേന്ദ്ര സംഘം മൂന്നാർ കണ്ണൻദേവൻ ഹിൽസ് മേഖലയിലെ സ്വാഭാവിക ചോലവനങ്ങൾ റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം കണ്ണൻ ദേവൻ ഹിൽസ് കമ്പനിയുടെ തേയിലത്തോട്ടങ്ങൾക്കിടയിൽ വരുന്ന താഴെ പറയുന്ന ചോലവനങ്ങൾ കണ്ടെത്തുകയും അവയുടെ കരട് റിസർവ് ഫോറസ്റ്റ് വിജ്ഞാപനം തയ്യാറാക്കിവരികയും ചെയ്യുന്നു. ഈ പ്രക്രിയ ഉടൻതന്നെ പൂർത്തിയാകുന്നതാണ്.

| ക്രമ നമ്പർ | ചോലവനം | വിസ്തൃതി (ഹെക്ടർ) | റെയ്ഞ്ച് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | നെറ്റിക്കുടി ചോല | 2 | ദേവികുളം |
| 2 | അരമന ചോല | 5 | ദേവികുളം |
| 3 | ഗുഡാർലെ ചോല | 5 | ദേവികുളം |
| 4 | 8-ാം ചോല | 10 | ദേവികുളം |
| 5 | ഉരുളി ചോല | 25 | ദേവികുളം |
| 6 | പച്ചക്കാട് ചോല | 6 | ദേവികുളം |
| 7 | എല്ലപ്പെട്ടി ടോപ്പ് | 12 | ദേവികുളം |
| 8 | എല്ലപ്പെട്ടി വെസ്റ്റ് | 40 | ദേവികുളം |
| 9 | ചുവരൈ പി.ആർ.ഡിവിഷൻ | 8 | ദേവികുളം |
| 10 | സൈലന്റ് വാലി ചോല | 13 | ദേവികുളം |
| 11 | ചൊക്കനാട് ചോല | 10 | ദേവികുളം |
| 12 | ബൈസൺ ചോല | 20 | ദേവികുളം |
| 13 | മന്ദിചോല | 5 | ദേവികുളം |
| 14 | തെന്മല ചോല | 50 | മൂന്നാർ |
| 15 | സോത്ത്പാറ ചോല | 60 | മൂന്നാർ |
| 16 | കടലാർ ചോല | 25 | മൂന്നാർ |
| 17 | പെട്ടിമുടി ഷോള ബിറ്റ് -1 | 10 | മൂന്നാർ |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | പെട്ടിമുടി ചോല ബിറ്റ്-2 | 20 | മൂന്നാർ |
| 19 | ലക്ഷ്മി സൗത്ത് ചോല | 10 | മൂന്നാർ |
| 20 | ലക്ഷ്മി ചോല ബിറ്റ്-1 | 30 | മൂന്നാർ |
| 21 | ലക്ഷ്മി ചോല ബിറ്റ്-2 | 10 | മൂന്നാർ |
| 22 | ആനമുടി ചോല | 50 | മൂന്നാർ |

2. <u>മൂന്നാർ മേഖലയിലെ യൂക്കാലിപ്റ്റസ് കൃഷി</u>

മൂന്നാർ വനം ഡിവിഷന്റെ കീഴിലുള്ള യൂക്കാലി തോട്ടങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ഇതോടൊപ്പം സമർപ്പിക്കുന്നു. വനം വകുപ്പ് പുതുതായി യൂക്കാലി തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നില്ല. യൂക്കാലിതോട്ടങ്ങൾ മൂന്നു റൊട്ടേഷനുകൾ വരെ വിളവെട്ടപ്പ് നടത്താവുന്നതാണ്. നിലവിലുള്ള യൂക്കാലിത്തോട്ടങ്ങൾ മൂന്ന് റൊട്ടേഷൻ വിളവെട്ടത്ത് കഴിഞ്ഞാൽ അവിടങ്ങളിൽ മേഖലയ്ക്ക് അനുയോജ്യമായ തദ്ദേശീയ വിളകൾ വച്ചുപിടിപ്പിക്കാവുന്നതാണ്.

3. <u>ജലാശയങ്ങളുടെ സംരക്ഷണം.</u>

മൂന്നാർ വനം ഡിവിഷനിലെ വനമേഖലകളിൽ താഴെ വിവരിക്കുന്ന ചെക്ക് ഡാമുകൾ, കുളങ്ങൾ, വയലുകൾ എന്നിവയുണ്ട്. അവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നതാണ്.

| ക്രമ നമ്പർ | ഇനം | സ്ഥലം | റെയ്ഞ്ച് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ചെക്ക്ഡാം | സെൻട്രൽ നേഴ്സറി | ദേവികുളം |
| 2 | ചെക്ക്ഡാം | KA ബ്ലോക്ക് | ദേവികുളം |
| 3 | ചെക്ക്ഡാം | മാൻകടി | മൂന്നാർ |
| 4 | ചെക്ക്ഡാം | ഇരുപ്പകല്ലുകടി | മൂന്നാർ |
| 5 | ചെക്ക്ഡാം | പരപ്പയാർകടി | മൂന്നാർ |
| 6 | ചെക്ക്ഡാം | ഇസ്ഥലിപ്പാറക്കടി | മൂന്നാർ |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ചെക്ക്ഡാം | വളയംകളം | അടിമാലി |
| 8 | ചെക്ക്ഡാം | ചൂരകെട്ടാൻ | അടിമാലി |
| 9 | ചെക്ക്ഡാം | സൂര്യാംകുടി | അടിമാലി |
| 10 | ചെക്ക്ഡാം | കപ്പേത്തറ | അടിമാലി |
| 11 | ചെക്ക്ഡാം | ഈന്തലാംപാറ | നേര്യമംഗലം |
| 12 | ചെക്ക്ഡാം | ചെമ്പൻകുഴി | നേര്യമംഗലം |
| 13 | ചെക്ക്ഡാം | ആനച്ചന്ത | നേര്യമംഗലം |
| 14 | ചെക്ക്ഡാം | മെഴുക്കമാലി | നേര്യമംഗലം |
| 15 | ചെക്ക്ഡാം | മുത്തിക്കാട് | നേര്യമംഗലം |
| 16 | വയൽ | പീത്തഴംചാൽ | അടിമാലി |
| 17 | കളം | കൈതച്ചാൽ (2 എണ്ണം) | അടിമാലി |

മൂന്നാർ ഡിവിഷന്റെ പരിധിയിലുള്ള മറ്റ് മൈക്രോ വാട്ടർ ഷെഡ്ഡുകളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.

അനുബന്ധം I

Eucalyptus Plantations in Munnar Division

| Sl. No. | Division | Range | Location | Year | Ha. | Remarks |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | Munnar | Devikulam | Kuttiarvally | 1965 | 8.90 | Handed over to Munnar Range for Fern Sanctuary |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 2 | Munnar | Adimaly | Mukkudam (Thumbippara) | 1965 | 166.40 | Clear felled, some area enchroached by the tribal people of Thumbippara previously |
| 3 | Munnar | Adimaly | Ponmudi | 1966 | 57.00 | .. |
| 4 | Munnar | Devikulam | Ka-Block | 1974 | 83.00 | Extracted by M/s HNL during 1999-2000. Coppice maintained. |
| 5 | Munnar | Adimaly | Kaithachal | 1976 | 71.15 | Poor stock |
| 6 | Munnar | Adimaly | Kurathikudi | 1982 | 30.00 | Poor stock |
| 7 | Munnar | Adimaly | Kathippara | 1982 | 25.00 | Poor stock |
| 8 | Munnar | Adimaly | Perinjamkutty | 1984 | 40.00 | Poor stock |
| 9 | Munnar | Adimaly | Plakkayam | 1984 | 42.00 | 1993, 50% stock Augumentation 2007. |
| 10 | Munnar | Adimaly | Mezhukumchal | 1985 | 16.00 | Poor stock |
| 11 | Munnar | Adimaly | Kattamudy | 1985 | 33.00 | 15% Poor stock |
| 12 | Munnar | Munnar | Rajamala | 1986 | 5.00 | Failed |
| 13 | Munnar | Munnar | Rajamala | 1986 | 15.00 | .. |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 14 | Munnar | Munnar | Munnar | 1986 | 0.50 | Failed |
| 15 | Munnar | Adimaly | Boarder Plantation Padikkappu | 1987 | 10.00 | 25% Poor stock |
| 16 | Munnar | Adimaly | Kaithachal | 1989 | 12.00 | Poor stock |
| 17 | Munnar | Adimaly | Ponmudi | 1990 | 36.00 | Failed Poor stock |
| 18 | Munnar | Adimaly | Augmentation Kaithchal | 1993 | 25.00 | Failed Poor stock |
| 19 | Munnar | Adimaly | Augmentation Plackayam | 1993 | 37.50 | 50% Stock |
| 20 | Munnar | Devikulam | Kacheriland | 1994 | 22.00 | Replanting of 63 plantation |
| 21 | Munnar | Munnar | Puthukudy | 1994 | 10.00 | Failed Plantation |
| 22 | Munnar | Munnar | Kallar | 1995 | 41.00 | (Extraction work started) |
| 23 | Munnar | Munnar | Pettimudi | 1996 | 75.00 | - |
| 24 | Munnar | Munnar | Oosimala | 1996 | 59.90 | - |
| 25 | Munnar | Devikulam | Uppersantos | 1997 | 30.00 | - |
| 26 | Munnar | Munnar | Pettimudi | 1997 | 40.00 | - |
| 27 | Munnar | Munnar | Pettimudi | 1997 | 50.24 | - |
| 28 | Munnar | Devikulam | Ka-block | 1999 | 153.00 | Replanting of 1974 plantation |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 29 | Munnar | Devikulam | Kacheriland | 1999 | 11.97 | Replanting of 1963 plantation |
| 30 | Munnar | Devikulam | Kacheriland | 1999 | 7.20 | - |
| 31 | Munnar | Adimaly | Manjakuzhi | 1999 | 50.00 | Poor Stock, 15% |
| 32 | Munnar | Adimaly | Plakkayam | 1999 | 40.00 | Augmented area 2007-08 |
| 33 | Munnar | Munnar | Kallar | 1999 | 4.80 | - |
| 34 | Munnar | Munnar | Pambanmala | 1999 | 3.15 | - |
| 35 | Munnar | Munnar | Sholamala | 1999 | 2.56 | - |
| 36 | Munnar | Devikulam | Devimala | 2000 | 4.50 | - |
| 37 | Munnar | Devikulam | Theerthamala Sandoz | 2000 | 7.50 | - |
| 38 | Munnar | Devikulam | Grahamsland | 2000 | 7.50 | - |
| 39 | Munnar | Devikulam | Kundala Sandoz | 2000 | 25.00 | - |
| 40 | Munnar | Adimaly | Pettimudi | 2000 | 30.50 | 40% |
| 41 | Munnar | Munnar | Gundumala | 2000 | 3.50 | - |
| 42 | Munnar | Munnar | Pambanmala | 2000 | 12.00 | - |
| 43 | Munnar | Devikulam | Ka-Block | 2001 | 71.00 | - |
| 44 | Munnar | Devikulam | Theerthamala | 2001 | 7.50 | - |
| 45 | Munnar | Devikulam | Kuttiyar | 2001 | 35.00 | - |
| 46 | Munnar | Devikulam | Ka-Block | 2001 | 45.00 | - |
| 47 | Munnar | Munnar | Upper Gundumala | 2001 | 14.00 | - |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 48 | Munnar | Munnar | Upper Gundumala | 2001 | 20.80 | - |
| 49 | Munnar | Munnar | Shola mala | 2001 | 4.37 | - |
| 50 | Munnar | Munnar | Kadukumudi | 2001 | 5.20 | - |
| 51 | Munnar | Munnar | Vayalkkadavu | 2001 | 4.00 | - |
| 52 | Munnar | Devikulam | Cape | 2002 | 4.00 | Extracted by HNL during 2001 Replanting of 1962 PLN |
| 53 | Munnar | Devikulam | Pazhathottam (lower) | 2002 | 6.00 | Two bits |
| 54 | Munnar | Devikulam | Yellapetty | 2002 | 2.67 | - |
| 55 | Munnar | Devikulam | Yellapetty | 2002 | 7.50 | - |
| 56 | Munnar | Devikulam | Gundmala | 2002 | 7.50 | - |
| 57 | Munnar | Devikulam | Gundmala Kurisumutta-Sailentvalley-bit-I | 2003 | 26.50 | - |
| 58 | Munnar | Devikulam | Kurisumutta - Sailent valley-bit-II | 2003 | 4.70 | - |
| 59 | Munnar | Devikulam | Upper Chettuvurai | 2003 | 14.20 | - |
| 60 | Munnar | Devikulam | Paniyarappara bit-I | 2003 | 16.32 | - |
| 61 | Munnar | Devikulam | Paniyarappara bit-II | 2003 | 12.12 | - |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 62 | Munnar | Devikulam | Ka-Block | 2003 | 83.00 | - |
| 63 | Munnar | Munnar | Gundumala | 2003 | 3.95 | - |
| 64 | Munnar | Munnar | Lekshmi | 2003 | 4.00 | - |
| 65 | Munnar | Munnar | Sholamala | 2003 | 5.10 | - |
| 66 | Munnar | Devikulam | Kundala Randavanakudy | 2004 | 23.93 | - |
| 67 | Munnar | Devikulam | Chokkanandu | 2004 | 23.37 | - |
| 68 | Munnar | Devikulam | Nedumpullumutta | 2004 | 15.02 | - |
| 69 | Munnar | Devikulam | Chettuvarai | 2004 | 12.72 | - |
| 70 | Munnar | Devikulam | Chettuvarai | 2004 | 1.60 | - |
| 71 | Munnar | Devikulam | Odikey Devikulam | 2004 | 7.81 | - |
| 72 | Munnar | Adimaly | Kaithachal | 2004 | 14.60 | - |
| 73 | Munnar | Munnar | Gundumala | 2004 | 9.15 | - |
| 74 | Munnar | Munnar | Gundumala | 2004 | 4.00 | - |
| 75 | Munnar | Munnar | Kadalar | 2004 | 9.80 | - |
| 76 | Munnar | Munnar | Nagamudy | 2004 | 2.60 | - |
| 77 | Munnar | Munnar | Sevenmala | 2004 | 2.73 | - |
| 78 | Munnar | Munnar | Thenmala | 2004 | 14.45 | - |
| 79 | Munnar | Devikulam | Erattayarkallu | 2005 | 21.76 | - |
| 80 | Munnar | Devikulam | Yellapetty | 2005 | 13.27 | - |
| 81 | Munnar | Devikulam | Thogupara | 2005 | 7.79 | - |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 82 | Munnar | Devikulam | ODK | 2005 | 3.78 | - |
| 83 | Munnar | Devikulam | Yellapetty-Karinkulam | 2005 | 5.67 | |
| 84 | Munnar | Devikulam | Pallar-Aruvikadu | 2005 | 11.64 | - |
| 85 | Munnar | Adimaly | Pettimudy | 2005 | 31.50 | - |
| 86 | Munnar | Adimaly | Kaithachal | 2005 | 10.30 | - |
| 87 | Munnar | Adimaly | Thalamaly | 2005 | 4.60 | - |
| 88 | Munnar | Munnar | Gundumala | 2005 | 5.00 | - |
| 89 | Munnar | Munnar | Mattupetty | 2005 | 3.70 | - |
| 90 | Munnar | Munnar | 8th Mile (Neyamakadu) | 2005 | 3.42 | - |
| 91 | Munnar | Munnar | Mattupetty | 2005 | 3.70 | - |
| 92 | Munnar | Munnar | Kannimala Gundumala (A) | 2005 | 7.67 | - |
| 93 | Munnar | Munnar | Kundumala (B) | 2005 | 13.74 | - |
| 94 | Munnar | Munnar | Lakshmi | 2005 | 4.94 | - |
| 95 | Munnar | Munnar | Kannimala Top | 2005 | 2.26 | - |
| 96 | Munnar | Munnar | Nagamudi | 2005 | 1.78 | - |
| 97 | Munnar | Munnar | Sevenmala | 2005 | 4.59 | - |
| 98 | Munnar | Devikulam | Kacheriland | 2006 | 9.51 | Augmented area |
| 99 | Munnar | Devikulam | Kacheriland | 2006 | 7.32 | Augmented area |
| 100 | Munnar | Munnar | Kallar | 2006 | 39.00 | - |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 101 | Munnar | Devikulam | Chokramudi-Chokkanadu. | 2007 | 10.24 | - |
| 102 | Munnar | Adimaly | Ponmudi | 2007 | 15.80 | - |
| 103 | Munnar | Adimaly | Ponmudi | 2007 | 5.17 | Average stock |
| 104 | Munnar | Adimaly | Plakkayam | 2007 | 42.00 | - |
| 105 | Munnar | Munnar | Sevenmala | 2007 | 15.80 | - |
| 106 | Munnar | Devikulam | Senkoinikudy in Gundumala | 2008 | 13.00 | - |
| 107 | Munnar | Devikulam | Urilichola | 2008 | 4.00 | - |
| 108 | Munnar | Devikulam | Pazhathottam | 2009 | 20.62 | - |
| 109 | Munnar | Devikulam | Kovismotta | 2012 | 22.25 | - |
| 110 | Munnar | Devikulam | V.Mutta | 2012 | 13.25 | - |
| | | | | Total | 2330.05 | |

അനുബന്ധം II

**Micro water sheds of Periyar watershed (Watershed code 14p)**

| Sl. No. | Station | Micro watershed (km²) | Extent (km²) |
|---|---|---|---|
| 1 | 2 | 3 | 4 |
| | **Neriyamangalam Range** | | |
| 1 | Inchathotty | 14P32a | 8.268 |
| 2 | Inchathotty | 14P30bn | 12.475 |
| 3 | Inchathotty | 14P33a | 9.6868 |
| 4 | Inchathotty | 14P30bm | 21.3205 |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | Valara | 14P30vj | 25.4998 |
| 6 | Valara | 14P30bi | 17.106 |
| 7 | Valara | 14P34a | 10.453 |
| 8 | Valara | 14P35a | 6.868 |
| 9 | Valara | 14P35e | 5.74 |
| 10 | Valara | 14P36a | 6.917 |
| 11 | Valara | 14P35b | 13.5844 |
| 12 | Nagarampara | 13M38k | 1.281 |
| 13 | Nagarampara | 13M38l | 2.892 |
| 14 | Nagarampara | 14P34a | 10.453 |
| 15 | Nagarampara | 14P33a | 9.686 |
| 16 | Nagarampara | 14P32a | 8.268 |
| 17 | Nagarampara | 14P31c | 1.628 |
| 18 | Nagarampara | 14P31a | 5.816 |
| **Adimaly Range** | | | |
| 19 | Perinjankutty Section | 14P41a | 6.0812 |
| 20 | Perinjankutty Section | 14P41b | 7.2943 |
| 21 | Perinjankutty Section | 14P40b | 25.2227 |
| 22 | Perinjankutty Section | 14P41c(pt) | 12.626 |
| 23 | Perinjankutty Section | 14P40bg | 3.2321 |
| 24 | Perinjankutty Section | 14P41c(pt) | 12.6268 |
| 25 | Mukkudam Section | 14P40bf | 0.2894 |
| 26 | Mukkudam Section | 14P40be | 10.6649 |

| 1 | 2 | 3 | 4 |
|---|---|---|---|
| 27 | Mukkudam Section | 14P40bd | 4.5527 |
| 28 | Mukkudam Section | 14P40bb(pt) | 10.488 |
| 29 | Mukkudam Section | 14P41c | 12.6268 |
| 30 | Mukkudam Section | 14P40bc(pt) | 8.0489 |
| 31 | Mukkudam Section | 14P40bg(pt) | 3.231 |
| 32 | Koombanpara Section | 14P35c(pt) | 30.7343 |
| 33 | Koombanpara Section | 14P40a(pt) | 17.6844 |
| 34 | Koombanpara Section | 14P40b(pt) | 31.943 |
| 35 | Machiplavu Station | 14P30bf | 8.1842 |
| 36 | Machiplavu Station | 14P30bd | 9.6793 |
| 37 | Machiplavu Station | 14P30be | 14.9524 |
| 38 | Machiplavu Station | 14P30bc | 10.9203 |
| 39 | Machiplavu Station | 14P30bg | 8.4002 |
| 40 | Machiplavu Station | 14P30bh | 38.303 |
| 41 | Machiplavu Station | 14P35b(pt) | 9.589 |
| 42 | Machiplavu Station | 14P35c(pt) | 12.293 |
| 43 | Machiplavu Station | 14P40bb | 10.488 |
| 44 | Panamkutty Station | 14P36a(pt) | 2.075 |
| 45 | Panamkutty Station | 14P37a | 7.23190 |
| 46 | Panamkutty Station | 14P35d | 12.854 |
| 47 | Panamkutty Station | 14P38a | 10.5162 |
| 48 | Panamkutty Station | 14P39a | 7.9595 |
| 49 | Panamkutty Station | 14P40a | 17.6844 |
| 50 | Panamkutty Station | 14P40e | 8.565 |

| 1 | 2 | 3 | 4 |
|---|---|---|---|
| **Devikulam Range** | | | |
| 51 | Pallivasal Section | 14P40b | 31.943 |
| 52 | Pallivasal Section | 14P40c | 10.2333 |
| 53 | Pallivasal Section | 14P40h | 7.3822 |
| 54 | Pallivasal Section | 14P40ac | 8.1459 |
| 55 | Pallivasal Section | 14P40g | 5.8403 |
| 56 | Pallivasal Section | 14P40f | 9.6096 |
| 57 | Pallivasal Section | 14P40e | 8.565 |
| 58 | Chinnakanal Section | 14P40ar | 20.091 |
| 59 | Chinnakanal Section | 14P40at | 7.9092 |
| 60 | Chinnakanal Section | 14P40au | 13.352 |
| 61 | Chinnakanal Section | 14P40aq | 10.174 |
| 62 | CHR area | 14P41a | 6.0812 |
| 63 | CHR area | 14P41b | 7.2943 |
| 64 | CHR area | 14P40bg | 15.0540 |
| 65 | CHR area | 14P41bt | 5.6973 |
| 66 | CHR area | 14P40be | 10.665 |
| 67 | CHR area | 14P40bd | 4.5527 |
| 68 | CHR area | 14P40bc | 8.0489 |
| 69 | CHR area | 14P40aj | 9.5078 |
| 70 | CHR area | 14P40ai | 10.665 |
| 71 | CHR area | 14P40ah | 7.5883 |
| 72 | CHR area | 14P40ae | 6.4658 |

| 1 | 2 | 3 | 4 |
|---|---|---|---|
| 73 | CHR area | 14P40ad | 12.423 |
| 74 | CHR area | 14P40at | 11.302 |
| 75 | CHR area | 14P40ag | 17.996 |
| 76 | CHR area | 14P40aq | 10.174 |
| 77 | CHR area | 14P40ap | 5.9001 |
| 78 | CHR area | 14P40av | 5.4932 |
| 79 | CHR area | 14P40aw | 28.382 |
| 80 | CHR area | 14P40ax | 23.393 |
| 81 | CHR area | 14P40ba | 47.328 |
| 82 | CHR area | 14P41e | 15.057 |
| 83 | CHR area | 14P41d | 11.671 |
| 84 | CHR area | 14P41c | 12.627 |
| 85 | CHR area | 14P40bc | 8.0489 |
| 86 | CHR area | 14P40bb | 10.489 |
| 87 | CHR area | 14P40az | 7.4956 |
| 88 | CHR area | 14P40ay | 10.558 |
| 89 | CHR area | 14P40ao | 10.918 |
| 90 | CHR area | 14P40an | 8.008 |
| 91 | CHR area | 14P40am | 9.1187 |
| 92 | CHR area | 14P40al | 12.427 |
| 93 | CHR area | 14P40ak | 13.96 |
| **Munnar Range** | | | |
| 94 | Pattimudi Station | 14P30p | 9.6793 |

| 1 | 2 | 3 | 4 |
|---|---|---|---|
| 95 | Pattimudi Station | 14P30q | 5.8077 |
| 96 | Pattimudi Station | 14P30r | 10.633 |
| 97 | Pattimudi Station | 14P30s | 6.6736 |
| 98 | Pattimudi Station | 14P30t | 4.0755 |
| 99 | Pattimudi Station | 14P30u | 16.99 |
| 100 | Pattimudi Station | 14P30v | 8.1765 |
| 101 | Pattimudi Station | 14P30x | 30.115 |
| 102 | Pattimudi Station | 14P30w | 10.509 |
| 103 | Pattimudi Station | 14P30y | 6.7374 |
| 104 | Pattimudi Station | 14P30at | 32.137 |
| 105 | Pattimudi Station | 14P30av | 6.8875 |

അനുബന്ധം II(b)

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

## പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി നടത്തുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- ജില്ലാ അധികാരിയുടെ നേതൃത്വത്തിൽ ബഹു. എം.എൽ.എ., ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പ് മേധാവികൾ എന്നിവരുടെ പ്രാരംഭയോഗം വിളിച്ചുകൂട്ടി പദ്ധതി വിശദീകരണം.
- ടി യോഗത്തിൽ "ഗ്രീൻ മൂന്നാർ-2017" എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി ഒരു ട്രസ്റ്റ്/മൂന്നാർ വികസന സമിതി രൂപീകരിക്കുകയും ഇതിന്റെ അംഗങ്ങൾ ex-officio അംഗങ്ങളായിരിക്കുകയും പ്രവർത്തനങ്ങൾ ഇവരുടെ മേൽനോട്ടത്തിൽ നടത്തുകയുമാകാം, ഇതിന്റെ ഭാഗമായി ഫേസ്ബുക്ക്, ഇ-മെയിൽ ഐ.ഡി തുടങ്ങിയ നൂതന ആശയ വിനിമയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഫണ്ട് ശേഖരണവും നടത്താൻ കഴിയും.
- പഞ്ചായത്തുകളിലെ ഓരോ വാർഡുകളിലെയും 50 വീടുകൾ വീതം ഓരോ സാനിട്ടേഷൻ ബ്ലോക്കുകൾ രൂപീകരിക്കുക.
- ഈ ബ്ലോക്കുകളിൽ നിന്നും കുടുംബശ്രീ ആരോഗ്യ വോളണ്ടിയർമാരായ രണ്ട് വ്യക്തികളെ തെരഞ്ഞെടുത്ത് ഏറ്റവും മികച്ച രീതിയിലുള്ള മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് (നേരിട്ട് കണ്ടുപഠിച്ച്) നൽകുക.
- പരിശീലനം ലഭിച്ച വോളണ്ടിയർമാരെ ചേർത്ത് പഞ്ചായത്ത്തലത്തിൽ ഒരു മീറ്റിംഗ് സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ വാർഡുകൾതോറും ഒരു ശുചിത്വഗ്രാമസഭ കൂടുകയും വോളണ്ടിയർമാർ അവർക്കനുവദിച്ചിരിക്കുന്ന 50 വീടുകളിലെയും അംഗങ്ങൾക്കായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി പൊതുജനപങ്കാളിത്തം ഉറപ്പാക്കുക.

**PHASE-II**

- എല്ലാ പഞ്ചായത്തുകളും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി കുറഞ്ഞത് 2 ഏക്കർ ഭൂമി കണ്ടെത്തുക.
- എല്ലാ പഞ്ചായത്തുകളിലും പ്ലാസ്റ്റിക് നിരോധനം കർശനമായി ഏർപ്പെടുത്തുക (അനുവദനീയമായ അളവിൽ ഒഴിച്ച്).

- മൂന്നാറിന്റെ പ്രവേശന കവാടമായ പള്ളിവാസൽ പഞ്ചായത്തിലെ ഇരുട്ടുകാനം, വെള്ളത്തൂവൽ, ചിന്നക്കനാൽ, മറയൂർ എന്നീ സ്ഥലങ്ങളിൽ ടോൾ ബൂത്തും, ഇൻഫർമേഷൻ കൗണ്ടറും നിർമ്മിക്കുക.
- ടോൾ ബൂത്തിൽ എത്തുന്ന വാഹനങ്ങളിൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കൊണ്ടുപോകുന്നത് തടയുക.
- വാഹനങ്ങൾ ടി കൗണ്ടറിൽ രജിസ്റ്റർ ചെയ്ത് നിശ്ചയിക്കുന്ന ഫീസുകൾ ഒടുക്കുക
- യാത്രാവേളയിൽ കാണേണ്ട സ്ഥലങ്ങൾ, പാർക്കിംഗ് ഏരിയ, ഭക്ഷണം കഴിക്കുവാനുള്ള ഇടങ്ങൾ, വിശ്രമസ്ഥലങ്ങൾ, കംഫർട്ട് സ്റ്റേഷൻ, ഈ മേഖലയിൽ ടൂറിസ്റ്റുകളും വാഹന ഉടമകളും പൊതുജനങ്ങളും പാലിക്കേണ്ട നിയമങ്ങൾ എന്നിവയടങ്ങുന്ന ലഘുലേഖകൾ/ബുക്കുകൾ ഇവർക്ക് വിതരണം ചെയ്യുക.
- നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ കർശന നടപടിയെടുത്ത് പിഴ ഈടാക്കുക
- എല്ലാ പ്രധാന ജംഗ്ഷനുകളിലും, ടൂറിസം കേന്ദ്രങ്ങളിലും നിരീക്ഷണ ക്യാമറകൾ ഘടിപ്പിക്കുക.

## പഞ്ചായത്തുകൾ കണ്ടെത്തിയ ഭൂമിയിൽ നടത്തേണ്ടതായത്

1. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനായി പ്രത്യേക സംവിധാനമൊരുക്കൽ

- പഞ്ചായത്തിലെ എല്ലാ വീടുകൾക്കും, സ്ഥാപനങ്ങൾക്കും പ്രത്യേക കളറുകളോട് കൂടിയ ബാഗുകൾ മാലിന്യങ്ങൾ തരം തിരിച്ച് ഇടുന്നതിനായി നൽകുക.
- വീടുകൾക്കും സ്ഥാപനങ്ങൾക്കും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേക സ്ലാബ് അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കുക.
- നൽകുന്ന ബാഗുകളിൽ ബാർകോഡ് നൽകി കളക്ഷൻ പോയിന്റിൽ ബാർകോഡ് മെഷീൻ ഉപയോഗിച്ച് രേഖപ്പെടുത്തുക, ഇതിനായി രജിസ്റ്ററുകൾ സൂക്ഷിക്കുക.
- പരിശീലനം ലഭിച്ച വോളണ്ടിയർമാരുടെ നേതൃത്വത്തിൽ ആദ്യപടിയായി മാലിന്യങ്ങൾ വീടുകളിൽ വച്ചുതന്നെ തരംതിരിച്ച് വീട്ടുകാരെക്കൊണ്ട് വാർഡുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന (3-4) കളക്ഷൻ സെന്ററുകളിൽ എത്തിക്കുക.
- കളക്ഷൻ സെന്ററുകൾ നെറ്റ് ഉപയോഗിച്ച് കവർ ചെയ്തിരിക്കണം.

- പഞ്ചായത്തിൽ നിന്നും മാലിന്യം കയറ്റുന്നതിനായുള്ള വാഹനവും, പഞ്ചായത്ത് സ്വീപ്പർമാരുടെ സഹകരണത്തോടെ കളക്ഷൻ സെന്ററുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്ത് കണ്ടെത്തിയ പ്രോജക്ട് സ്ഥലത്ത് എത്തിക്കുക
- പൊതുജനാരോഗ്യ വിഭാഗത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിലായിരിക്കണം മേൽ പ്രവൃത്തികൾ നടത്തേണ്ടത്.

## 2. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (S.T.P)

- പഞ്ചായത്തിലെ സ്ഥാപനങ്ങളിൽനിന്നും, പ്രധാന കോളനിഭാഗങ്ങളിൽനിന്നും ശേഖരിച്ചിരിക്കുന്ന മലിനജലം പഞ്ചായത്തിന്റെ ടാങ്കറിൽ ശേഖരിച്ച് പ്രോജക്ട് സ്ഥലത്ത് എത്തിക്കുക.
- പ്രത്യേകമായി സജ്ജീകരിച്ചിരിക്കുന്ന പ്ലാന്റിൽ ടി ജലം ശുദ്ധീകരിച്ച് കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുക.
- ഇതിന്റെ അവക്ഷിപ്തങ്ങൾ വളമായി ഉപയോഗിക്കാം.

## 3. കൃഷി പരിപാലനം

- ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജൈവകൃഷി നടത്തുക. ഇതിനായി കൃഷി വകുപ്പിന്റെ സഹായത്തോടെ പ്രോജക്ട് നടപ്പിലാക്കാം.
- പ്രോജക്ട് സ്ഥലത്ത് കൃഷിഭൂമി ഒരുക്കുക.
- എസ്.ടി.പി. യിൽ നിന്നുള്ള ജലം ഉപയോഗിച്ച് ഫെർട്ടിഗേഷൻ, മിസ്റ്റ് ഇറിഗേഷൻ എന്നിവയിലൂടെ ജലം പാഴാക്കാതെ ഉപയോഗിക്കാം.
- ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ കൃഷി വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയിൽ നിക്ഷേപിച്ചും, വള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചും കൃഷിക്കാവശ്യമായ വളങ്ങൾ കണ്ടെത്താം.

## 4. വേസ്റ്റ് റീ-സൈക്ലിംഗ് യൂണിറ്റ്

ശേഖരിച്ചിരിക്കുന്ന മാലിന്യങ്ങളിൽനിന്നും വീണ്ടും ഉപയോഗിക്കാവുന്ന തരത്തിലുള്ളവ ഇതിനായി ഉപയോഗിക്കാം.

- ഇത് എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാൻ കഴിയില്ലെങ്കിൽ എത്തുന്ന മാലിന്യങ്ങളുടെ അളവനുസരിച്ച് രണ്ടോ മൂന്നോ പഞ്ചായത്തുകളിൽ നടപ്പാക്കാം.
- കൂടാതെ ഇ-വേസ്റ്റുകൾ മറ്റ് മെറ്റൽ വേസ്റ്റുകൾ ഇവ ശേഖരിച്ച് മറ്റ് ഏജൻസികളെ ഏൽപ്പിക്കാം. ഇതുവഴി ധന സമാഹരണവും നേടാം.

## 5. സ്ലോട്ടർ ഹൗസ്

എല്ലാ പഞ്ചായത്തുകളിലും നൂതന മാർഗ്ഗത്തിലൂടെയുള്ള അറവുശാലകൾ നിർമ്മിക്കുകവഴി നല്ല മാംസങ്ങൾ പൊതുജനങ്ങൾക്കു ലഭിക്കുവാനും, മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുവാനും സാധിക്കും.

## 6. പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ്

പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുമ്പോൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ മാർക്കറ്റിൽനിന്നും ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് കുടുംബശ്രീകൾക്ക് പരിശീലനം നൽകി ഷിഫ്റ്റ് സമ്പ്രദായത്തിൽ ചെലവ് കുറഞ്ഞ രീതിയിൽ ഇത് ലഭ്യമാക്കുവാൻ സാധിക്കും.

## 7. ഇൻസിനറേറ്റർ

ഗവൺമെന്റ് അംഗീകൃത ഏജൻസികളെക്കൊണ്ട് മാലിന്യ സംസ്കരണത്തിനായി പ്രോജക്ട് സ്ഥലത്ത് ഇത് സ്ഥാപിക്കാം.

## 8. വാട്ടർ അനലിറ്റിക്കൽ ലബോറട്ടറി

ഈ മേഖലയിലെ കുടിവെള്ളം പരിശോധിക്കുന്നതിനായി നിലവിൽ PWD യുടെ പൈനാവിലുള്ള ജലവിഭവ വകുപ്പിന്റെ ലാബ് മാത്രമാണുള്ളത്. ആയതിനാൽ സ്ഥാപനങ്ങൾ കൂടുതലുള്ളതും, തോട്ടം മേഖലകളായതിനാലും ജലത്തിന്റെ ശുദ്ധത ഉറപ്പാക്കുന്നതിലേക്ക് താലൂക്ക് അടിസ്ഥാനത്തിൽ മൂന്നാർ കേന്ദ്രീകരിച്ച് ഒരു ലാബ് അത്യന്താപേക്ഷിതമാണ്.

## 9. പൊതു കക്കൂസ്

ടൂറിസം മേഖലയായതിനാൽ ദിനംപ്രതി ആയിരക്കണക്കിന് വിനോദ സഞ്ചാരികൾ എത്തുന്നതിനാൽ യാത്രാമദ്ധ്യേ പൊതു കക്കൂസ് സമുച്ചയങ്ങൾ ആവശ്യമാണ്. ഇതു ശുചിത്വമിഷന്റെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെ നടപ്പാക്കാം.

## 10. റെസ്റ്റിംഗ് സെന്ററുകൾ

എത്തുന്ന വിനോദ സഞ്ചാരികൾക്ക് അവർ കൊണ്ടുവരുന്ന ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കുന്നതിനും, വിശ്രമിക്കുന്നതിനുമായി പ്രത്യേക വിശ്രമകേന്ദ്രങ്ങൾ യാത്രാമദ്ധ്യേ ഒരുക്കുക.

## 11. മോഡേൺ ക്രിമറ്റോറിയം

എല്ലാ പഞ്ചായത്തുകളിലും ഓരോ നൂതന സാങ്കേതിക വിദ്യകളോടുകൂടിയ ശ്മശാനങ്ങൾ ചെയ്യുക.

- മൂന്നാർ പോലുള്ള ടൂറിസം മേഖലയിൽ സ്ഥലത്തിന് അധികരിച്ച വിലയായതിനാൽ ഈ മേഖലയിൽ ഉള്ള താമസക്കാർ 3-5 സെന്റുകൾക്കുള്ളിലാണ് താമസം.
- തോട്ടം മേഖലയിലുള്ള ബഹുഭൂരിപക്ഷം തൊഴിലാളികളും എസ്റ്റേറ്റ് ലയങ്ങളിലാണ്. ഇവർക്കും സ്വന്തമായി ഭൂമിയില്ല.

## 12. ഐ.ഇ.സി. ബോർഡുകൾ

വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളെയും, വിനോദ സഞ്ചാരികളെയും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായും ഓരോ മേഖലയിലും പാലിക്കേണ്ട കർശന നിർദ്ദേശങ്ങൾ അടങ്ങിയതുമായത് ബോർഡുകളിൽ പ്രദർശിപ്പിക്കുക. ഇതിലൂടെ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുക.

## 13. ഹെൽത്ത് അവയർനെസ് പ്രോഗ്രാം

വോളണ്ടിയർമാർ ഓരോ ബ്ലോക്ക് അടിസ്ഥാനത്തിലും വിളിച്ച് ചേർക്കുന്ന യോഗങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിച്ച് മാലിന്യ സംസ്കരണം കൂടുതൽ എളുപ്പത്തിലാക്കുക.

## 14. കംപോസ്റ്റ് യൂണിറ്റ്

എല്ലാ വീടുകളിലും കലം, പൈപ്പ് കംപോസ്റ്റിങ്ങുകൾ ശുചിത്വ മിഷൻ, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കുക.

## 15. മീറ്റിംഗ് & ഓറിയന്റേഷൻ പ്രോഗ്രാമുകൾ

പദ്ധതിയുടെ ഓരോ ഘട്ടങ്ങളിലും ആവശ്യമായ യോഗങ്ങൾ സംഘടിപ്പിച്ചു, വോളണ്ടിയേഴ്സിനും ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്കും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിയ മേഖലകൾ സന്ദർശിച്ച് പഠനം നടത്തുന്നതിനും, ടി വിഭാഗക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനുമായി.

## 16. സാനിട്ടേഷൻ എക്യൂപ്മെന്റ് & മെറ്റീരിയൽ സപ്പോർട്ട്

മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, ബാഗുകൾ, ഗംബൂട്ടുകൾ, മറ്റിതര വസ്തുക്കൾ ലഭ്യമാക്കുക.

## 17. ലേബർ ചാർജ്

- പഞ്ചായത്ത് സ്വീപ്പർമാർക്ക് പഞ്ചായത്തുകളിൽ നിന്നും.
- കുടുംബശ്രീയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ടി പദ്ധതിയുമായി ബന്ധപ്പെട്ടോ അല്ലാത്തപക്ഷം ടി ജീവനക്കാർക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തിയോ നൽകുക.
- നൂറ്ദിന തൊഴിൽ ദിനങ്ങളിൽ ഉൾപ്പെടുത്തി ചെയ്യുക.
- മറ്റു ജീവനക്കാർക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തി കമ്മിറ്റി തീരുമാനിക്കുന്ന ശമ്പളം നൽകുക.

## 18. പി ഒ എൽ

ഖരമാലിന്യം, ദ്രവമാലിന്യം എന്നിവ വഹിച്ചുകൊണ്ടുപോകുന്ന വാഹനം എന്നിവയുള്ള ഇന്ധനം പഞ്ചായത്തിൽ നിന്നോ പ്രോജക്ടിൽ നിന്നോ ലഭ്യമാക്കുക.

## 19. പന്നി ഫാമുകൾ, കന്നുകാലി ഫാമുകൾ

പ്രോജക്ട് പ്രദേശത്തെത്തുന്ന മത്സ്യ മാംസാദികൾ, പച്ചക്കറി മാലിന്യങ്ങൾ എന്നിവ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പന്നിഫാമുകൾ നിർമ്മിച്ച് ഇതിനായി ഉപയോഗിക്കാം.

കൂടാതെ ഇവിടെയെത്തുന്ന പച്ചക്കറി വേസ്റ്റുകൾ, കൃഷിയിടത്തിലെ പുല്ലുകൾ എന്നിവ ഉപയോഗിച്ച് കന്നുകാലി ഫാമുകൾ പ്രവർത്തിപ്പിച്ച്, ഇതിന്റെ വേസ്റ്റുകൾ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിപ്പിച്ച് ഈ ഊർജ്ജം ഉപയോഗിച്ച് മറ്റ് പ്രവർത്തനങ്ങൾ ചെയ്യുവാനും സാധിക്കും. ഇതിനായി മൃഗസംരക്ഷണം, കൃഷി വകുപ്പ് എന്നിവരുടെ ധനസഹായം ലഭ്യമാക്കാം.

## 20. സോളാർ

പ്രോജക്ട് പ്രദേശത്ത് സോളാർ സംവിധാനമുപയോഗിച്ച് മെഷിനറീസ് പ്രവർത്തിപ്പിക്കുവാനും വൈദ്യുത ലൈറ്റുകൾ പ്രവർത്തിപ്പിക്കുവാനും സാധിക്കും.

## 21. പുഴ, തോട്, നദി സംരക്ഷണം

പൊതുജനാരോഗ്യ വിഭാഗം ശക്തിപ്പെടുത്തി സ്ഥാപനങ്ങളിൽ നിന്നുള്ള ദ്രവമാലിന്യ സ്രോതസ്സുകൾ ഒഴിവാക്കി മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാം.

## 22. മീഡിയാ കവറേജ്

ഈ പദ്ധതിയുടെ വിജയത്തിനായി പത്ര, ദൃശ്യ മാധ്യമങ്ങളുടെ പങ്കാളിത്തം ഒരു വലിയ ഘടകമാണ്. ഇതിലേക്ക് പ്രാരംഭഘട്ടം മുതൽ പദ്ധതി വിശദീകരിച്ചുള്ള പ്രസ് മീറ്റിങ്ങുകളും, പത്ര പ്രസ്താവനകളും, സെമിനാറുകളും, ഡോക്യുമെന്ററികളും നടപ്പാക്കണം.

## 23. ഇവാല്യവേഷൻ ആന്റ് മോണിറ്ററിംഗ്

പദ്ധതിയുടെ ഓരോ ഘട്ടത്തിലും ഇന്റർ സെക്ടർ മീറ്റിങ്ങുകൾ വിളിച്ചുകൂട്ടുകയും പദ്ധതിക്ക് ആവശ്യമായ സപ്പോർട്ടുകളും പ്രവർത്തനങ്ങളും വിലയിരുത്തി അവലോകന യോഗങ്ങൾ നടത്തുകയും ചെയ്യുക, ഇത് ജില്ലാ അധികാരികളുടെയും ബ്ലോക്ക്, പഞ്ചായത്ത് വകുപ്പ് അദ്ധ്യക്ഷൻമാരുടെയും നേതൃത്വത്തിലായിരിക്കണം.

BUDGET PROPOSAL

| SL NO | PARTICULARS | NAME OF PANCHAYATH | | | | | | | | TOTAL UNIT | RATE/UNIT | TOTAL | REMARKS |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | VELATHOOVAL | MARAYOOR | KANTHALLOOR | VATTAVADA | MUNNAR | DEVIKULAM | PALLIVASAL | CHINNAKKANAL | | | | |
| 1 | PAPER BAG PRODUCTION UNIT | 2 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 5,00000 | 4000000 | |
| 2 | SLAUGHTER HOUSE | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 10,00000 | 8000000 | |
| 3 | WATER ANALYTICAL LABORATORIES | | | | | | 1 | | | 1 | 50,00000 | 5000000 | |
| 4 | INCINERATOR | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 10,00000 | 8000000 | |
| 5 | PUBLIC COMFORT STATION | 1 | 2 | 1 | 1 | 3 | 2 | 2 | 2 | 14 | 10,00000 | 14000000 | |
| 6 | RESTING CENTRES | 1 | 1 | 1 | 1 | 2 | 1 | 1 | 1 | 9 | 20,00000 | 18000000 | |
| 7 | MODERN CREMATORIUM | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 50,00000 | 5000000 | |
| 8 | WATER TREATMENT PLANT | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 50,00000 | 40000000 | |
| 9 | VERMICOMPOST UNIT | 3 | 3 | 3 | 3 | 5 | 5 | 5 | 5 | 32 | 50000 | 1600000 | FROM AGRI : DEPT |
| 10 | WASTE SEGREGATION UNIT | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 10,00000 | 8000000 | |
| 11 | WASTE RECYLING UNIT | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 20,00000 | 16000000 | |
| 12 | TOLL BOOTH | 1 | 1 | | | | | 1 | 1 | 4 | 2,00000 | 800000 | |
| 13 | IEC BOARDS | 20 | 10 | 10 | 10 | 20 | 20 | 20 | 10 | 120 | 10,000 | 1200000 | |
| 14 | VEHICLE - WASTE COLLECTION | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 9,00000 | 7200000 | |
| | | | | | | | | | | TOTAL | | 13,68,00000/- | |

| SL NO | PARTICULARS | NAME OF PANCHAYATH | | | | | | | | TOTAL UNIT | RATE/UNIT | TOTAL | REMARKS |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | VELATHOOVAL | MARAYOOR | KANTHALLOOR | VATTAVADA | MUNNAR | DEVIKULAM | PALLIVASAL | CHINNAKKANAL | | | | |
| | B/F | - | - | - | - | - | - | - | - | - | - | 13,68,00000/- | |
| 15 | VEHICLE-WASTE WATER COLLECTION | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 10,00000 | 8000000 | |
| 16 | VEGITABLE CULTIVATION UNIT | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 16 | 50,0000 | 800000 | FROM AGRI: DEPT |
| 17 | HEALTH AWARENESS PROGRAMMES | 100 | 75 | 75 | 75 | 100 | 75 | 100 | 75 | 675 | 1000 | 675000 | |
| 18 | MEETINGS & ORIENTATION PROGRAMMES | 50 | 25 | 25 | 25 | 50 | 50 | 50 | 50 | 325 | 2500 | 812500 | |
| 19 | SANITATION EQUIPMENTS & MATERIAL SUPPORT | NEED | NEED | NEED | NEED | NEED | NEED | NEED | NEED | NEED | 2,00000 | 1600000 | |
| 20 | LABOUR CHARGES (1,2,3 STAGES) | NEED/ MONTH | NEED/ MONTH | NEED/ MONTH | NEED/ MONTH | NEED/ MONTH | NEED/ MONTH | NEED/ MONTH | NEED/ MONTH | NEED/ MONTH | 25,20,000 | 20160000 | |
| 21 | POL | NEED | NEED | NEED | NEED | NEED | NEED | NEED | NEED | NEED | 360000x 12x8 | 34560000 | |
| 22 | MEDIA COVERAGE | NEED | NEED | NEED | NEED | NEED | NEED | NEED | NEED | NEED | | 0 | |
| 23 | ORGANISING EXPENSES | NEED | NEED | NEED | NEED | NEED | NEED | NEED | NEED | NEED | 200000 | 1600000 | |
| 24 | DOCUMENTATION | NEED | NEED | NEED | NEED | NEED | NEED | NEED | NEED | NEED | 25000 | 200000 | |
| 25 | MISCELLANEOUS | NEED | NEED | NEED | NEED | NEED | NEED | NEED | NEED | NEED | 100000 | 800000 | |
| 26 | EVALUATION & MONITORING | NEED | NEED | NEED | NEED | NEED | NEED | NEED | NEED | NEED | 50000 | 400000 | |
| | | | | | | | | | | | TOTAL | 20,64,07500/- | |

(Rupees Twenty Crore Sixty Four Lakh Seven Thousand Five Hundred Only)

397/2017.

# Base line data

| | |
|---|---|
| Area | - 1200 sq K.M |
| Taluk | - Devikulam, |
| Revenue block | - Devikulam, Adimali, |
| Panchayath | - 12 Including Tribal Panchayath Edamalakudy |
| Wards | - 194 |
| houses | - 58872 |
| Population | - 2,10502(SC- 61975,ST-24338) |
| Tribal settlement | - 123 |
| No. of CHC/PHC | - 12 |
| No. Sub Centers | - 90 |
| Total EC | - 35849 |
| Target EC | - 6064 |
| 0 to5 | - 17687 |

# Staff position

| | | |
|---|---|---|
| Medical officers | - | 15 |
| Health Supervisor | - | 1 |
| PHN Supervisor | - | 1 |
| Health Inspector | - | 17 |
| Public health nurse | - | 18 |
| Jr. Health Inspector | - | 72 |
| Jr. Public health nurse | - | 90 |
| School Health JPHN | - | 7 |
| ASHA Workers | - | 267 |
| Anganwady | - | 332 |

## ACTIVITIES

### Monsoon

- Panchayath Level Meeting
- Ward Level Meeting (WHSC)
- Seminar
- Field Activities like Health Education, Source reduction, Chlorination, Waste Management,Spraying, Fogging, IEC & guppy fish distribution etc.............

## ACTIVITIES

### Pre Monsoon

- Panchayath Level Meeting
- Ward Level Meeting (WHSC)
- RRT Formation
- Training for Health Volunteers
- Field Activities like Health Education, Source reduction, Chlorination etc.............

## ACTIVITIES

## 2016 December

| | | |
|---|---|---|
| • Medical Camp Conducted | : | 314 |
| • Speciality | : | 22 |
| • Sanjarikkunna Asupathri | : | 264 |
| • Mobile Medical Camp | : | 36 |
| • Fever Clinic Conducted | : | 1719 |
| • Chlorination | : | 12823 |
| • Fogging Conducted | : | 44 |
| • Spraying Conducted | : | 74 |
| • ISS Done | : | |

## Communicable Diseases (Upto 2016 December 31)

| PHC | Dengue | Lepto | E.F | c.Pox | Mumps | Hep.A | Malaria | ADD |
|---|---|---|---|---|---|---|---|---|
| Chithirapuram | 0 | 1 | 1 | 27 | 1 | 0 | 2 | 201 |
| Vellathooval | 34(1S) | 2 | 0 | 31 | 0 | 1 | 0 | 252 |
| PHC Chinnakkanal | 2 | 0 | 0 | 24 | 0 | 0 | 0 | 122 |
| Deviyar | 58 | 3 | 0 | 98 | 1 | 1 | 3 | 397 |
| Kallar-Vatiyar | 7(3S) | 0 | 0 | 14 | 1 | 2 | 2 | 287 |
| PHC Bisonvalley | 2 | 0 | 2 | 21 | 0 | 1 | 1 | 187 |
| Devikulam | 0 | 1 | 4 | 58 | 12 | 5 | 17 | 198 |
| Marayoor | 1 | 0 | 0 | 89 | 1 | 0 | 2 | 286 |
| Kanthalloor | 0 | 0 | 0 | 14 | 0 | 0 | 0 | 337 |
| Mankulam | 20 | 0 | 0 | 34 | 2 | 1 | 0 | 264 |
| Vattavada | 0 | 0 | 0 | 31 | 0 | 0 | 0 | 78 |
| P.P. Unit, Adimali | 0 | 0 | 0 | 4 | 0 | 0 | 0 | 30 |
| Total | 124 | 7 | 7 | 445 | 18 | 11 | 27 | 2639 |

# COMMUNICABLE DISEASES

| Disease | 2011 | | 2012 | | 2013 | | 2014 | | 2015 | | 2016 | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Case | Death | Case | Death | Case | Death | Case | Death | Case | Death | Case | Death |
| Leptospirosis | 17 | | 14 | 3 | 15 | 1 | 9 | | 2 | | 7 | |
| Dengue fever | 5 | | 14 | | 133 | | 5 | | 13 | | 124 | |
| Malaria | 9 | | 7 | | 18 | | 7 | | 5 | | 27 | |
| Hepatitis A | 19 | | 19 | | 14 | | 11 | | 6 | | 11 | |
| Hepatitis B | 2 | | 3 | 1 | | | 1 | | 1 | | 1 | |
| Typhoid | 21 | | 22 | | 8 | | 12 | | 13 | | 7 | |
| Measles | | | 2 | | 4 | | 1 | | | | 39 | |
| Chicken Pox | 508 | | 431 | | 430 | | 496 | | 542 | | 445 | |
| Add | 2571 | | 4745 | | 4838 | | 4406 | | 4934 | | 2639 | |
| Fever | 4876 | | 9864 | | 13520 | | 6945 | | 7720 | | 8679 | |
| Mumps | 49 | | 115 | | 88 | | 40 | | 24 | | 18 | |

## Communicable Diseases

| PHC | Dengue | | | Lepto | | | E.F | | | Hep.A | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2014 | 2015 | 2016 | 2014 | 2015 | 2016 | 2014 | 2015 | 2016 | 2014 | 2015 | 2016 |
| CHITHIRAPURAM | 0 | 0 | 0 | 0 | 0 | 1 | 1 | 0 | 1 | 1 | 1 | 0 |
| VELLATHOOVAL | 1(S) | 2 | 34(IS) | 2 | 1 | 2 | 1 | 1 | 0 | 1 | 1 | 0 |
| CHINNAKKANAL | 2 | 0 | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 |
| DEVIYAR | 0 | 7 | 58 | 0 | 1 | 3 | 0 | 5 | 0 | 0 | 1 | 1 |
| KALLAR-VATIYAR | 3(S) | 1 | 7(3S) | 0 | 0 | 0 | 2 | 1 | 0 | 3 | 1 | 2 |
| BISONVALLEY | 0 | 1 | 2 | 0 | 0 | 0 | 1 | 2 | 2 | 0 | 1 | 1 |
| DEVIKULAM | 1 | 2 | 0 | 0 | 0 | 1 | 2 | 2 | 4 | 2 | 0 | 4 |
| MARAYOOR | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| KANTHALLOOR | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| MANKULAM | 0 | 0 | 20 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 |
| VATTAVADA | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 0 |
| P.P.UNIT ADIMALI | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 7(4s) | 13 | 124 | 2 | 2 | 7 | 8 | 12 | 7 | 8 | 6 | 8 |

| PHC | C.Pox | | | Mumps | | | Malaria | | |
|---|---|---|---|---|---|---|---|---|---|
| CHITHIRAPURAM | 14 | 42 | 27 | 6 | 0 | 1 | 0 | 0 | 2 |
| VELLATHOOVAL | 36 | 61 | 31 | 7 | 0 | 0 | 0 | 0 | 0 |
| CHINNAKKANAL | 94 | 89 | 24 | 2 | 0 | 0 | 0 | 1 | 0 |
| DEVIYAR | 6 | 87 | 98 | 4 | 1 | 1 | 1 | 0 | 3 |
| KALLAR-VATIYAR | 50 | 41 | 14 | 3 | 0 | 1 | 0 | 0 | 2 |
| BISONVALLEY | 39 | 52 | 21 | 3 | 0 | 0 | 2 | 0 | 1 |
| DEVIKULAM | 68 | 104 | 58 | 15 | 1 | 12 | 1 | 2 | 17 |
| MARAYOOR | 15 | 15 | 89 | 0 | 13 | 1 | 0 | 2 | 2 |
| KANTHALLOOR | 4 | 27 | 14 | 0 | 5 | 0 | 0 | 0 | 0 |
| MANKULAM | 12 | 14 | 34 | 3 | 0 | 2 | 0 | 0 | 0 |
| VATTAVADA | 2 | 0 | 31 | 2 | 0 | 0 | 0 | 0 | 0 |
| P.P.UNIT ADIMALI | 0 | 6 | 4 | 0 | 0 | 0 | 0 | 0 | 0 |
| **TOTAL** | **338** | **542** | **445** | **45** | **20** | **18** | **4** | **5** | **27** |

<u>**DISEASES - CLASSIFICATION OF DATA**</u>

| Name of PHC-CHC | Name of Panchayath | Total Population | Diab: | B/P | ARI | T.B | Cough-2wks | Liver diseases | Dental | ENT | SKIN | Childhood disorders | Old age | Others |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| CHITHIRAPURAM | PALLIVASAL | 10585 | 513 | 796 | 285 | 2 | 142 | 6 | 324 | 24 | 28 | 4 | 115 | 196 |
| DEVIKULAM | MUNNAR | 31135 | 891 | 1613 | 253 | 13 | 87 | 16 | 296 | 83 | 58 | 13 | 104 | 616 |
| | DEVIKULAM | 26875 | 773 | 1275 | 170 | 3 | 55 | 33 | 253 | 156 | 63 | 15 | 93 | 178 |
| | EDAMALAKUDY | 1636 | 3 | 32 | 14 | 1 | 1 | 0 | 22 | 0 | 0 | 0 | 0 | 31 |
| MARAYOOR | MARAYOOR | 12972 | 97 | 487 | 87 | 5 | 177 | 24 | 718 | 21 | 112 | 13 | 47 | 318 |
| CHINNAKKANAL | CHINNAKKANAL | 14026 | 315 | 437 | 170 | 3 | 27 | 8 | 74 | 42 | 33 | 2 | 26 | 12 |
| VATTAVADA | VATTAVADA | 7869 | 139 | 197 | 79 | 2 | 19 | 2 | 398 | 38 | 6 | 3 | 91 | 0 |
| MANKULAM | MANKULAM | 11187 | 279 | 306 | 82 | 7 | 12 | 13 | 366 | 3 | 47 | 3 | 28 | 74 |
| DEVIYAR COLONY | ADIMALY | 43847 | 2318 | 3057 | 712 | 34 | 230 | 150 | 2216 | 279 | 285 | 127 | 365 | 1494 |
| KALLAR-VATIYAR | PALLIVASAL | 11143 | 515 | 895 | 294 | 7 | 157 | 4 | 626 | 27 | 33 | 6 | 108 | 186 |
| BISONVALLEY | BISONVALLEY | 16815 | 840 | 780 | 645 | 4 | 88 | 6 | 82 | 45 | 25 | 12 | 110 | 14 |
| VELLATHOOVAL | VELLATHOOVAL | 22412 | 1816 | 2115 | 501 | 3 | 167 | 38 | 1254 | 81 | 46 | 30 | 268 | 491 |
| | **TOTAL** | **210502** | **8499** | **11990** | **3292** | **84** | **1162** | **300** | **6629** | **799** | **736** | **228** | **1355** | **3610** |

## DISEASES - CLASSIFICATION OF DATA

| Name of PHC-CHC | Name of Panchayath | CARDIAC | KIDNEY | THYROID | CANCER | PHYSICALLY CHALLENGED | MENTALLY CHALLENGED | STROKE | TOBACCO | ALCOHOL | DRUG ABUSES | OPTHALMIC | ANAEMIC |
|---|---|---|---|---|---|---|---|---|---|---|---|---|---|
| CHITHIRAPURAM | PALLIVASAL | 124 | 18 | 84 | 20 | 46 | 16 | 16 | 1894 | 406 | 0 | 49 | 0 |
| DEVIKULAM | MUNNAR | 258 | 21 | 397 | 35 | 134 | 40 | 42 | 1735 | 2205 | 0 | 93 | 22 |
| | DEVIKULAM | 116 | 23 | 203 | 40 | 63 | 42 | 30 | 3488 | 3579 | 4 | 101 | 146 |
| | EDAMALAKUDY | 0 | 0 | 0 | 0 | 0 | 0 | 5 | 221 | 48 | 0 | 1 | 16 |
| MARAYOOR | MARAYOOR | 139 | 2 | 104 | 21 | 311 | 48 | 24 | 1884 | 1088 | 6 | 312 | 38 |
| CHINNAKKANAL | CHINNAKKANAL | 54 | 33 | 71 | 14 | 22 | 12 | 14 | 454 | 502 | 0 | 58 | 0 |
| VATTAVADA | VATTAVADA | 18 | 3 | 32 | 0 | 13 | 7 | 9 | 292 | 188 | 16 | 38 | 23 |
| MANKULAM | MANKULAM | 66 | 11 | 4 | 21 | 58 | 34 | 6 | 571 | 849 | 0 | 31 | 84 |
| DEVIYAR COLONY | ADIMALY | 586 | 132 | 678 | 141 | 219 | 137 | 135 | 3184 | 2607 | 66 | 328 | 314 |
| KALLAR-VATIYAR | PALLIVASAL | 153 | 26 | 211 | 34 | 82 | 22 | 34 | 174 | 419 | 0 | 64 | 4 |
| BISONVALLEY | BISONVALLEY | 15 | 7 | 94 | 30 | 110 | 14 | 17 | 2204 | 1600 | 2 | 27 | 16 |
| VELLATHOOVAL | VELLATHOOVAL | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | **TOTAL** | **1529** | **276** | **1878** | **356** | **1058** | **372** | **332** | **16101** | **13491** | **94** | **1102** | **663** |

<u>അനുബന്ധം II (c)</u>

## ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട്

**ജലസേചനവും ഭരണവും**

മൂന്നാറിൽ സംഗമിക്കുന്ന കണ്ണിയാർ, നല്ലതണ്ണിയാർ, മാട്ടുപെട്ടിയാർ, മുതിരപ്പുഴയാർ എന്നീ നദികളുടെ സ്ഥിതി അനുദിനം ശോചനീയമായി കൊണ്ടിരിക്കുകയാണ്. നദീജലശോഷണം, മലിനീകരണം എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ. വർദ്ധിച്ചുവരുന്ന ജനസാന്ദ്രത കാരണം പുഴകളുടെ ഗതിയിലുടനീളം മാലിന്യങ്ങൾ, പ്രത്യേകിച്ച് നഗരജന്യമാലിന്യങ്ങൾ, കൃഷിക്കുപയോഗിക്കുന്ന രാസവളങ്ങൾ/കീടനാശിനികൾ, വ്യവസായ മാലിന്യങ്ങൾ തുടങ്ങിയവമൂലമാണ് ഈ നദികൾ ഇന്ന് ഗുരുതരമായി മലിനീകരിക്കപ്പെടുന്നത്. ജലലഭ്യതയിൽ വലിയ വ്യതിയാനം ഇല്ലെങ്കിൽപ്പോലും ഓരോ വേനലിലും ശുദ്ധജല ദൗർലഭ്യം നേരിടുന്ന സാഹചര്യമാണ് നിലവിലുള്ളത്.

മലനിരകളിൽ നിന്ന് ഒഴുകിയിറങ്ങുന്ന മഴവെള്ളം തടഞ്ഞു നിർത്തി ഭൂജല പരിപോഷണം വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മിതികളുടെ അപര്യാപ്തത ജലസുരക്ഷ നേടുന്നതിന് തടസ്സമാണ്. മൂന്നാർ പ്രദേശത്തെ നദികളെ/ജലസ്രോതസ്സുകളെ പുനരുദ്ധരിച്ച് ജലലഭ്യത വർദ്ധിപ്പിച്ച് ഇവകളുടെ പാരിസ്ഥിതിക ധർമ്മം നിറവേറ്റാൻ ആകുന്ന തരത്തിൽ മാറ്റിയെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കേണ്ടതുണ്ട്. ഈ ലക്ഷ്യം നേടുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു:

1. നീർത്തടാടിസ്ഥാനത്തിൽ, മൂന്നാർ ഉൾപ്പെടുന്ന പ്രദേശത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.

2. പുഴകളിൽ പല ഭാഗത്തായി അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യവും, ചെളിയും അടിയന്തരമായി നീക്കം ചെയ്യുക.

3. ഭൂജല പരിപോഷണവും, ഉപരിതല ജലലഭ്യതയും വർദ്ധിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ/അടിയണകൾ നിർമ്മിക്കുക.

4. പുഴയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുക, പുഴയിലേക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്ക് പിഴ ചുമത്തുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃത്യമായി നടപ്പിലാക്കുക.

5. നദീതീരത്തുള്ള കോളനികൾ/വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും പുഴയിലേക്ക് മാലിന്യം വലിച്ചെറിയാതിരിക്കാൻ ആവശ്യമായ സ്ഥലങ്ങളിൽ 3 മീറ്റർ ഉയരത്തിൽ വയർമെഷ് കൊണ്ടുള്ള വേലികൾ സ്ഥാപിക്കുക.

6. ബോധവൽക്കരണത്തിന്റെ ഭാഗമായി സൂചനാ ബോർഡുകൾ സ്ഥാപിക്കുക.

7. നദികൾക്ക് സമീപം തദ്ദേശീയമായ വിവിധ മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കുകയും പ്രധാന നദീതീരങ്ങൾ സൗന്ദര്യവൽക്കരിച്ച് ടൂറിസ്റ്റുകൾക്കും/ തദ്ദേശവാസികൾക്കുമുള്ള വിശ്രമകേന്ദ്രങ്ങളാക്കി വികസിപ്പിക്കുക, അതോടൊപ്പം പരമ്പരാഗത ഉൽപ്പന്ന വിപണന കേന്ദ്രങ്ങളായും മാറ്റുക.

8. മൂന്നാർ ഉൾപ്പെടുന്ന പ്രദേശത്തിന്റെ സ്വാഭാവിക ഭൂ ഉപയോഗത്തിൽ വന്ന മാറ്റം പഠനവിധേയമാക്കി കൂടുതൽ പാരിസ്ഥിതിക . നാശമുണ്ടാകാത്ത തരത്തിൽ തണ്ണീർത്തട പ്രദേശങ്ങൾ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

9. പ്രധാന നദികളിലേക്ക് എത്തിച്ചേരുന്ന കൈവഴികൾ മാപ്പ് ചെയ്ത് നിലവിൽ അത്തരം കൈവഴികളിൽ എന്തൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടന്നിട്ടുള്ളത്, നദികളിലേക്കുള്ള നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിലുള്ള ഏതെങ്കിലും നിർമ്മിതികൾ ഉണ്ടോ, പരിസ്ഥിതി പുനഃസ്ഥാപനത്തിനായി ഏതു തരത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങളാണ് വേണ്ടത് എന്നിവ സംബന്ധിച്ച് വിശദമായ പഠനപ്രവർത്തനം-ഇക്കാര്യത്തിൽ ജലസേചന വകുപ്പിനു പുറമേ തദ്ദേശസ്വയംഭരണം, വനം വകുപ്പ്, റവന്യൂ വകുപ്പ്, മണ്ണ് സർവ്വേ - മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്തമായ പ്രവർത്തനം അനിവാര്യമാണ്.

**മലിനീകരണ നിയന്ത്രണ ബോർഡ്**

മൂന്നാർ പഞ്ചായത്തിലൂടെ ഒഴുകി പെരിയാറിൽ പതിക്കുന്ന മുതിരപ്പുഴയിലെ മലിനീകരണ പ്രശ്നങ്ങൾ വളരെക്കാലമായി മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷിച്ചുവരുന്നു. മുതിരപ്പുഴയിലെയും അതിന്റെ പോഷക നദികളായ നല്ലതണ്ണി, കന്നിമല എന്നിവിടങ്ങളിലെയും ജലം എല്ലാ മാസവും ബോർഡിന്റെ ജില്ലാ ലാബറട്ടറിയിൽ പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്നതും വിവിധ പരിശോധനകളിൽ ടി പുഴയിലെ ജലത്തിൽ ഫീക്കൽ കോളിഫോം ഉൾപ്പെടെ കോളിഫോം ബാക്ടീരിയകളുടെ അളവ് വളരെ കൂടുതലായി കാണപ്പെട്ടിട്ടുള്ളതുമാണ്. മുതിരപ്പുഴയിലെ ജലം കുളിക്കുന്നതിനാണ് കൂടുതലായും ഉപയോഗിച്ചുവരുന്നത്. ആയതിനാൽ കോളിഫോം ബാക്ടീരിയയുടെ അളവ് 500-ൽ കൂടുതൽ ആകാൻ പാടില്ലാത്തതും വിവിധ പരിശോധനകളിൽ 5500 വരെ കണ്ടെത്തിയിട്ടുള്ളതുമാണ്. മുതിരപ്പുഴയാറിന് മുമ്പായി ഒഴുകുന്ന നല്ലതണ്ണി, കന്നിമല എന്നിവയും താഴെയായി ഒഴുകുന്ന കല്ലാർ, പന്നിയാർ, ദേവിയാർ, ചെമ്മണ്ണാർ എന്നീ പോഷക നദികളിലും മലിനീകരണ തോത് വർദ്ധിച്ച് വരുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു കാരണം ടി കൈത്തോടുകളുടെ

തീരത്ത് സ്ഥാപിതമായിട്ടുള്ള വിവിധ സ്ഥാപനങ്ങൾ, വീട്ടുകൾ, ഹോട്ടലുകൾ, വൻകിട റിസോർട്ടുകൾ തുടങ്ങിയവയിൽ നിന്നും ബഹിർഗമിക്കുന്ന മനുഷ്യ വിസർജ്ജ്യ മുൾപ്പെടെയുള്ള മാലിന്യങ്ങളാണ് എന്ന് അനുമാനിക്കാവുന്നതാണ്. ഇവയിൽ വൻകിട ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയിൽ ഏറിയ പങ്കം വിവിധ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളതും പലതിനും മലിനീകരണ നിയന്ത്രണ ബോർഡ് വിവിധ വ്യവസ്ഥകൾക്ക് വിധേയമായി അനുമതിപത്രം അനുവദിച്ചിട്ടുള്ളതുമാണ്. കേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മൂന്നാർ പഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിക്കുന്നതിനായി ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് നിലവിലുള്ളതും (NGT Application No.462/13 filed by Munnar Restoration Society, Mankulam, Idukki), ഇതിനു വേണ്ട കർശന നിർദ്ദേശം ബോർഡ് മൂന്നാർ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതുമാണ്. പക്ഷെ ഇതിനുവേണ്ട പ്രായോഗിക പദ്ധതികൾ ഇതുവരെയും കൈക്കൊണ്ടിട്ടില്ലാത്തതാണ്. പഞ്ചായത്ത് അധികൃതർ ഇക്കാര്യത്തിൽ ഇതുവരെയും ഗൗരവതരമായ നടപടികൾ കൈക്കൊള്ളാത്തത് നദി മലിനീകരണത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. ഇപ്പോഴും സെപ്റ്റിക് ടാങ്ക് ശുചിയാക്കൽ എന്ന പേരിൽ പല ഏജൻസികളും വീട്ടുകൾ ഉൾപ്പെടെയുള്ളവയിൽ നിന്നും മനുഷ്യവിസർജ്ജ്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ എടുത്തുകൊണ്ടു പോവുകയും ജലാശയങ്ങൾ ഉൾപ്പെടെ പല സ്ഥലങ്ങളിലും ഇവ അശാസ്ത്രീയമായി നിക്ഷേപിക്കുന്നതായും പരാതികൾ ബോർഡിന് ലഭിച്ചിട്ടുള്ളതാണ്. എറണാകുളം ജില്ലയിലെ ബ്രഹ്മപുരം മാതൃകയിൽ ശാസ്ത്രീയമായ രീതിയിലുള്ള ഒരു കേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അഭാവത്തിൽ സെപ്റ്റിക് ടാങ്ക് ക്ലീനിങ് എന്ന പേരിലുള്ള ഈവിധ പ്രവർത്തനങ്ങൾ കൈത്തോടുകളുടെയും, പെരിയാർ നദിയുടെയും മലിനീകരണത്തിന് ആക്കം കൂട്ടുന്നുണ്ട്. ഇത് അടിയന്തരമായി നിയന്ത്രിക്കപ്പെടേണ്ട താണ്. കേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ത്വരിതപ്പെടുത്തേണ്ടതും അടിയന്തരമായി നടപ്പിലാക്കേണ്ടതുമാണ്.

കേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചശേഷം പലവിധ സ്ഥാപന ങ്ങളിലെയും ഭാഗികമായി ശുദ്ധീകരിക്കപ്പെട്ടതോ, ശുദ്ധീകരിക്കാത്തതോ ആയ മലിനജലം അംഗീകൃത ഏജൻസികൾ മുഖേന ശേഖരിച്ച് പ്ലാന്റിൽ നിക്ഷേപിച്ച് സംസ്കരിക്കുന്ന പക്ഷം ടി പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.

സമീപകാലത്ത് മുതിരപ്പുഴയിലേക്ക് മാലിന്യം എത്തിയതുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് നടപടി കൈക്കൊണ്ടതായി മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ നിന്നും പരിശോധന നടത്തിയിട്ടുള്ളതാണ്.

പരിശോധനയിൽ, മൂന്നാർ ടൗണിലെ ആംഗ്ലോ തമിഴ് ലോവർ പ്രൈമറി സ്കൂൾ, ഗവൺമെന്റ് ഹൈസ്കൂൾ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ തുടങ്ങിയവയ്ക്ക് സമീപം

സ്ഥിതി ചെയ്യുന്ന Green Ridge Holiday Home, Bell Mount Resort, Red Sparrow, Tea Garden Inn, High Range Inn തുടങ്ങിയ റിസോർട്ടുകളിൽ നിന്നും ഒഴുകി എത്തിയ മലിനജലം കാനകളിലൂടെ ഒഴുകി മുതിരപ്പുഴയിൽ ചെന്നെത്തിയതായി കണ്ടെത്തിയതും ഇവയിൽ യഥാവിധി തുടർനടപടികൾ എടുത്തിട്ടുള്ളതുമാണ്. ടി സ്ഥാപനങ്ങളിൽ നിന്നും മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ സ്ഥാപന ഉടമകളെയും, സ്കൂൾ അധികൃതരെയും ഉൾപ്പെടുത്തി ഹിയറിംഗ് നടത്തിയിട്ടുള്ളതാണ്. കൂടാതെ സ്കൂൾ സമുച്ചയത്തിനുള്ളിലൂടെ കടന്നു പോകുന്നതും മുതിരപ്പുഴയാറിൽ അവസാനിക്കുന്നതുമായ പഞ്ചായത്തു വക കാന, ഇൻസ്പെക്ഷൻ ചേമ്പറുകളോട് കൂടിയ ടണൽ ടൈപ്പ് (closed conduit) ആയി രൂപഭേദം വരുത്തിയാൽ പ്രസ്തുത ഭാഗത്ത് അനുഭവപ്പെടുന്ന മലിനീകരണ പ്രശ്നങ്ങൾ വലിയ അളവിൽ നിയന്ത്രിക്കാനാവുന്നതാണ്. ഇതിനു സമീപം സ്ഥാപിതമായിട്ടുള്ള ഹോട്ടൽ/റിസോർട്ടുകളിൽ നടത്തിയ ശാസ്ത്രീയ പരിശോധനകളെ തുടർന്ന് ആവശ്യമായ നടപടികൾ എടുക്കുകയും പ്രസ്തുത ഭാഗത്ത് മലിനീകരണ പ്രശ്നങ്ങൾക്ക് ബോർഡ് പരിഹാരം ഉണ്ടാക്കിയിട്ടുള്ളതാണ്.

ബോർഡിന്റെ ഇടുക്കി ജില്ലാ ഓഫീസിൽ നിന്നും കഴിഞ്ഞ മാസം മൂന്നാർ മുതിരപ്പുഴയുടെ സമീപത്തുള്ള ഏകദേശം 70-ഓളം സ്ഥാപനങ്ങളിൽ സർവ്വെ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വെയിൽ മലിനീകരണ സംസ്കരണ സംവിധാനം ഇല്ലാത്ത സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് എതിരെ ബോർഡിൽ നിന്നും നടപടികൾ കൈക്കൊണ്ടുവരുന്നു.

**അടിയന്തരമായി ചെയ്തു തീർക്കേണ്ട പ്രധാന പദ്ധതികൾ:**

1. മൂന്നാർ പഞ്ചായത്ത് അതിർത്തിയിൽ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് ഏജൻസികളെ കർശനമായി നിയന്ത്രിക്കുകയും അനധികൃതമായി പ്രവർത്തിക്കുന്നവർക്കെതിരെ പോലീസ് നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.
2. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 1-10-2015-ൽ 462/2015 അപേക്ഷയിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഒരു കേന്ദ്രീകൃത സെപ്റ്റേജ്/ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പഞ്ചായത്തിന്റെ ഉത്തരവാദിത്തത്തിൽ അടിയന്തരമായി സ്ഥാപിക്കേണ്ടതാണ്. മൂന്നാർ ഭാഗത്തെ പുഴ മലിനീകരണം ശാശ്വതമായി പരിഹരിക്കുന്നതിന് കേന്ദ്രീകൃത സെപ്റ്റേജ്/സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അത്യന്താപേക്ഷിതമാണ്.
3. ചെറുകിട ഹോട്ടലുകൾ, മറ്റ് സ്ഥാപനങ്ങൾ, വീടുകൾ മുതലായവ ആവശ്യമായ അളവിലുള്ള സെപ്റ്റിക് ടാങ്ക്, സോക് പിറ്റ് സംവിധാനങ്ങളിലൂടെ മാത്രം മലിനജലം പുറന്തള്ളുക.

4. നിലവിൽ മൂന്നാർ പഞ്ചായത്തിൽ കല്ലാർ ഭാഗത്ത് അശാസ്ത്രീയമായ രീതിയിൽ ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഖരമാലിന്യങ്ങൾ യഥാവിധി ശേഖരിച്ച് ശാസ്ത്രീയമായ രീതിയിലുള്ള നിർമ്മാർജ്ജന സംവിധാനങ്ങൾ പഞ്ചായത്ത് അടിയന്തരമായി ഏർപ്പെടുത്തേണ്ടതാണ്.

5. വൻകിട ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതാണ്.

6. ടി സ്ഥാപനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ശാസ്ത്രീയമായി പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ടി പ്ലാന്റുകൾ സ്ഥാപിച്ചിരിക്കുന്ന ബോർഡിന്റെ അംഗീകാരമുള്ള ഏജൻസികൾ മുഖേന പെർഫോർമൻസ് ഗ്യാരണ്ടി ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കോൺട്രാക്ട് എന്നിവ നിർബന്ധമാക്കുന്നതും തുടർച്ചയായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിലേക്കായി TOD Energy Meter, Effluent Flow Meter എന്നിവ നിർബന്ധമാക്കുന്നതാണ്. നിലവിൽ അനുമതിപത്രം പുതുക്കി/പുതിയതായി അനുവദിക്കുമ്പോൾ ഇവ നടപ്പിലാക്കിയെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

7. മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശം പാലിക്കാത്തതും ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കാത്തതുമായ ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവയ്ക്ക് എതിരെ ബോർഡ് നടപടികളെടുക്കുന്നതാണ്. ബോർഡിന്റെ സാധുതയുള്ള അനുമതിപത്രത്തിന്റെ അഭാവത്തിൽ പ്രവർത്തനം തുടരുന്ന സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്തും ഉചിതമായ നടപടികളെടുക്കേണ്ടതാണ്.

8. മൂന്നാർ മേഖലയിലെ പുഴ മലിനീകരണത്തിനു ഉത്തരവാദികളായ സ്ഥാപനങ്ങളെ കണ്ടെത്തി മലിനീകരണ നിർമാർജന പദ്ധതികൾ നിർദ്ദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ഏർപ്പെടുത്തിയ സാനിട്ടേഷൻ സർവ്വെ ആന്റ് റീ-ക്ലാസിഫിക്കേഷൻ ഓഫ് നല്ലതണ്ണി ആന്റ് മുതിരപ്പുഴ റിവർ എന്ന പ്രോജക്ട് നിലവിലെ വാർഷിക പ്ലാൻ സ്കീമിൽ എട്ടു ലക്ഷം രൂപ വകയിരുത്തി ഉൾപ്പെടുത്തിയിട്ടുള്ളതും, ഇത് നടപ്പിലാക്കുന്നതിലേക്ക് Socio Economic Unit Foundation (SEUF) മായി ധാരണപത്രം (MoU) ബോർഡ് ഒപ്പ് വച്ചിട്ടുള്ളതുമാണ്. ടി ഏജൻസി സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതും ഇതിന്റെ പ്രവർത്തനം ബോർഡ് നിരീക്ഷിച്ചുവരുന്നതുമാണ്.

## അനുബന്ധം II (d)

## തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ട്

മൂന്നാറിന്റെ വനാന്തരങ്ങളിൽ മനുഷ്യവാസം ആരംഭിച്ചത് എ.ഡി. 900-മാണ്ട് മുതൽക്കാണെന്ന് അനുമാനിക്കപ്പെടുന്നു. മൂന്നാർ മേഖലയിൽ ആദ്യമായി കൃഷി ചെയ്യപ്പെട്ടത് കാപ്പി, ഏലം, സിംകോണ, സിസൽ എന്നീ വിളകളാണ്. എന്നാൽ ഈ കൃഷികൾ പ്രതീക്ഷയ്ക്കൊത്ത് പുരോഗതി കൈവരിക്കാതിരുന്നതിനാൽ തേയില കൃഷിയിലേക്ക് ചുവടുമാറ്റം വരുത്തുകയായിരുന്നു.

ഈ പ്രദേശത്തിന്റെ പ്രകൃതി രമണീയതയിൽ ആകൃഷ്ടരായി ഒട്ടേറെ വിനോദ സഞ്ചാരികൾ ഇവിടെ വന്നുപോയിരുന്നുവെങ്കിലും ഏകദേശം 2 ദശാബ്ദങ്ങൾക്കിപ്പുറമാണ് ഇവിടെ ടൂറിസം ഒരു വ്യവസായമായി വളർന്നതും മൂന്നാർ ലോക ടൂറിസം ഭൂപടത്തിൽ നിർണ്ണായകമായ ഒരു സ്ഥാനം കൈവരിച്ചതും. സമീപകാലത്തുണ്ടായ ടൂറിസ്റ്റുകളുടെ അനിയന്ത്രിതമായ ഒഴുക്ക് താമസ സൗകര്യം വിപുലപ്പെടുത്തേണ്ട സാഹചര്യത്തിലേയ്ക്ക് നയിക്കുകയും ആയതിന്റെ ഫലമായി പല സ്ഥലങ്ങളിലും ബഹുനില കെട്ടിടങ്ങൾ ഉയർന്ന് വരികയും ചെയ്തു.

നല്ലതണ്ണിയാറിനും മാട്ടുപ്പെട്ടിയാറിനും കന്നിയാറിനും സമീപത്തായി വളരെ പരിമിതമായ വിസ്തൃതിയിലുള്ള ഒരു പ്രദേശമാണ് മൂന്നാർ ടൗൺ. ഈ പ്രദേശത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതിനെക്കാൾ പതിൻമടങ്ങ് കെട്ടിടങ്ങൾ ഉയർന്നുവരികയും ഇവിടെയെല്ലാം തന്നെ വിനോദസഞ്ചാരികൾ താമസിക്കുന്നതിന് എത്തിച്ചേരുകയും ചെയ്തുവെങ്കിലും ഇതുമൂലം ഉണ്ടാകുന്ന മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുന്നതിന് സാധ്യമാകാതെ ഈ സുന്ദര പ്രദേശം മാലിന്യ കൂമ്പാരമായി തീരുന്ന കാഴ്ചയാണ് ഇന്ന് കാണാൻ കഴിയുന്നത്. കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും അനുവദിച്ച് നൽകിയ 50 സെന്റ് ഭൂമിയിലാണ് മാലിന്യങ്ങൾ നിക്ഷേപിച്ചുവരുന്നത്. ആദ്യകാലഘട്ടങ്ങളിൽ തന്നെ മൂന്നാർ ടൗണിലെ കെട്ടിടങ്ങളെല്ലാം തന്നെ പുഴയോരത്ത് നിർമ്മിക്കപ്പെട്ടതിനാൽ ബഹു ഭൂരിപക്ഷം കെട്ടിടങ്ങളിൽ നിന്നും മാലിന്യങ്ങൾ പുഴയിലേക്ക് ഒഴുകി എത്തുന്ന സ്ഥിതിവിശേഷവുമുണ്ടായി. വർദ്ധിച്ചുവന്ന കോൺക്രീറ്റ് കെട്ടിടങ്ങൾ കാലാവസ്ഥയെ സാരമായി ബാധിക്കുകയും മഴയുടെ അളവ് ഗണ്യമായ തോതിൽ കുറയുകയും നദിയിലെ വെള്ളം വലിയ തോതിൽ വറ്റിപ്പോവുകയും ചെയ്തതുമൂലം നദിയിലേക്ക് ഒഴുകുന്ന മാലിന്യങ്ങൾ വളരെ പെട്ടെന്ന് തിരിച്ചറിയാൻ കഴിയുന്ന തരത്തിൽ പ്രത്യക്ഷമാവുകയും ആയത് ഇവിടെ എത്തുന്ന സഞ്ചാരികളുടെ താൽപ്പര്യത്തെ പുറകോട്ടടിക്കുന്ന സ്ഥിതിയും സംജാതമായിട്ടുള്ളതാണ്. ജലസ്രോതസ്സുകൾ മലിനമാക്കുന്നു എന്ന കാരണത്താൽ സ്ഥാപനങ്ങൾ അടച്ച് പൂട്ടാൻ തീരുമാനം എടുത്താൽ മൂന്നാറിലെ ബഹുഭൂരിപക്ഷം

സ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ട സ്ഥിതി വരികയും ഇത് പല ഗുരുതരമായ ആഭ്യന്തര പ്രശ്നങ്ങളിലേക്ക് നയിക്കുകയും ചെയ്യുമെന്നുള്ളത് മൂന്നാർ പഞ്ചായത്ത് ഇന്ന് നേരിടുന്ന വലിയൊരു വെല്ലുവിളിയാണ്. ഒരു കേന്ദ്രീകൃത ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. അതിനായി മൂന്നാർ ടൗണിന് സമീപം സർക്കാരിൽ നിന്നും അനുവദിച്ച ഭൂമി അനുയോജ്യമല്ല എന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിലപാട് എടുത്തിട്ടുള്ളതാണ്.

മൂന്നാറിന്റെ പൊതുവായ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നവയാണ്:

(1) മൂന്നാറിലെ റിസോർട്ടുകളിലും ഹോട്ടലുകളിലും ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ല. അതിനാൽ മാലിന്യം ഓടകളിലും പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കുന്ന സാഹചര്യമുണ്ട്.

(2) മൂന്നാറിലെ റിസോർട്ടുകളിലെയും ഹോട്ടലുകളിലെയും സെപ്റ്റിക് മാലിന്യം ഉൾപ്പെടെയുള്ള മലിനജലം മുതിരപ്പുഴയാറിലേക്ക് ഒഴുക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

(3) മൂന്നാറിലെ മാർക്കറ്റിൽ നിന്നുള്ള മാലിന്യങ്ങൾ ഓടയിലും പുഴയിലും നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(4) ടൂറിസം സീസണിൽ രാത്രികാല ഹോട്ടലുകൾ, വഴിയോര കച്ചവടക്കാർ തുടങ്ങിയവർ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും പുഴകളിലും ആറ്റിലുമാണ് നിക്ഷേപിക്കുന്നത്.

(5) കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിൽ വിനോദ സഞ്ചാരികൾ, കച്ചവടക്കാർ തുടങ്ങിയവർ ഉൾപ്പെടെ അനുദിനം ധാരാളം പ്ലാസ്റ്റിക് മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നുണ്ട്. എന്നാൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തരംതിരിച്ച് റീസൈക്കിൾ ചെയ്യപ്പെടുന്നതിനായി നീക്കം ചെയ്യാൻ ഗ്രാമപഞ്ചായത്ത്തലത്തിൽ നടപടി സ്വീകരിക്കേണ്ടതുണ്ട്. അതുപോലെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനും ഔദ്യോഗിക ഇടപെടൽ ആവശ്യമാണ്.

(6) മൂന്നാർ ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് സംവിധാനമില്ല

(7) മൂന്നാറിൽ Package Sewage Treatment Plant-ന് സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിലും ആയത് പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശത്തും, പരിസര പ്രദേശങ്ങളിലും അനിയന്ത്രിതമായി ഗ്രാന്റീസ് മരങ്ങൾ വച്ച് പിടിപ്പിക്കുകയും ആയത് ഒരു വ്യവസായമായി പരിവർത്തനം ചെയ്യുകയും ചെയ്യതിലൂടെ കൂടുതൽ വെള്ളം വലിച്ചെടുക്കുന്ന ഈ മരങ്ങൾ ശക്തമായ വരൾച്ചയ്ക്ക് കാരണമാകുന്നതിനാൽ ഈ കൃഷി പൂർണ്ണമായും നിരോധിക്കേണ്ടതുണ്ട്. തോട്ടം മേഖലയിൽ കീടനാശിനികൾ ഉപയോഗിക്കുന്നതുമൂലം ഭൂരിപക്ഷം വരുന്ന തോട്ടം തൊഴിലാളികൾ ആരോഗ്യം ക്ഷയിച്ച് അകാല വാർദ്ധക്യത്തിലെത്തുന്നതും മാരക രോഗങ്ങൾക്ക് അടിമയാകുന്നതും ഈ മേഖലയിലെ ഗുരുതരമായ മറ്റൊരു പ്രശ്നമാണ്. ഫലപ്രദമായ ചികിത്സ ലഭിക്കണമെങ്കിൽ ദുർഘടമായ പാതയിലൂടെ കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ടിവരുന്നതുമൂലം ചികിത്സ കിട്ടാതെ മരണമടയുന്നവരുടെ എണ്ണം വർദ്ധിക്കാനും കാരണമാകുന്നു.

മൂന്നാർ പഞ്ചായത്തിൽ ആകെ 21 വാർഡുകളാണുള്ളത്. ആയതിൽ 18 വാർഡുകളും പൂർണ്ണമായും കണ്ണൻ ദേവൻ കമ്പനിയുടെ അധീനതയിലുള്ള എസ്റ്റേറ്റുകളിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ പച്ചക്കറി കൃഷിക്ക് സാധ്യത ഏറെയുണ്ടെങ്കിലും മതിയായ സ്ഥലം ലഭ്യമല്ലാത്തതിനാൽ കാർഷിക മേഖലയിൽ വലിയ പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നില്ല. അവശേഷിക്കുന്ന മൂന്ന് വാർഡുകളും ഏറെക്കുറെ കോളനി മേഖലകളാണ്. 2 സെന്റ് മുതൽ 5 സെന്റ് വരെയാണ് പരമാവധി ഓരോരുത്തരുടെയും കൈവശഭൂമി. ഇവിടെ തിങ്ങിനിറഞ്ഞ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതും ജനസാന്ദ്രത വളരെയേറെ ഉള്ളതുമായ കാരണത്താൽ ആവശ്യത്തിന് മാലിന്യ നിവാരണത്തിനുള്ള സാധ്യതകൾ നഷ്ടപ്പെട്ട് വീർപ്പുമുട്ടുന്ന സ്ഥിതിയുളവാകുകയും ഇവിടം പകർച്ചവ്യാധികളുടെ വിളനിലമായി തീരുകയും ചെയ്യുന്നു. മൂന്നാർ ടൗൺ പോലും കണ്ണൻ ദേവൻ കമ്പനിയുടെ അധീനതയിലാണുള്ളത്. ടൗൺ പ്രദേശത്തും എസ്റ്റേറ്റ് മേഖലകളിലും കമ്പനി തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ കമ്പനിക്ക് അപേക്ഷ നൽകി അനുവാദത്തിനായി കാത്തുനില്ക്കേണ്ട സ്ഥിതിയും ഇന്നുണ്ട്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമാണ് മൂന്നാർ മേഖലയിൽ കെട്ടിട നിർമ്മാണത്തിനും ഭൂവിനിയോഗത്തിനും അനുമതി നൽകുന്നത്. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും, കെട്ടിടത്തിന്റെ കൂടി ചേർക്കൽ/ വിപുലീകരണം / ഉപയോഗമാറ്റം വരുത്തുന്നതിനും, കൂടാതെ കെട്ടിട നിർമ്മാണത്തിനായി വികസനമോ പുനർവികസനമോ നടത്താനുദ്ദേശിക്കുന്ന ഭൂമിക്കും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാകുന്നതാണ്.

ടി ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ വികസനമോ പുനർ വികസനമോ നടത്തുന്നതിനും, കെട്ടിട നിർമ്മാണങ്ങൾക്കും സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങിയിരിക്കേണ്ടതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 11 എ-ൽ 1.50 മീറ്ററിൽ കൂടുതൽ ആഴത്തിലുള്ള ഉത്ഖനനം ഉൾക്കൊള്ളുന്ന സൈറ്റുകളുടെയും പ്ലാനുകളുടെയും കാര്യത്തിൽ അനുമതി നൽകുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അദ്ധ്യായം 4-ൽ സൈറ്റിന്റെയും കെട്ടിടത്തിന്റെയും ആവശ്യകതകൾ സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകളിൽ [ചട്ടം 23(2), 23(3), 24(4 എ) മുതലായവ] കെട്ടിടനിർമ്മാണവും ഭൂവികസനവും നടത്തുന്നതു സംബന്ധിച്ച വിവിധ നിയന്ത്രണങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ഹാനികരമാകുന്ന രീതിയിലുള്ള നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ മേൽപ്പറഞ്ഞ വ്യവസ്ഥകൾ ഉപയുക്തമാണ്.

നിലവിൽ വനമേഖല, സർക്കാർ ഭൂമി, ജലാശയങ്ങൾ, അരുവികൾ എന്നിവ ഒഴികെയുള്ള പ്രദേശത്താണ് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരം ആവശ്യമായ അംഗീകാരങ്ങൾ നൽകുന്നത്. എന്നാൽ മൂന്നാർ പോലെയുള്ള പരിസ്ഥിതിലോലപ്രദേശങ്ങളിൽ പ്രത്യേകമായ സ്ഥല പരിശോധനയും ആസൂത്രണവും നിയന്ത്രണങ്ങളും ആവശ്യമാണ്.

മൂന്നാർ മേഖലയുടെ സുസ്ഥിര ആസൂത്രിത വികസനം സാധ്യമാകേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് നഗരഗ്രാമാസൂത്രണ വകുപ്പ്, മൂന്നാർ മേഖലയ്ക്കുവേണ്ടി വികസന രൂപരേഖയുടെ (Development Plan for Munnar Region 2030) കരട് തയ്യാറാക്കിയിട്ടുണ്ട്. മൂന്നാർ മേഖലയുടെ സുസ്ഥിര ആസൂത്രിത വികസനം സാധ്യമാകുന്നതിനാവശ്യമായ നിർദ്ദേശങ്ങളും പദ്ധതികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പള്ളിവാസൽ, മാങ്കുളം, മൂന്നാർ, മറയൂർ, കാന്തല്ലൂർ, വട്ടവട, ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി, ദേവികുളം എന്നീ പത്ത് പഞ്ചായത്തുകളടങ്ങുന്ന (ആകെ 1074.81 ച.കി.മീ. വിസ്തൃതി) പ്രദേശത്തെയാണ് പ്രസ്തുത വികസന രൂപരേഖയിൽ മൂന്നാർ മേഖലയായി വേർതിരിച്ചിരിക്കുന്നത്.

പ്രസ്തുത പ്രദേശത്തെ പ്രശ്നങ്ങളും വികസന സാധ്യതകളും, വികസന നയങ്ങളും നിർദ്ദേശങ്ങളും, നിയന്ത്രണങ്ങളുമടങ്ങുന്ന റിപ്പോർട്ട് നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

The Kerala Tourism (Conservation and Preservation area) Ordinance 2005 issued in notification no. 500/leg. A1/2005/Law dated 11-1-2005 പ്രകാരം Special Tourism Zone ആയി ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ വികസന/നിർമ്മാണ പ്രവർത്തനങ്ങൾ ടി ഓർഡിനൻസിലെ സെക്ഷൻ 4 പ്രകാരം രൂപീകരിച്ചിട്ടുള്ള, ചീഫ് ടൗൺപ്ലാനർ അംഗമായിട്ടുള്ള, State Tourism and Preservation Committee-ക്ക് നിയന്ത്രിക്കാവുന്നതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച നടപടികൾ ടൂറിസം വകുപ്പാണ് സ്വീകരിക്കേണ്ടത്.

<u>കെട്ടിട നിർമ്മാണം സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു:</u>

1. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുക. നിർമ്മാണ പ്രവർത്തനത്തിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പരിസ്ഥിതിക്കുതകുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുക.

2. നിർമ്മാണങ്ങൾക്കായി പ്രാദേശികമായി ലഭ്യമാകുന്ന സാധനങ്ങൾ ഉപയോഗിക്കുക, അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക, നിർമ്മാണത്തിനായി പ്രകൃതിയെ ചൂഷണം ചെയ്യുന്ന രീതി ഒഴിവാക്കി പുതിയ നിർമ്മാണ രീതികൾ അവലംബിക്കുക.

3. റോഡ് ടാറിംഗിനായി അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്ന കോൾഡ് മിക്സ് ടെക്നോളജിക്ക് പ്രാമുഖ്യം നൽകുക.

4. ബഹുനില കെട്ടിടങ്ങൾക്കും തേയില തോട്ടങ്ങൾക്കുള്ളിൽ കൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തുക.

5. പുതിയ റിസോർട്ടുകൾക്ക് അംഗീകാരം നൽകാതിരിക്കുക.

6. വനനശീകരണം ഒഴിവാക്കിയുള്ള വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.

<u>അനുബന്ധം II (e)</u>

## വ്യവസായ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019) മൂന്നാറിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് 29-11-2016ൽ നടത്തിയ യോഗത്തിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി:

മൂന്നാർ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് കേരള നിയമസഭയുടെ പരിസ്ഥിതി സമിതി നടത്തിയ സന്ദർശനത്തെത്തുടർന്ന് ചേർന്ന യോഗത്തിലെ നടപടിക്കുറിപ്പുകളുടെ പകർപ്പുകൾ/മിനിട്സ് ലഭ്യമായിട്ടില്ല. എന്നിരുന്നാലും പ്രസ്തുത യോഗത്തിൽ നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഇതോടൊപ്പം ചേർക്കുന്നു:

1. മൂന്നാറും പരിസര പ്രദേശങ്ങളും ഉൾപ്പെടുന്ന കെ.ഡി.എച്ച്. വില്ലേജ് പാരിസ്ഥിതിക ദുർബല പ്രദേശങ്ങളെ സംബന്ധിച്ചുള്ള കരട് വിജ്ഞാപനത്തിൽപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ഇപ്പോൾ ഈ പ്രദേശങ്ങളിൽ പുതിയ ഖനനാനുമതികൾ ഒന്നുംതന്നെ നൽകുന്നില്ല. മാത്രമല്ല കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളനുസരിച്ച് പാരിസ്ഥിതിക ഘടകങ്ങളെക്കൂടി പരിഗണിച്ച മാത്രമേ നിലവിൽ ഖനനം തുടരാനും സാധ്യമാകുകയുള്ളൂ.

2. മൂന്നാറിലെ മണ്ണിടിച്ചിൽ, നദീജല മലിനീകരണം, കാലാവസ്ഥ വ്യതിയാനം എന്നിവ സംബന്ധിച്ച് വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടുകൾ കണക്കിലെടുത്ത് മൂന്നാറിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

3. മൂന്നാറിലെ ഭൂപ്രകൃതിയുടെ ഘടനാപരമായ പ്രത്യേകത കാരണം സാമാന്യം നന്നായി മഴ ലഭിക്കുന്ന സാഹചര്യത്തിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

4. ടൂറിസം മുഖേനയുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വ്യാവസായിക മാലിന്യ നിർമാർജനം സംബന്ധിച്ച് 28-12-2016-ന് ബഹു. വ്യവസായ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി:

വ്യാവസായിക വികസനമെന്നതിനോടൊപ്പം തജ്ജന്യമായ മാലിന്യ നിർമാർജ്ജനമെന്നത് ഒരു സാമൂഹ്യ ബാധ്യതയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ സമൂഹത്തിന്റെ മുഴുവൻ പിന്തുണയും ഉറപ്പാക്കേണ്ടതുമാണ്.

മാലിന്യ സംസ്കരണത്തിന് ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുന്നതിനാൽ സർക്കാരിന് മാത്രം ഫലപ്രദമായി ഇത് കൈകാര്യം ചെയ്യാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെയും സർക്കാരിതര ഏജൻസികളുടെയും സജീവ സഹകരണം അനിവാര്യമാണ്.

സന്നദ്ധ സംഘടനകളുടെയും ഇതര വകുപ്പുകളുടെയും വൻകിട ഉപഭോക്തൃ ഉത്പന്ന നിർമ്മാതാക്കളുടെയും പങ്കാളിത്തവും മറ്റ് വ്യവസായ സ്ഥാപനങ്ങളുടെ സഹകരണവുംവഴി മാലിന്യമുക്ത വ്യവസായവത്കരണം ഉറപ്പുവരുത്തേണ്ടതുണ്ട്. വ്യാവസായികോത്പന്നങ്ങൾ ഉള്ളടക്കം ചെയ്യുന്ന പ്ലാസ്റ്റിക് കുപ്പികൾ, ഭക്ഷണ സാധനങ്ങളുടെ പ്ലാസ്റ്റിക് കവറുകൾ എന്നിവ നിർമ്മാതാക്കൾ തന്നെ തിരികെ സ്വീകരിച്ച് പുനഃചംക്രമണം കർശനമായി നടപ്പിലാക്കാൻ എല്ലാ വ്യവസായ ഉടമകളും പ്രത്യേകിച്ചും വൻകിട വ്യവസായ ഉത്പാദകർ ശ്രദ്ധിക്കേണ്ടതുണ്ട്. കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടവും സ്ഥലസൗകര്യങ്ങളും കണ്ടെത്തി സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്കും ഗ്രാമീണ ജൈവകാർഷിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി സാമൂഹ്യപുരോഗതി നേടിയെടുക്കാനുള്ള ശ്രമങ്ങൾക്കും തുടക്കമിടേണ്ടതുണ്ട്.

13-1-2017-ന് കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ നടക്കുന്ന ഇൻവെസ്റ്റേഴ്സ് മീറ്റ് ഫലപ്രദമായി നടപ്പാക്കാനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മാലിന്യ നിർമ്മാർജ്ജനത്തിനും ശരിയായ പ്രാധാന്യം നൽകണമെന്നും, വ്യവസായ സ്ഥാപനങ്ങൾ ഇതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും വ്യാവസായിക ലൈസൻസുകൾ നൽകുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും തീരുമാനിക്കപ്പെട്ടു.

ഇൻവെസ്റ്റേഴ്സ് മീറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും ഏകോപനത്തിനും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. വാസുകി എന്നിവരെ ഇതിനായി ചുമതലപ്പെടുത്തിക്കൊണ്ട് തീരുമാനമെടുക്കുകയുണ്ടായി. അതോടൊപ്പം മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പുറമേ വ്യവസായ വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും എല്ലാവിധ സഹകരണവും പിന്തുണയും ഈ പരിപാടിയുടെ വിജയത്തിന് ഉണ്ടാവണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ ബോധവത്ക്കരണത്തോടൊപ്പം മറ്റനുബന്ധ പരിപാടികളുടെ മേൽനോട്ടവും ഫലപ്രദമായി നടപ്പാക്കണമെന്നും യോഗത്തിൽ നിർദ്ദേശിച്ചു.

അനുബന്ധം II (f)

## വിനോദസഞ്ചാര വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ട്

ഇടുക്കി ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മൂന്നാർ നേരിടുന്ന പ്രധാന പ്രശ്നമാണ് സംസ്കരിക്കാൻ കഴിയാത്തവിധം കുന്നുകൂടുന്ന മാലിന്യം. ലക്ഷക്കണക്കിന് ടൂറിസ്റ്റുകൾ വർഷംതോറും സന്ദർശനം നടത്തുന്ന മൂന്നാർ ടൗണും പരിസര പ്രദേശങ്ങളും, പ്ലാസ്റ്റിക്ക് മാലിന്യം, ഭക്ഷണമാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, ചെറുകിട-വൻകിട സ്ഥാപനങ്ങളിൽ നിന്നും പുറംതള്ളുന്ന ദ്രാവക രൂപത്തിലുള്ള മാലിന്യങ്ങൾ എന്നിവകൊണ്ട് വൃത്തിഹീനമായിക്കൊണ്ടിരിക്കുന്നു. ഇതുമൂലം വിനോദസഞ്ചാരികളുടെ വരവിന് കുറവുണ്ടാകുകയും ടൂറിസത്തിന് മങ്ങലേൽക്കുകയും ചെയ്തിട്ടുണ്ട്. വൻകിട ഹോട്ടലുകൾ മുതൽ ചെറിയ കടകൾ വരെയുള്ളവർ മാലിന്യം സ്വയം സംസ്കരിക്കാതെ പഞ്ചായത്തിനെയാണ് ഏൽപ്പിക്കുന്നത്. പഞ്ചായത്തിന് താങ്ങാവുന്നതിലും അധികം മാലിന്യം ശേഖരിക്കേണ്ടിവരുമ്പോൾ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പദ്ധതി തന്നെ നിലവിൽ കടുത്ത പ്രതിസന്ധി നേരിടുന്നു. നിലവിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് ദിവസേന ശേഖരിക്കുന്ന മാലിന്യങ്ങൾ മൂന്നാർ ടൗണിൽ നിന്നും 5 കി.മീ. മാറി നല്ലതണ്ണി, കല്ലാർ ഭാഗത്ത് നിക്ഷേപിക്കുകയും അതൊരു കൂറ്റൻ മാലിന്യക്കൂമ്പാരമായി മാറിക്കഴിയുകയും ചെയ്തു. ഒരു ഏക്കർ സ്ഥലം മാലിന്യസംസ്കരണ യൂണിറ്റിനായി TATA-നൽകുകയും ഇപ്പോൾ അത് മാലിന്യം നിക്ഷേപിച്ച് 3 ഏക്കർ വരെ ആകുകയും ചെയ്തിട്ടുണ്ട്. ഇവിടെ മാലിന്യം തരം തിരിക്കാതെ കൂട്ടിയിടുകയും, അവ ഒരുമിച്ച് കത്തിക്കുകയും, കത്തിയതും അവശേഷിക്കുന്നതും എല്ലാം കൂടി മണ്ണിട്ട് മൂടുകയും ചെയ്യുന്നു. ഇതിന്റെ പരിസരത്തു കൂടി ഒഴുകുന്ന നദിയിലേക്ക് ഇവിടെ നിന്നുമുള്ള മാലിന്യം ഒഴുകിയെത്തുന്ന അവസ്ഥയും നിലവിലുണ്ട്. മൂന്നാർ പഞ്ചായത്തിൽ മാലിന്യസംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് ഉള്ള സ്ഥലസൗകര്യം ഉണ്ടായിട്ടും യാതൊരു വിധ നടപടിയും പഞ്ചായത്ത് അധികൃതർ എടുക്കുന്നില്ല. <u>ടി പഞ്ചായത്തിന് ടൂറിസം വകുപ്പിൽ നിന്നും 50 ലക്ഷം രൂപ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ച് നൽകിയതുമാണ്.</u> മൂന്നാർ ടൗൺ മധ്യത്തിലൂടെ ഒഴുകുന്ന മുതിരപ്പുഴയാർ പലവിധ ഹോട്ടലുകളുടെ, ദ്രാവക മാലിന്യങ്ങളാൽ മലിനമായിക്കൊണ്ടിരിക്കുന്നു. ഉറവിട മാലിന്യ സംസ്കരണ പദ്ധതി വളരെ കുറച്ച് ഹോട്ടലുകൾ മാത്രം നടത്തി വരുന്നു. രാത്രി കാലങ്ങളിൽ വനമേഖലകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കും, പ്ലാസ്റ്റിക് മാലിന്യം വന്യമൃഗങ്ങളുടെ ജീവന് ഭീഷണി ആവുകയും ചെയ്യുന്നു. പ്രധാന ടൂറിസം കേന്ദ്രങ്ങളോട് ചേർന്നുള്ള പാതയോര കച്ചവടക്കാർ അവരുടെ കടയിൽ നിന്നുള്ള മാലിന്യങ്ങൾ അവിടെ തന്നെ ഉപേക്ഷിക്കുന്നു. പ്രത്യേക ദിവസങ്ങളിൽ ചെറുകിട കച്ചവടക്കാർ നിയന്ത്രിക്കാവുന്നതിലും അധികമായി വരുന്നു. മൂന്നാറിലെ മാലിന്യ പ്രശ്നം ഇതുവരെ ശാശ്വതമായി പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നമായി ഇപ്പോഴും നിലനിൽക്കുന്നു. ഇതുപോലെ തന്നെ നിരവധി

കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണവും നിരവധി കയ്യേറ്റങ്ങളും പരിസ്ഥിതിക്ക് യോജിക്കാത്ത കെട്ടിടനിർമ്മാണ രീതിയും മൂന്നാറിന്റെ കാലാവസ്ഥാ മാറ്റത്തിനും കാരണമായി.

തൊട്ടടുത്ത പഞ്ചായത്തായ ദേവികുളം ഗ്രാമപഞ്ചായത്തും മാലിന്യ സംസ്കരണത്തിൽ പരാജയപ്പെടുന്നു. സ്ഥല പരിമിതി ഇതിനു പ്രധാന കാരണമാകുന്നു. ടി പഞ്ചായത്തും ശേഖരിക്കുന്ന മാലിന്യങ്ങൾ മാട്ടുപെട്ടിയിൽനിന്നും 3 കിലോമീറ്റർ മാറി കുറ്റിയാർ വാലി എന്ന സ്ഥലത്ത് വേർതിരിക്കാതെ നിക്ഷേപിക്കുന്നു. ടി പഞ്ചായത്തിന് ടൂറിസം വകുപ്പിൽനിന്നും 38 ലക്ഷം രൂപ മാലിന്യസംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ചു നൽകിയതുമാണ്. ഇവിടെയും എല്ലാത്തരം മാലിന്യങ്ങളും വേർതിരിക്കാതെ കുന്നുകൂട്ടി ഒരു ഭാഗം കത്തിക്കുകയും കത്തിയതും അല്ലാത്തതും ഉൾപ്പെടെ മണ്ണിട്ട് മൂടുകയും ചെയ്യുന്നു. കൂടാതെ മൂന്നാർ ഉൾപ്പെടെയുള്ള 8 ഡെസ്റ്റിനേഷനുകളിലെ ഖരമാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനായി ടൂറിസം വകുപ്പിന് 70 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

## പാരിസ്ഥിതിക പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ

മൂന്നാറിന്റെ മാലിന്യ പ്രശ്നങ്ങളുടെ പരിഹാരത്തിനായി എല്ലാവിധ ഹോട്ടൽ, റിസോർട്ട്, ഹോംസ്റ്റേ എന്നീ സ്ഥാപനങ്ങൾക്ക് മാലിന്യ ഉറവിട സംസ്കരണ യൂണിറ്റുകൾ അതായത് incinerator, ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് എന്നിവ അവരവരുടെ കോമ്പൗണ്ടിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നിർബന്ധമാക്കാൻ നിർദ്ദേശിക്കുകയും അവ വേണ്ട വിധത്തിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് എതിരെ Licensing Agency നിയമപരമായി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ ബോധവത്ക്കരണ ക്ലാസുകൾ, ലീഫ്‌ലെറ്റ് വിതരണം എന്നിവ എല്ലാത്തരം ആളുകൾക്കും മനസിലാകുംവിധം നടപ്പിലാക്കുക. ഇതിനായി ശുചിത്വമിഷൻ, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവരുടെ സഹകരണം ഉറപ്പുവരുത്തുക.

മുതിരപ്പുഴയാറിന്റെ സംരക്ഷണം ഉറപ്പുവരുത്തുക, മുതിരപ്പുഴയാറിലേക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്ക് എതിരെ കർശന നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിക്കുക.

മൂന്നാർ പ്രദേശങ്ങളിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്ത് സ്വീകരിക്കുകയും അവ കൃത്യമായി സംസ്കരിക്കുകയും ചെയ്യുക.

പഞ്ചായത്തിന്റെ കൈവശം നിലവിലുള്ള 2 ഏക്കറിന് മുകളിൽ വരുന്ന സ്ഥലത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് എത്രയുംവേഗം സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിക്കുക.

ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമായ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് മറ്റ് ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ, റീസൈക്ലിംഗ് യൂണിറ്റ് ഇവ പഞ്ചായത്തിന്റെ അനുയോജ്യമായ സ്ഥലത്ത് സ്ഥാപിച്ച് മാലിന്യസംസ്കരണം ഊർജ്ജിതമാക്കുക.

വഴിയോര കച്ചവടക്കാരും വിനോദസഞ്ചാരികളും മാലിന്യങ്ങൾ നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിനുവേണ്ടിയുള്ള സൂചനാ ബോർഡുകളും വേസ്റ്റ് ബിന്നുകളും സ്ഥാപിക്കുകയും ചെയ്യുക.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള ഡെസ്റ്റിനേഷൻ സൂപ്പർവൈസർമാരെ പഞ്ചായത്ത്, ഡിറ്റിപിസി, ഫോറസ്റ്റ്, കെ.എസ്.ഇ.ബി. എന്നീ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കുക.

പുതിയ വൻകിട കെട്ടിടങ്ങൾക്ക് പാരിസ്ഥിതിക പ്രശ്നം കണക്കിലെടുത്ത് അനുമതി നൽകാതിരിക്കുക, പകരം ചെറിയ കോട്ടേജുകൾക്കായി നിയമാനുസൃത അനുമതി നൽകുക.

ടൂറിസം ഡെസ്റ്റിനേഷനുകളിൽ ചെറിയ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുകയും ആദ്യഘട്ടത്തിൽ പ്ലാസ്റ്റിക് രഹിത ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുകയും ചെയ്യുക.

ടൗൺ, പരിസര പ്രദേശങ്ങൾ, ടൂറിസം ഡെസ്റ്റിനേഷനുകൾ എന്നിവിടങ്ങളിൽ ആവശ്യത്തിന് പ്ലാസ്റ്റിക്, ജൈവ എന്നിവ തരംതിരിച്ചുള്ള മാലിന്യ നിക്ഷേപ ബോക്സുകൾ സ്ഥാപിക്കുക.

ഗ്രാമപഞ്ചായത്ത് ഘട്ടംഘട്ടമായി പ്ലാസ്റ്റിക് നിരോധനം പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുക.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.